# പതിനഞ്ചാം കേരള നിയമസഭ

## ആറാം സമ്മേളനം

2022 ഓഗസ്റ്റ് 23, ചൊവ്വ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--411]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| മുഖ്യമന്ത്രി | : 1 മുതൽ 170 വരെ |
| ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി | : 171 മുതൽ 283 വരെ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി | : 284 മുതൽ 317 വരെ |
| തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി | : 318 മുതൽ 411 വരെ |

**<u>ഉക്രൈനിൽ നിന്നും മടങ്ങേണ്ടി വന്ന മെഡിക്കൽ വിദ്യാർത്ഥികളുടെ തുടർ പഠനം</u>**

1 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉക്രൈൻ-റഷ്യ യുദ്ധത്തിന്റെ ഭാഗമായി സംസ്ഥാനത്തിലെ നിരവധി മെഡിക്കൽ വിദ്യാർത്ഥികളുടെ പഠനം മുടങ്ങുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത്തരം വിദ്യാർത്ഥികൾക്ക് തുടർ പഠനത്തിന് സഹായം ചെയ്തു കൊടുക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത വിദ്യാർത്ഥികൾക്ക് മറ്റു രാജ്യങ്ങളിൽ പഠിക്കുവാൻ കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ട് സഹായങ്ങൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

**<u>കേരള തീരദേശ പരിപാലന അതോറിറ്റി</u>**

2 **ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോസ്റ്റൽ റെഗുലേഷൻ സോൺ (CRZ) II മേഖലയിൽ തൃശ്ശൂർ ജില്ലാതല കമ്മിറ്റി 08.11.2021 വരെ നിർമ്മാണം പൂർത്തിയാക്കിയ 250 ച.മീ. വരെ വിസ്തൃതിയുള്ള എത്ര വാസഗൃഹങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ടെന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) ഗുരുവായൂർ നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളിലെയും നഗരസഭകളിലെയും സെക്രട്ടറിമാർ തീരദേശ പരിപാലന അതോറിറ്റിയുടെ സംസ്ഥാന ഓഫീസിലും ജില്ലാ ഓഫീസിലും അംഗീകാരത്തിനായി സമർപ്പിച്ച അപേക്ഷകളുടെ വിശദവിവരം ലഭ്യമാക്കാമോ?

## ഇ-ഓഫീസ് സംവിധാനം മെച്ചപ്പെടുത്തുന്നതിന് നടപടി

3 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഓഫീസ് സംവിധാനത്തിൽ 2022 ജനുവരി മാസം നടത്തിയ അപ്ഡേഷനുശേഷം സിറ്റിസൺ പോർട്ടലിലും മറ്റും മുൻപ് ലഭിച്ചുകൊണ്ടിരുന്ന സേവനങ്ങൾ കൂടി ലഭിക്കാത്ത സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇ-ഓഫീസ് സംവിധാനം മെച്ചപ്പെടുന്നതിന് പകരം, മുൻപ് ലഭിച്ചുകൊണ്ടിരുന്ന സേവനങ്ങൾ പോലും ലഭിക്കാത്ത സ്ഥിതി ഉണ്ടായത് എന്തുകൊണ്ടാണെന്നറിയിക്കുമോ;

(സി) പോർട്ടലിന്റെ വേഗതയും കാര്യക്ഷമതയും വർദ്ധിപ്പിച്ച് സേവനങ്ങൾ സമയബന്ധിതമായി ലഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടി

4 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ സ്വീകരിച്ച നടപടി എത്രത്തോളം ഫലപ്രാപ്തിയിൽ എത്തിയിട്ടുണ്ടെന്ന പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

## ഒരു ലക്ഷം തൊഴിൽ പദ്ധതി

5 **ശ്രീ. എ.എൻ.ഷംസീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ലക്ഷം തൊഴിൽ സൃഷ്ടിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എങ്ങനെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ചെറുകിട സൂക്ഷ്മ ഇടത്തരം വ്യവസായങ്ങൾ തുടങ്ങുന്നതിനായി അടുത്ത അഞ്ച് വർഷം ബാങ്ക് വായ്പ വഴി എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം ഓരോ സാമ്പത്തിക വർഷവും കൂടുതൽ വായ്പ നൽകുന്ന ബാങ്കിന് മികച്ച ബാങ്കിനുള്ള അവാർഡ് നൽകുന്ന കാര്യം പരിഗണനയിലുണ്ടോ?

## മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെൽ കാര്യക്ഷമമാക്കാൻ നടപടി

6 **ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സെല്ലിലേക്ക് അയക്കുന്ന അപേക്ഷകളിന്മേൽ സമയ ബന്ധിതമായി തീർപ്പുകല്പിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പരാതികളിന്മേൽ തീർപ്പുകല്പിച്ചുകൊണ്ടുള്ള തീരുമാനം അപേക്ഷകരെ അറിയിക്കാറുണ്ടോ; പലപ്പോഴും അപേക്ഷകർക്ക് വിവരം ലഭിക്കുന്നില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## സംസ്ഥാനത്തിനോടുള്ള കേന്ദ്ര സർക്കാരിന്റെ വിവേചനം

7 **ശ്രീ. എം. എം. മണി**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫെഡറൽ സംവിധാനത്തിൽ സംസ്ഥാന വികസനത്തിനാവശ്യമായ പിന്തുണ നൽകേണ്ടതിനുപകരം സംസ്ഥാനത്തിന് അർഹമായ വിഹിതം നിഷേധിക്കുകയും സംസ്ഥാനം ഏറ്റെടുക്കുന്ന വൻകിട പദ്ധതികൾ തടയാൻ ശ്രമിക്കുകയും ചെയ്യുന്നതായി പറയപ്പെടുന്ന കേന്ദ്ര സർക്കാരിന്റെ വിവേചനം തിരുത്തണമെന്ന് പ്രധാന മന്ത്രിയോട് നേരിട്ട് ആവശ്യപ്പെടുമോ എന്ന് വ്യക്തമാക്കുമോ;

(ബി) സിൽവർ ലൈൻ ഉൾപ്പെടെയുള്ള സംസ്ഥാന പദ്ധതികൾക്ക് തടയിടാൻ ചില കേന്ദ്ര സഹമന്ത്രിമാർ നടത്തുന്ന ഇടപെടൽ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്ന കാര്യം പരിശോധിക്കുമോ;

(സി) സംസ്ഥാനത്തെ എം.പി. മാരിൽ മഹാഭൂരിപക്ഷവും പാർലമെന്റിൽ സംസ്ഥാന വികസന താത്പര്യത്തിന് വിരുദ്ധമായ നിലപാട് സ്വീകരിക്കുന്നുണ്ടെന്ന് പറയപ്പെടുന്ന സാഹചര്യത്തിൽ സംസ്ഥാന വികസനത്തിനനുഗുണമാകുന്ന തരത്തിൽ ഒറ്റക്കെട്ടായി നിൽക്കാൻ സംസ്ഥാന സർക്കാർ അവരോട് ആവശ്യപ്പെടുമോ?

## വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപനം

8 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങളുടെ സമയബന്ധിതമായ നടത്തിപ്പിന് വിവിധ സർക്കാർ വകുപ്പുകൾ തമ്മിലുള്ള തർക്കങ്ങളും ഏകോപനമില്ലായ്മയും കാരണമാവുന്നുണ്ട് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വിവിധ വകുപ്പുകളുടെ ഏകോപനത്തിനുമായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുന്നതെന്ന് അറിയിക്കുമോ?

## ഫയൽ തീർപ്പാക്കൽ യജ്ഞം

9 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ഫയൽ തീർപ്പാക്കൽ യജ്ഞത്തിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിൽ എത്ര ഫയലുകൾ തീർപ്പാക്കി എന്ന് വകുപ്പുകൾ തിരിച്ച് വ്യക്തമാക്കുമോ?

## ന്യൂനപക്ഷ വകുപ്പിന്റെ കീഴിലെ പുതിയ കോച്ചിംഗ് സെന്ററുകൾ

10 **ശ്രീ എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവീസ് കമ്മീഷൻ, യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ എന്നിവ നടത്തുന്ന പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന ഉദ്യോഗാർത്ഥികൾക്കായി ന്യൂനപക്ഷ വകുപ്പിന്റെ കീഴിൽ പുതിയ കോച്ചിംഗ് സെന്ററുകൾ ആരംഭിക്കാൻ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

## കെ. ഫോൺ പദ്ധതി

11 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ഏതെല്ലാം സർക്കാർ ഓഫീസുകളിലാണ് കെ. ഫോൺ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പൊതുജനങ്ങൾക്ക് കെ. ഫോൺ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കുമോ; വിശദാംശം നൽകാമോ?

## ഷാർജ ഭരണാധികാരിയുമായുള്ള കൂടിക്കാഴ്ച

12 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഡി.ലിറ്റ് ബിരുദം സ്വീകരിക്കാനായി സംസ്ഥാനത്ത് എത്തിയ ഷാർജ ഭരണാധികാരിയുടെ യാത്രകൾ സംബന്ധിച്ച അംഗീകൃത റൂട്ട് മാപ്പിന് വിരുദ്ധമായി അദ്ദേഹത്തെ ക്ലിഫ് ഹൗസിൽ എത്തിച്ച് മുഖ്യമന്ത്രിയും കുടുംബവുമായി കൂടിക്കാഴ്ച നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ദിവസം ഏത് സമയത്താണ് അപ്രകാരം ഒരു കൂടിക്കാഴ്ച നടന്നതെന്ന് വ്യക്തമാക്കുമോ;

(ബി) മേൽപ്പറഞ്ഞ കൂടിക്കാഴ്ച് കേന്ദ്ര വിദേശകാര്യമന്ത്രാലയത്തെയും ആഭ്യന്തരമന്ത്രാലയത്തെയും മുൻകൂട്ടി അറിയിച്ചിരുന്നോ; കേന്ദ്രസർക്കാർ പ്രസ്തുത കൂടിക്കാഴ്ചയ്ക്ക് അനുമതി നൽകിയിരുന്നോ; വിശദാംശം നൽകാമോ ?

## പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രിയുടെ ശമ്പളം

13 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്ക് അനുവദിച്ച ശമ്പളം, അലവൻസുകൾ, യാത്രാബത്ത, മറ്റ് ആനുകൂല്യങ്ങൾ എന്നിവ ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിന്റെ ശമ്പളമടക്കമുള്ള വിവരങ്ങൾ, വാഹന സൗകര്യങ്ങൾ, മറ്റ് ആനുകൂല്യങ്ങൾ എന്നിവ ഇനം തിരിച്ച് വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രിയുടെ ഔദ്യോഗിക വസതിയിൽ നിയമിതരായിട്ടുള്ള

സ്റ്റാഫിന്റെ ശമ്പളമടക്കമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

**യു.എ.ഇ. കോൺസുലേറ്റ് ജനറലുമായുള്ള കൂടിക്കാഴ്ച**

14 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2020 കാലയളവിൽ യു.എ.ഇ. കോൺസുലേറ്റ് ജനറൽ മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയായ ക്ലിഫ് ഹൗസിൽ വച്ച് അദ്ദേഹവുമായി കൂടിക്കാഴ്ച നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തവണ കൂടിക്കാഴ്ച നടത്തിയിട്ടുണ്ട്; ഏതൊക്കെ ദിവസങ്ങളിൽ ഏതൊക്കെ സമയത്താണ് കൂടിക്കാഴ്ച നടത്തിയത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കൂടിക്കാഴ്ചകൾക്ക് വിദേശകാര്യമന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ടായിരുന്നോ; ഉണ്ടെങ്കിൽ അത് സംബന്ധിച്ച വിശദാംശം നൽകാമോ ;

(സി) മേൽപ്പറഞ്ഞ കൂടിക്കാഴ്ച ഔദ്യോഗിക കൂടിക്കാഴ്ച ആയിരുന്നോ; ആണെങ്കിൽ ഏതൊക്കെ വിഷയങ്ങളാണ് ചർച്ച ചെയ്തതെന്നും എന്തൊക്കെ തീരുമാനങ്ങളാണ് കൈക്കൊണ്ടതെന്നും വ്യക്തമാക്കുമോ?

**ഷാർജ ഭരണാധികാരിയുടെ കേരള സന്ദർശനം**

15 **ശ്രീ . എൻ . ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഷാർജ ഭരണാധികാരി സംസ്ഥാനം സന്ദർശിച്ചത് എന്നായിരുന്നു; ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) അദ്ദേഹത്തിന്റെ കേരളത്തിലെ ഔദ്യോഗിക പരിപാടികൾ എന്തെല്ലാമായിരുന്നു; പ്രസ്തുത പരിപാടികൾ തയ്യാറാക്കിയത് ആരാണ്; അദ്ദേഹം പങ്കെടുത്ത എല്ലാ പരിപാടികളുടെയും വിശദാംശം നൽകുമോ;

(സി) ഷാർജ ഭരണാധികാരിയുടെ നേരത്തെ തയ്യാറാക്കിയ ഔദ്യോഗിക പരിപാടികളിൽ ഉൾപ്പെടുത്താത്ത ക്ലിഫ്ഹൗസ് സന്ദർശനം ഉൾപ്പെടുത്തി അദ്ദേഹത്തിന്റെ പരിപാടികളിൽ മാറ്റം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

**ഷാർജ ഭരണാധികാരിയുടെ കേരള സന്ദർശനം**

16 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഡി. ലിറ്റ് ബിരുദം സ്വീകരിക്കുന്നതിനായി സംസ്ഥാനത്ത് എത്തിയ ഷാർജ ഭരണാധികാരിയുടെ യാത്ര സംബന്ധിച്ച അംഗീകൃത റൂട്ട് മാപ്പിന്റെയും അനുബന്ധ രേഖകളുടെയും പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഷാർജ ഭരണാധികാരിയുടെ പ്രസ്തുത യാത്രയുടെ ചുമതല കേരള പോലീസിലെ ഏത് ഉദ്യോഗസ്ഥനായിരുന്നു എന്ന് വ്യക്തമാക്കുമോ; ഷാർജ ഭരണാധികാരിയുടെ അംഗീകൃത റൂട്ട് മാപ്പിന് വിരുദ്ധമായി അദ്ദേഹത്തെ ക്ലിഫ് ഹൗസിൽ എത്തിച്ചുവെന്ന

ആരോപണത്തിന്മേൽ അന്വേഷണം നടത്തിയിരുന്നോ; നിജസ്ഥിതി വ്യക്തമാക്കുമോ;

(സി) ഷാർജ ഭരണാധികാരിയുടെ റൂട്ട് മാപ്പ് മാറ്റിയത് സംബന്ധിച്ച് മേല്പറഞ്ഞ ഉദ്യോഗസ്ഥനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

## ചീഫ് വിപ്പിന്റെ ഓഫീസ് വിവരങ്ങൾ

17 **ശ്രീ. സനീഷ്‌കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചീഫ് വിപ്പിന് അനുവദിച്ച ശമ്പളം, മാസം തോറും അനുവദിച്ച അലവൻസുകൾ, യാത്രാബത്ത, മറ്റ് ആനുകൂല്യങ്ങൾ എന്നിവ ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) സർക്കാർ ചീഫ് വിപ്പിന്റെ ഓഫീസിൽ നിയമിതരായിട്ടുള്ള പേഴ്‌സണൽ സ്റ്റാഫിന്റെ ശമ്പളമടക്കമുള്ള വിവരങ്ങൾ, വാഹന സൗകര്യങ്ങൾ, മറ്റ് ആനുകൂല്യങ്ങൾ എന്നിവ ഇനം തിരിച്ച് വിശദമാക്കാമോ;

(സി) ചീഫ് വിപ്പിന്റെ ഔദ്യോഗിക ചുമതലകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## മന്ത്രിമാരുടെ ഓഫീസ്- വസതി വിവരങ്ങൾ

18 **ശ്രീ. ടി.സിദ്ദിഖ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മന്ത്രിമാർക്ക് അനുവദിച്ച ശമ്പളം, മാസം തോറും അനുവദിച്ച അലവൻസുകൾ, യാത്രാബത്ത, മറ്റ് ആനുകൂല്യങ്ങൾ എന്നിവ ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) മന്ത്രിമാരുടെ ഓഫീസിൽ നിയമിതരായിട്ടുള്ള പേഴ്‌സണൽ സ്റ്റാഫിന്റെ ശമ്പളമടക്കമുള്ള വിവരങ്ങൾ, വാഹന സൗകര്യങ്ങൾ, മറ്റ് ആനുകൂല്യങ്ങൾ എന്നിവ ഇനം തിരിച്ച് വിശദമാക്കാമോ;

(സി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മന്ത്രിമാരുടെ ഔദ്യോഗിക വസതികളിൽ നിയമിതരായിട്ടുള്ള സ്റ്റാഫിന്റെ ശമ്പളമടക്കമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

## മുഖ്യമന്ത്രിയുടെ ഓഫീസ് - വസതി വിവരങ്ങൾ

19 **ശ്രീ. റോജി എം. ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മുഖ്യമന്ത്രിയ്ക്ക് അനുവദിച്ച ശമ്പളം, അലവൻസുകൾ, യാത്രാബത്ത, മറ്റ് ആനുകൂല്യങ്ങൾ എന്നിവ ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) മുഖ്യമന്ത്രിയുടെ ഓഫീസിൽ നിയമിതരായിട്ടുള്ള പേഴ്‌സണൽ സ്റ്റാഫിന്റെ ശമ്പളമടക്കമുള്ള വിവരങ്ങൾ, വാഹന സൗകര്യങ്ങൾ, മറ്റ് ആനുകൂല്യങ്ങൾ എന്നിവ ഇനം തിരിച്ച് വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയിൽ നിയമിതരായിട്ടുള്ള സ്റ്റാഫിന്റെ ശമ്പളമടക്കമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

## ഫിസിയോ തെറാപ്പിസ്റ്റ് തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി

20 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫിസിയോ തെറാപ്പിസ്റ്റ് തസ്തികകൾ സൃഷ്ടിക്കണമെന്ന് അഭ്യർത്ഥിച്ച് ശ്രീ. സുജിത്ത് എസ്., ചിത്തിര, എസ്.എൽ.പുരം, ആലപ്പുഴ എന്നയാൾ മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ അപേക്ഷ നൽകിയിരുന്നോ; വ്യക്തമാക്കാമോ;

(ബി) ഡോക്കറ്റ് നമ്പർ ജി.210707139 ആയി സ്വീകരിച്ച പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് ഫിസിയാട്രിസ്റ്റിന്റെ സേവനം ലഭ്യമായിട്ടുള്ളതും എന്നാൽ ഫിസിയോ തെറാപ്പിസ്റ്റിന്റെ തസ്തിക നിലവിൽ ഇല്ലാത്തതുമായ ആശുപത്രികളിൽ ഫിസിയോ തെറാപ്പിസ്റ്റിന്റെ തസ്തിക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ആരോഗ്യവകുപ്പ് ഡയറക്ടർ മുഖേന സെക്രട്ടേറിയറ്റിലേക്ക് നൽകിയ പ്രൊപ്പോസലിന്മേൽ (സൂചന നമ്പർ പി.എൽ.എ.-4 50200/2021/ആരോഗ്യ വകുപ്പ് ഡയറക്ടർ, തീയതി 04.05.2022) സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ ലഭിച്ച പരാതി പരിഹരിച്ചു എന്ന് അപേക്ഷകന് മറുപടി ലഭിച്ചിട്ടും തസ്തിക സൃഷ്ടിക്കൽ വൈകുന്നത് പരിശോധിക്കുമോ?

## ഗവ. സെക്രട്ടേറിയറ്റിൽ നിർത്തലാക്കിയതും പുതുതായി സൃഷ്ടിച്ചതുമായ തസ്തികകൾ

21 **ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് ഗവ. സെക്രട്ടേറിയറ്റിൽ പൊതുഭരണം, ധനകാര്യം, നിയമം എന്നീ വകുപ്പുകളിലെ ഓരോ കാറ്റഗറിയിലും എത്ര തസ്തികകൾ വീതം നിർത്തലാക്കി; ഏതെല്ലാം; വിശദവിവരം ലഭ്യമാക്കുമോ;

(ബി) മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് ഗവ. സെക്രട്ടേറിയറ്റിൽ പൊതുഭരണം, ധനകാര്യം, നിയമം എന്നീ വകുപ്പുകളിൽ പുതുതായി ഓരോ കാറ്റഗറിയിലും എത്ര തസ്തികകൾ വീതം സൃഷ്ടിച്ചു; ഏതെല്ലാം; വിശദവിവരം ലഭ്യമാക്കുമോ;

(സി) ഗവ. സെക്രട്ടേറിയറ്റിൽ പൊതുഭരണം, ധനകാര്യം, നിയമം എന്നീ വകുപ്പുകളിൽ ഓരോ കാറ്റഗറിയിലും എത്ര ഒഴിവുകൾ വീതം നിലവിലുണ്ട്; വിശദവിവരം ലഭ്യമാക്കുമോ?

## സർക്കാർ വകുപ്പുകൾക്ക് അനുവദിച്ച് നൽകിയ തസ്തികകൾ

22 **ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി

നൽകുമോ:

(എ) 2000 ജനുവരി മുതൽ 2022 ജൂലായ് വരെയുള്ള കാലയളവിൽ ഗവ: സെക്രട്ടറിയേറ്റിൽ പൊതുഭരണ വകുപ്പ്, ഫിനാൻസ് സെക്രട്ടറിയേറ്റ് എന്നിവിടങ്ങളിലും സംസ്ഥാന ആഡിറ്റ് വകുപ്പ് , അഡ്വക്കേറ്റ് ജനറൽ ഓഫീസ്, കേരള പബ്ലിക് സർവീസ് കമ്മീഷൻ എന്നിവിടങ്ങളിലും സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച് നൽകിയ തസ്തികകൾ സംബന്ധിച്ച വിശദാംശം പട്ടിക തിരിച്ച് നൽകാമോ;

(ബി) പ്രസ്തുത വകുപ്പുകൾ/സ്ഥാപനങ്ങൾക്ക് തസ്തികകൾ അനുവദിക്കുന്നതിനുള്ള നടപടിക്രമം വിശദമാക്കാമോ;

(സി) മേല്പറഞ്ഞവയിൽ ഏതൊക്കെ വകുപ്പുകൾ/സ്ഥാപനങ്ങളിൽ നിന്നും തസ്തികകൾ അനുവദിച്ച് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള എത്ര പ്രപ്പോസലുകൾ നിലവിൽ പരിഗണനയിലുണ്ട്; ആയത് സംബന്ധിച്ച വിശദാംശം നൽകാമോ?

## അധിക തസ്തികകൾ സൃഷ്ടിക്കൽ

23 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ആകെയുള്ള സർക്കാർ ജീവനക്കാരുടെ എണ്ണവും തസ്തികയും സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കാമോ?

## നെടുമങ്ങാട്, കാട്ടാക്കട താലൂക്കുകളിലെ സർക്കാർ ഓഫീസുകൾ

24 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട്, കാട്ടാക്കട താലൂക്കുകളിൽ പുതുതായി ആരംഭിക്കുന്ന സർക്കാർ ഓഫീസുകളുടെയും സ്ഥാപനങ്ങളുടെയും പേര് വിവരം ലഭ്യമാക്കാമോ;

(ബി) 2014-ൽ രൂപീകൃതമായ കാട്ടാക്കട താലൂക്ക് പരിധിയിലും, കാട്ടാക്കട മിനി സിവിൽ സ്റ്റേഷനിലും ഏതെല്ലാം സർക്കാർ ഓഫീസുകളും സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ടെന്ന വിവരം തരംതിരിച്ച് ലഭ്യമാക്കാമോ?

## കാസർഗോഡ് ജില്ലാ പി.എസ്.സി. ഓഫീസിന് സ്വന്തമായി കെട്ടിടം

25 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലാ പി.എസ്.സി. ഓഫീസ് വാടക കെട്ടിടത്തിലാണോ നിലവിൽ പ്രവർത്തിക്കുന്നത്; വിശദാംശം അറിയിക്കാമോ;

(ബി) പ്രസ്തുത പി.എസ്.സി. ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമായിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) ലഭ്യമായിട്ടുണ്ടെങ്കിൽ പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

## സർക്കാർ ഓഫീസുകളിലെ ലാസ്റ്റ് ഗ്രേഡ് തസ്തിക ഒഴിവാക്കൽ

26 **ഡോ. എം.കെ . മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഓഫീസ് സംവിധാനം നിലവിൽ വന്നതോടെ സർക്കാർ ഓഫീസുകളിലെ ലാസ്റ്റ് ഗ്രേഡ് തസ്തികകൾ ഒഴിവാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ എത്ര തസ്തികകളാണ് ഇല്ലാതാകുന്നത്;

(സി) ഇതുമൂലം സർക്കാരിനുണ്ടാകുന്ന ലാഭം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ?

## സർക്കാർ സർവ്വീസിലെ പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യം

27 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് മുതൽ നാളിതുവരെ സംസ്ഥാന സർക്കാർ സർവ്വീസിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട എത്രപേർക്ക് ജോലി ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ സർവ്വീസിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രാതിനിധ്യം, സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഉൾപ്പെടെയുള്ള നടപടികൾ എന്നിവ പരിശോധിച്ച് നടപടി സ്വീകരിക്കുന്ന സെൽ ഏതാണ്; എത്ര ഉദ്യോഗസ്ഥരാണ് പ്രസ്തുത സെല്ലിൽ ജോലി ചെയ്യുന്നത്; അവരുടെ തസ്തിക വിശദമാക്കാമോ;

(സി) പ്രസ്തുത സെല്ലിന്റെ പരിശോധനയിൽ വിവിധ വകുപ്പുകളിൽ പട്ടികജാതി-പട്ടികവർഗ്ഗ പ്രാതിനിധ്യം കുറഞ്ഞത് എത്രയെണ്ണമാണെന്നും ഏതൊക്കെ വകുപ്പുകളിൽ എത്ര എണ്ണം വീതമാണെന്നും വ്യക്തമാക്കാമോ?

## കാസർഗോഡ് ജില്ല-ഫയൽ അദാലത്ത്

28 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിൽ കെട്ടികിടക്കുന്ന ഫയലുകൾ തീർപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാസർഗോഡ് ജില്ലയിലെ വിവിധ വകുപ്പുകളിൽ എത്ര ഫയലുകളിന്മേലുള്ള നടപടി അദാലത്തുകൾ വഴി തീർപ്പാക്കി എന്ന് വ്യക്തമാക്കാമോ;

(സി) ഓരോ വകുപ്പുകളിലും എത്ര ഫയലുകൾ ഇനി തീർപ്പാക്കാനുണ്ടെന്ന് അറിയിക്കാമോ?

## സിവിൽ സർവ്വീസ് മെച്ചപ്പെടുത്താൻ നടപടി

29 **ശ്രീ എൻ എ നെല്ലിക്കുന്ന്**

**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ എ കെ എം അഷ്റഫ്**
**ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചില സർക്കാർ വകുപ്പുകളിൽ കൈക്കൂലി വാങ്ങുന്നതായും അഴിമതി നടത്തുന്നതായും കണ്ടെത്തിയിട്ടുണ്ടോ;

(ബി) സിവിൽ സർവ്വീസ് മെച്ചപ്പെടുത്തുന്നതിനായി സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് നിർബന്ധിത പരിശീലനം നൽകുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) സിവിൽ സർവ്വീസ് ജനോപകാരപ്രദമാക്കുന്നതിനുവേണ്ടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

## <u>സർക്കാർ സർവ്വീസിലെ ഒഴിവുകൾ</u>

30 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ ഏതെങ്കിലും ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയിട്ടുണ്ടോ; ഇത്തരത്തിൽ വീഴ്ചവരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ?

## <u>ഫയലുകൾ തീർപ്പാക്കാൻ അടിയന്തര നടപടി</u>

31 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര ഉപതെരഞ്ഞെടുപ്പിന് മുഖ്യമന്ത്രിയും മന്ത്രിമാരും എത്ര ദിവസമാണ് എറണാകുളം ജില്ലയിൽ ക്യാമ്പ് ചെയ്ത് പ്രചരണം നടത്തിയത്;

(ബി) സെക്രട്ടേറിയറ്റിൽ മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും ഓഫീസുകളിൽ എത്ര ഫയലുകളാണ് തീർപ്പാക്കാതെയുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) തൃക്കാക്കര ഉപതെരഞ്ഞെടുപ്പ് കാലത്തു മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും സെക്രട്ടേറിയറ്റിൽ ഇല്ലാതിരുന്നതുമൂലം ഫയലുകൾ തീർപ്പാകാതെ കിടക്കുന്നു എന്ന ആക്ഷേപത്തിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ;

(ഡി) ഫയലുകൾ തീർപ്പാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>സെക്രട്ടേറിയറ്റ് ജീവനക്കാരുടെ സ്ഥലമാറ്റം</u>

32 **ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് ജീവനക്കാരുടെ സ്ഥലംമാറ്റങ്ങൾക്കായി പുറപ്പെടുവിച്ച ജി.ഒ.(എം.എസ്.)52/2022/ജി.എ.ഡി. ഉത്തരവ് പ്രകാരമാണോ ഇപ്പോൾ സ്ഥലംമാറ്റങ്ങൾ നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവിലെ മാനദണ്ഡ പ്രകാരം ഒരു സീറ്റിൽ പരമാവധി തുടരാവുന്ന

കാലയളവ് കഴിഞ്ഞും തുടരുന്ന ഉദ്യോഗസ്ഥരുടെ പേരുവിവരം, തസ്തികകൾ, കാലയളവ് എന്നിവ ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഉത്തരവിലെ മാനദണ്ഡങ്ങൾ പ്രകാരം കാലാവധി പൂർത്തിയാക്കിയതും പരാമർശ ഉത്തരവ് പ്രകാരം സ്ഥലം മാറ്റം നൽകിയതുമായ ജീവനക്കാരുടെ തസ്തികകളും പേരുവിവരവും ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത ഉത്തരവ് പ്രകാരമുള്ള സ്ഥലംമാറ്റത്തിന് ഓൺലൈൻ അപേക്ഷ ക്ഷണിക്കുന്നതിന് നടപടി സ്വീകരിക്കുമോ; പ്രസ്തുത ഉത്തരവിലെ 6-ാമത്തെ ഖണ്ഡിക പ്രകാരം സ്ഥലംമാറ്റത്തിനായി എത്ര ജീവനക്കാർ അപേക്ഷ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത ഉത്തരവ് പ്രകാരം കാലാവധി പൂർത്തിയാക്കിയിട്ടും സ്ഥലംമാറ്റം ലഭിക്കാത്ത ജീവനക്കാരെ, സ്ഥലംമാറ്റത്തിനുള്ള സീനിയോറിറ്റി പരിഗണിക്കാതെ സ്ഥലം മാറ്റുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സീനിയോറിറ്റി പരിഗണിച്ച് സ്ഥലം മാറ്റം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(എഫ്) ഓരോ തസ്തികയിലും ജോലി ചെയ്തുവരുന്ന ജീവനക്കാരുടെ പേര്, തസ്തിക, ഇപ്പോഴുള്ള സീറ്റിൽ തുടർന്നുവരുന്ന കാലയളവ് എന്നിവ തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആയത് ലഭ്യമാക്കുമോ;

(ജി) പൊതുഭരണ വകുപ്പിൽ ഓൺലൈൻ ട്രാൻസ്ഫർ സംവിധാനം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

## സർക്കാർ ജീവനക്കാരുടെ സ്ഥലം മാറ്റം

33 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ സ്ഥലം മാറ്റത്തിന് പൊതുമാനദണ്ഡം തയ്യാറാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഏതെല്ലാം വകുപ്പുകളിലാണ് ജനറൽ ട്രാൻസ്ഫറിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) ഇനി ഏതൊക്കെ വകുപ്പുകളിലാണ് ഓൺലൈൻ ജനറൽ ട്രാൻസ്ഫർ നടപ്പിലാക്കാൻ ബാക്കിയുള്ളതെന്ന് വിശദമാക്കാമോ?

## ഫെയർകോപ്പി സൂപ്രണ്ട് തസ്തിക ഗസറ്റഡ് പോസ്റ്റ് ആക്കുവാൻ നടപടി

34 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ വകുപ്പുകളിലെ ഫെയർകോപ്പി സൂപ്രണ്ട് (ഹയർ ഗ്രേഡ്) തസ്തിക ഗസറ്റഡ് തസ്തിക ആക്കുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിക്കുകയെന്ന് വ്യക്തമാക്കാമോ; ;

(ബി) ടൈപ്പിസ്റ്റ് തസ്തികകളിലെ ജോലി പുനർനിർണ്ണയിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നടപടികളുടെ പുരോഗതി

വിശദമാക്കുമോ;

(സി) ടൈപ്പിസ്റ്റ് തസ്തികയുടെ പേര് കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്നാക്കുന്നതിന് സർക്കാർ നിയമിച്ച കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത പേര് മാറ്റത്തിന് നിലവിൽ തടസ്സങ്ങളുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

## <u>ഭരണ നേട്ടത്തിന് ലഭിച്ച പുരസ്കാരങ്ങൾ</u>

35 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും വിവിധ തലങ്ങളിലെ ഭരണ നേട്ടത്തിനായി ഇക്കഴിഞ്ഞ ആറ് വർഷത്തിനിടെ ലഭിച്ച പ്രമുഖ അവാർഡുകളും അംഗീകാരങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## <u>യു.എ.ഇ കോൺസുലേറ്റ് ജനറൽ - മുഖ്യമന്ത്രി കൂടിക്കാഴ്ച</u>

36 **ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.എ.ഇ. കോൺസുലേറ്റ് ജനറൽ മുഖ്യമന്ത്രിയുമായി 2016-20 കാലയളവിൽ ക്ലിഫ് ഹൗസിൽ വച്ച് കൂടിക്കാഴ്ച നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തവണ; ഏതൊക്കെ ദിവസങ്ങളിൽ; വ്യക്തമാക്കുമോ;

(ബി) യു.എ.ഇ. കോൺസുലേറ്റ് ജനറലിന് മുഖ്യമന്ത്രിയുമായി വ്യക്തിപരമായോ ഔദ്യോഗികമായോ കൂടിക്കാഴ്ച നടത്തുന്നതിന് വിദേശകാര്യ മന്ത്രാലയത്തിന്റെ അനുമതി ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ അത് സംബന്ധിച്ച വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) മേൽപ്പറഞ്ഞ കൂടിക്കാഴ്ചകളുമായി ബന്ധപ്പെട്ട് പ്രോട്ടോക്കോൾ ലംഘനം നടന്നതായി വിലയിരുത്തുന്നുണ്ടോ; ഉണ്ടെങ്കിൽ സംസ്ഥാന പ്രോട്ടോക്കോൾ വിഭാഗത്തിലെ ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## <u>പി.എസ്.സി. മുഖേനയുള്ള നിയമനം</u>

37 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ 2016-ൽ അധികാരമേറ്റതിനു ശേഷം മുതൽ നാളിതുവരെ ഏതൊക്കെ സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി. മുഖേനയാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) 2016 മുതൽ ഏതൊക്കെ വകുപ്പുകളിലായി എത്ര തസ്തികകൾ അധികമായി സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) 2016 മുതൽ ഏതൊക്കെ വകുപ്പുകളിലെ ഏതൊക്കെ തസ്തികകളാണ് നിർത്തലാക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ?

## വിരമിച്ച ഉദ്യോഗസ്ഥരുടെ പുനർനിയമനം

38 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 ജനുവരി ഒന്നിന് ശേഷം വിരമിച്ച ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥരിൽ എത്രപേർക്കാണ് പൊതുഭരണം, ധനകാര്യം എന്നീ വകുപ്പുകൾ ഒഴികെയുള്ള സർക്കാർ, അർദ്ധസർക്കാർ, മറ്റു പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ പുനർനിയമനം നൽകിയിട്ടുള്ളത്;

(ബി) പ്രസ്തുത ഉദ്യോഗസ്ഥർക്ക് പുനർനിയമനം നൽകിയിട്ടുള്ള തസ്തിക, ടി.എ., ഡി.എ., മറ്റ് അലവൻസുകൾ എന്നിവ ഉൾപ്പെടെയുള്ള ആകെ ശമ്പളം, ജോലിയിൽ തുടർന്ന കാലയളവ് എന്നീ വിവരങ്ങൾ തരംതിരിച്ച് ലഭ്യമാക്കുമോ;

(സി) ഇപ്രകാരം പുനർനിയമനം നേടിയിട്ടുള്ള ഉദ്യോഗസ്ഥർ ഇവരുടെ ഐ.എ.എസ്., ഐ.പി.എസ്. സർവീസ് ഉൾപ്പെടെയുള്ള കാലയളവുകളിൽ ഏതെങ്കിലും കേസുകളിൽ പ്രതികളായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കേസുകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

## സർക്കാർ വകുപ്പുകളിലെ പട്ടികവർഗ്ഗ വിഭാഗക്കാരുടെ എണ്ണം

39 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന് കീഴിലെ വിവിധ വകുപ്പുകളിൽ ജോലിചെയ്യുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ കണക്ക് വകുപ്പ്/ തസ്തിക തിരിച്ച് ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്തെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിവരം സ്ഥാപനം/തസ്തിക തിരിച്ച് ലഭ്യമാക്കാമോ?

## ജില്ലാ കളക്ടർ നിയമനം

40 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എ.എസ്. ഉദ്യോഗസ്ഥർ സർവീസ് കാലയളവിൽ നിർബന്ധമായും കളക്ടറായി സേവനം അനുഷ്ഠിക്കണമെന്ന് സർവീസ് ചട്ടത്തിലോ ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങളിലോ വ്യവസ്ഥയുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) മേല്പറഞ്ഞ പ്രകാരം നിർബന്ധമായും കളക്ടർ ആകണമെന്ന് വ്യവസ്ഥ ഇല്ലെങ്കിൽ നരഹത്യാ കേസ് പ്രതിയെന്ന് ആരോപിക്കപ്പെടുന്ന വ്യക്തിയെ ആലപ്പുഴ ജില്ലാ കളക്ടറായി നിയോഗിക്കാൻ ഇടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

## സെലക്ഷൻ മുഖേനയുള്ള ഐ.എ.എസ്. നിയമനം

41 **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 വർഷത്തിൽ സ്റ്റേറ്റ് സിവിൽ സർവീസ് ഇതര സർവീസുകളിൽനിന്നും സെലക്ഷൻ മുഖേന നിയമനത്തിനായി എത്ര ഒഴിവുകളാണ് ഐ.എ.എസ്.

തസ്തികയിൽ കേന്ദ്ര സർക്കാർ കേരളത്തിനായി അംഗീകരിച്ചിരിക്കുന്നത്;

(ബി) ഇതിനുള്ള യോഗ്യത മാനദണ്ഡം എന്താണ്; ഈ ഒഴിവുകളിലേക്ക് എത്ര അപേക്ഷകർ ഉണ്ടായിരുന്നു; അപേക്ഷകരുടെ പട്ടിക സഹിതം വ്യക്തമാക്കുമോ;

(സി) ഇവരിൽനിന്നും എത്രപേരെ ചീഫ് സെക്രട്ടറി അധ്യക്ഷനായുള്ള സമിതി മുൻപാകെ അഭിമുഖത്തിനായി ക്ഷണിച്ചുവെന്നും പ്രസ്തുത സമിതിയുടെ മിനിട്ട്സിന്റെ പകർപ്പും ലഭ്യമാക്കുമോ;

(ഡി) ഈ തെരഞ്ഞെടുപ്പിന് കമ്മിറ്റി പരിഗണിച്ച മാനദണ്ഡം എന്തായിരുന്നു; അതിനാധാരമാക്കിയ യു.പി.എസ്.സി.-യുടെയോ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയോ ചട്ടങ്ങളുടെയോ മാർഗ്ഗനിർദേശങ്ങളുടെയോ പകർപ്പുകൾ സഹിതം വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത സംസ്ഥാനതല സ്ക്രീനിങ്ങിൽ കേന്ദ്ര സർക്കാരിന്റെ 1997-ലെ റെഗുലേഷൻ പ്രകാരം ഒരു ഒഴിവിന് അഞ്ചുപേരെ തിരഞ്ഞെടുപ്പ് സമിതി മുൻപാകെ നിർദ്ദേശിക്കാം എന്നിരിക്കെ ഈ അനുപാതത്തിൽ കുറവ് വരുത്തിയിട്ടുണ്ടെങ്കിൽ അതിനുള്ള പ്രത്യേക സാഹചര്യം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ;

(എഫ്) ഇത്തരത്തിൽ നിശ്ചയിക്കപ്പെട്ട അനുപാതം പാലിക്കാത്തതിനാൽ കേന്ദ്ര സർക്കാരോ യു.പി.എസ്.സി.യോ സംസ്ഥാനത്തിന്റെ വിശദീകരണം ആരാഞ്ഞിരുന്നോ; അതിന് എന്ത് മറുപടിയാണ് നൽകിയത്; പകർപ്പ് ലഭ്യമാക്കുമോ;

(ജി) സംസ്ഥാന തല സ്ക്രീനിങ് കമ്മിറ്റിയുടെ തീരുമാനത്തിനെതിരെ ആരെങ്കിലും ചീഫ് സെക്രട്ടറിക്കു അപ്പീൽ സമർപ്പിച്ചിരുന്നോ; എങ്കിൽ ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

## <u>അഖിലേന്ത്യാ സർവ്വീസിലെ കേരള കേഡർ ഓഫീസർമാർ</u>

42 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. തുടങ്ങിയ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടെ കുറവുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) അഖിലേന്ത്യാ സർവ്വീസിൽ കേരള കേഡറിലുള്ള എത്ര ഓഫീസർമാർ ഡെപ്യൂട്ടേഷനിൽ പ്രവർത്തിക്കുന്നു; വിശദാംശം വ്യക്തമാക്കുമോ;

(സി) ഇവരുടെ സേവനം സംസ്ഥാനത്തുതന്നെ ഉറപ്പാക്കാൻ എന്തു നടപടികൾ സ്വീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

## <u>നവകേരളം കർമ്മപദ്ധതി 2</u>

43 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരളം കർമ്മപദ്ധതി 2-ൽ ഉൾപ്പെടുത്തി സർക്കാർ

നടപ്പിലാക്കുവാനുദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;വിശദാംശം നൽകുമോ;

(ബി) ഇതിനായി സർക്കാർ തലത്തിൽ മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

## കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ റീ ബിൽഡ് കേരള പദ്ധതികൾ

44 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ നിയോജക മണ്ഡലത്തിൽ റീ ബിൽഡ് കേരള പദ്ധതി പ്രകാരം അനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

## റീ-ബിൽഡ് കേരള റോഡ് പുനരുദ്ധാരണ പദ്ധതി

45 **ശ്രീ സജി ചെറിയാൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ-ബിൽഡ് കേരള റോഡ് പുനരുദ്ധാരണ പദ്ധതിയുടെ രണ്ടാംഘട്ടം എന്ന് ആരംഭിക്കുമെന്ന് അറിയിക്കാമോ;

(ബി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ റോഡ് പുനരുദ്ധാരണ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഏതെല്ലാം പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അവ എന്ന് ആരംഭിക്കുമെന്നും വ്യക്തമാക്കാമോ?

## റീബിൽഡ് കേരള പദ്ധതി

46 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്; വിശദമാക്കാമോ;

(ബി) ഇനി ഭരണാനുമതി നൽകുവാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നറിയിയ്ക്കാമോ;

(ഇ) തുടർന്നുള്ള വർഷങ്ങളിൽ റീബിൽഡ് കേരള പദ്ധതി നടപ്പിലാക്കുന്നതിന് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ രൂപരേഖ തയ്യാറാക്കുന്നത് പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

## വടക്കാഞ്ചേരി മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി

47 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വടക്കാഞ്ചേരി മണ്ഡലത്തിലെ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഇവ എന്നത്തേക്ക് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ;

(സി) ഇത്തരം പദ്ധതികളുടെ പ്രവൃത്തികൾ ആരംഭിച്ച് എന്നത്തേക്ക് പൂർത്തീകരിക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) ഇവയിൽ പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## <u>കുണ്ടറ നിയോജക മണ്ഡലത്തിലെ കേരള പുനർനിർമ്മാണ പദ്ധതികൾ</u>

48 **ശ്രീ പി സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിൽ കേരള പുനർനിർമ്മാണ പദ്ധതി പ്രകാരം ഏതൊക്കെ റോഡുകൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്നും ഓരോന്നിനും അനുവദിച്ചിട്ടുള്ള തുകകൾ എത്രയെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ അനുവദിച്ച തീയതി, പൂർത്തിയാക്കിയ തീയതി, നിലവിലെ പ്രവർത്തന പുരോഗതി എന്നിവ വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള കാലപരിധിക്കുള്ളിൽ പൂർത്തിയാക്കുവാൻ കഴിയാതിരുന്നിട്ടുണ്ടെങ്കിൽ ആയതിനുള്ള കാരണം വെളിപ്പെടുത്താമോ;

(ഡി) കാലപരിധിക്കുള്ളിൽ പൂർത്തിയാക്കാത്ത പ്രവൃത്തികൾ പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ?

## <u>അരൂർ മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ</u>

49 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദാംശം നൽകാമോ;

(ബി) ഭരണാനുമതി ലഭിച്ചതിൽ ഏതെങ്കിലും പ്രവൃത്തികൾ മറ്റ് ഏജൻസികളുടെ ഫണ്ട് ഉപയോഗിച്ച് ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) പെരുമ്പളം ഗ്രാമപഞ്ചായത്തിൽ മാർക്കറ്റ്-വാത്തിക്കാട് ജെട്ടി റോഡിന്റെ ടെൻഡർ ആരും ഏറ്റെടുക്കാത്തത് മൂലം പ്രസ്തുത പ്രവൃത്തി നടപ്പിലാകാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് റീ-ടെണ്ടർ ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

## <u>ലൈഫ് പദ്ധതി</u>

50 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയിൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നതിന് പരിഷ്കരിച്ച

മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(ബി) അർഹതയുണ്ടായിരുന്നിട്ടും സാങ്കേതിക കാരണങ്ങളാൽ ഉൾപ്പെടുത്താൻ കഴിയാതെ പോയ കുടുംബങ്ങളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## ലൈഫ് മിഷൻ

51 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതി മുഖേന ഇക്കഴിഞ്ഞ ആറ് വർഷത്തിനിടെ എത്ര കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നൽകിയിട്ടുണ്ട്; ജില്ലാ അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ?

## കേരള സ്റ്റേറ്റ് റിമോട്ട് സെൻസിങ് ആൻഡ് എൻവയോൺമെൻറ് സെൻററിൽ ശമ്പള പരിഷ്കരണ ഡി എ. കുടിശ്ശിക

52 **ശ്രീമതി.ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് റിമോട്ട് സെൻസിങ് ആൻഡ് എൻവയോൺമെന്റ് സെന്ററിൽ 2018 ജനുവരി മുതൽ 2021 ഡിസംബർ വരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ വിവിധ തസ്തികകളിൽ ജോലി ചെയ്തിരുന്നവർ ആരെല്ലാമെന്നും ഇവർ ഏതെല്ലാം തസ്തികകളിലാണ് ജോലി ചെയ്തിരുന്നതെന്നും അവർ ജോലി ചെയ്ത കാലാവധി ഏതാണെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ജീവനക്കാരിൽ ആർക്കെല്ലാമാണ് അവർ അവിടെ സേവനമനുഷ്ഠിച്ച കാലത്തുള്ള ശമ്പള പരിഷ്കരണ കുടിശ്ശികയും ഡി.എ. കുടിശ്ശികയും നൽകിയിട്ടുള്ളതെന്നും ഇനി ആർക്കെല്ലാമാണ് പ്രസ്തുത കുടിശ്ശികകൾ നൽകുവാൻ ഉള്ളതെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ;

(സി) മേൽ കുടിശ്ശികകൾ നൽകിയിട്ടില്ലാത്ത ജീവനക്കാർക്ക് ആയത് നൽകുവാനുള്ള കാലതാമസത്തിന് കാരണം എന്തെന്ന് വിശദമാക്കാമോ;

(ഡി) ജീവനക്കാർക്ക് അർഹതപ്പെട്ടതും സർക്കാർ അനുവദിച്ചതുമായ പ്രസ്തുത കുടിശ്ശികകൾ നൽകാതെ വൈകിപ്പിക്കുന്നത് അവർക്ക് സാമ്പത്തിക നഷ്ടം ഉണ്ടാക്കും എന്നതിനാൽ ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; മേൽ കുടിശ്ശിക അത് ലഭിക്കേണ്ട ജീവനക്കാർക്ക് അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഇ) ഇതു സംബന്ധിച്ച വിഷയം കൈകാര്യം ചെയ്യുന്ന ഫയലിന്റെ ഇതുവരെയുള്ള നടപടിക്രമങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ?

## പി.എസ്.സി. പത്താം തരം പൊതുപ്രാഥമിക പരീക്ഷ

53 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. പത്താം തരം പൊതുപ്രാഥമിക പരീക്ഷയിൽ ഇതുവരെ എത്ര

ഘട്ടങ്ങൾ നടന്നുവെന്നും ഇനിയെത്ര ഘട്ടം ബാക്കിയുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ഇതുവരെ നടന്ന പരീക്ഷയുടെ നിലവാരം വ്യത്യസ്ത നിലയിലാണ് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പരീക്ഷയുടെ കട്ട് ഓഫ് മാർക്ക് എങ്ങനെ നിശ്ചയിക്കുന്നതിനാണ് തീരുമാനിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) പരീക്ഷയുടെ നിലവാരത്തിനനുസരിച്ച് വ്യത്യസ്ത കട്ട് ഓഫ് മാർക്ക് നിശ്ചയിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## <u>പത്താംതരം പ്രാഥമിക പരീക്ഷ</u>

54 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ട് ലക്ഷത്തോളം ഉദ്യോഗാർത്ഥികൾ പങ്കെടുത്ത, ആറ് ഘട്ടങ്ങളിലായി നടത്തിയ പി.എസ്.സി.യുടെ പത്താംക്ലാസ്സ് പ്രാഥമിക പരീക്ഷയുടെ ഓരോ ഘട്ടത്തിലും പല നിലവാരത്തിലുള്ള ചോദ്യക്കടലാസുകളാണ് ഉപയോഗിച്ചത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് ഉദ്യോഗാർത്ഥകൾക്കുണ്ടായിട്ടുള്ള ആശങ്ക പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഒരേ വിദ്യാഭ്യാസയോഗ്യത അനുസരിച്ചുള്ള പല ഘട്ടങ്ങളിലായി നടക്കുന്ന പ്രാഥമിക പരീക്ഷകളിൽ പല നിലവാരത്തിലുള്ള ചോദ്യപേപ്പർ ഉപയോഗിക്കുമ്പോൾ ഒരു കാറ്റഗറിയിലെ തസ്തികയ്ക്ക് പല ഘട്ടങ്ങളിൽ പരീക്ഷ എഴുതിയ ഉദ്യോഗാർത്ഥികളെ ചേർത്തൊരു ചുരുക്ക പട്ടിക തയ്യാറാക്കുന്നതിന് പി.എസ്.സി. സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങളും രീതികളും എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ പല ഘട്ടങ്ങളിലായി നടക്കുന്ന പ്രാഥമിക പരീക്ഷകളിൽ പല നിലവാരത്തിലുള്ള ചോദ്യപേപ്പർ ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തിക</u>

55 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ജയിൽ വകുപ്പിൽ പുരുഷ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ, വനിത അസിസ്റ്റന്റ് പ്രിസൺ ഓഫീസർ എന്നീ തസ്തികകളിലേക്ക് അപേക്ഷിക്കുന്നതിന് നിലവിലുള്ള യോഗ്യതകൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കാമോ?

## <u>വനം വകുപ്പിൽ ഡ്രൈവർ തസ്തികയുടെ റാങ്ക് ലിസ്റ്റ്</u>

56 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം വകുപ്പിൽ ഡ്രൈവർ തസ്തികയുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ അതിന്റെ കാലാവധി എന്നുവരെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നും എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

## ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II റാങ്ക് ലിസ്റ്റ്

57 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II-ന്റെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ഇല്ലെങ്കിൽ എന്നാണ് അവസാനമായി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതെന്നറിയിക്കാമോ;

(ബി) പ്രസ്തുത തസ്തികയിൽ കാറ്റഗറി നമ്പർ 533/19, 534/19, 539/19, 536/19 എന്നിവയിൽ പരീക്ഷ നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാനുള്ള കാലതാമസത്തിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത റാങ്ക് പട്ടിക എന്നത്തേക്ക് പ്രസിദ്ധീകരിക്കാൻ കഴിയുമെന്നറിയിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

## ലൈബ്രേറിയൻ ഗ്രേഡ്-4 തസ്തികയുടെ റാങ്ക് ലിസ്റ്റ് കാലാവധി

58 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കോമൺ പൂൾ ലൈബ്രേറിയൻ ഗ്രേഡ്-4 തസ്തികയുടെ റാങ്ക് ലിസ്റ്റ് കാലാവധി ദീർഘിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; വിശദമാക്കുമോ?

## പെൻഷൻകാരുടെ സർവ്വീസ് ചട്ടം

59 **ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെൻഷൻകാരുടെ പെൻഷൻ തടഞ്ഞുവയ്ക്കുകയോ പിൻവലിക്കുകയോ ചെയ്യുന്നതടക്കമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കേരള സർവ്വീസ് ചട്ടം ഭേദഗതി ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) ഏത് ചട്ടങ്ങളാണ് അപ്രകാരം ഭേദഗതി ചെയ്തതെന്നും ഏത് തീയതിയിൽ ഇറക്കിയ ഏത് ഉത്തരവിലൂടെയാണ് ഭേദഗതി വരുത്തിയതെന്നും വ്യക്തമാക്കാമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഏത് സാഹചര്യത്തിലാണ് പെൻഷൻ തടഞ്ഞുവക്കുകയോ പിൻവലിക്കുകയോ ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പെൻഷൻകാരുടെ പെരുമാറ്റദൂഷ്യം തടയാൻ ചട്ടത്തിൽ ഭേദഗതിയുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ ഏതെല്ലാം തരത്തിലുള്ള പെരുമാറ്റദൂഷ്യമാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ഇ) പ്രായാധിക്യവും തൻമൂലമുള്ള മാനസിക സംഘർഷവും കാരണം

ദുരിതമനുഭവിക്കുന്നവരിൽ സർവ്വസാധാരണമായ പെരുമാറ്റവ്യത്യാസത്തിന്റെ പേരിൽ പെൻഷൻകാർ ശിക്ഷിക്കപ്പെടുന്നത് ശരിയല്ല എന്ന പൊതുജനാഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

## പാലക്കാട് ജില്ലയിലെ ആശ്രിത നിയമനം

60 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പാലക്കാട് ജില്ലയിൽ നിന്നും ആശ്രിത നിയമനത്തിന് എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; ഇതിൽ എത്ര പേർക്ക് നിലവിൽ ജോലി ലഭിച്ചിട്ടുണ്ട്; ഇനിയും ജോലി ലഭിക്കാനുള്ളവരുടെ പേരുവിവരം ലഭ്യമാക്കുമോ?

## സൂപ്പർന്യൂമററി തസ്തികയിൽ നിയമിതരായവരുടെ ആശ്രിത നിയമനം

61 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013 ലെ സർക്കാർ ഉത്തരവ് പ്രകാരം സൂപ്പർന്യൂമററി തസ്തികയിൽ നിയമിക്കപ്പെട്ട ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തൊക്കെ ആനുകൂല്യങ്ങളാണ് അനുവദിച്ചതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിൽ നിയമിക്കപ്പെടുന്നവർ മരണപ്പെട്ടാൽ ആശ്രിതർക്ക് നിയമനം ലഭിക്കുന്നതിന് നിലവിൽ വ്യവസ്ഥയുണ്ടോ;

(സി) ഇത്തരത്തിൽ നിയമിതരാവുകയും മരണപ്പെടുകയും ചെയ്ത ഭിന്നശേഷിക്കാരുടെ ആശ്രിതരിൽ നിന്നും നിയമനത്തിനായി തദ്ദേശ സ്വയംഭരണ വകുപ്പിൽ എത്ര അപേക്ഷ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) സൂപ്പർന്യൂമററി തസ്തികയിൽ നിയമിതരായി മരണപ്പെട്ട ഭിന്നശേഷിക്കാരുടെ ആശ്രിതർക്ക് പ്രത്യേക പരിഗണന നൽകി നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ?

## സെക്രട്ടേറിയേറ്റിലെ കെട്ടികിടക്കുന്ന ഫയലുകളുടെ എണ്ണം

62 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗസ്ഥ ഭരണപരിഷ്കാരവകുപ്പിന്റെ ഏതു സെക്ഷനിലാണ് സെക്രട്ടേറിയേറ്റിലെ വിവിധ വകുപ്പുകളിൽ കെട്ടികിടക്കുന്ന ഫയലുകളുടെ എണ്ണം ക്രോഡീകരിക്കുന്നത്; വെളിപ്പെടുത്താമോ;

(ബി) ഏതു മാസം വരെയുള്ള ഫയൽ വിശദാംശങ്ങളാണ് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിൽ ഇത്തരത്തിൽ ക്രോഡീകരിച്ചിട്ടുള്ളത്;

(സി) അതനുസരിച്ച് സെക്രട്ടേറിയേറ്റിലെ വിവിധ വകുപ്പുകളിൽ കെട്ടികിടക്കുന്ന ഫയലുകൾ വകുപ്പ് തിരിച്ച് ലഭ്യമാക്കാമോ;

(ഡി) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് ക്രോഡീകരിച്ച പ്രസ്തുത വിവരങ്ങളുടെ പകർപ്പ്

ലഭ്യമാക്കാമോ?

<u>**നിലമ്പൂർ മണ്ഡലത്തിലെ കെ-ഫോൺ സേവനം**</u>

63 **ശ്രീ. പി.വി.അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ നിലവിൽ കെ-ഫോൺ സേവനം നിലവിൽ ഏതെല്ലാം സ്ഥലങ്ങളിലും ഓഫീസുകളിലും നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ പുതുതായി ഏതെല്ലാം പ്രദേശങ്ങളിലും ഓഫീസുകളിലുമാണ് കെ-ഫോൺ സേവനം നൽകുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ പൊതുപ്രദേശങ്ങൾക്കു പുറമേ പ്രത്യേക പരിഗണന നൽകി ആദിവാസി മേഖലകളിലേക്ക് കെ-ഫോൺ സേവനം ലഭ്യമാക്കുമോ; വിശദമാക്കാമോ?

<u>**കൊച്ചി ഇൻഫോപാർക്കിലെ അടിസ്ഥാനസൗകര്യ വികസനം**</u>

64 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലയളവിൽ കൊച്ചി ഇൻഫോപാർക്കിൽ പുതുതായി എത്ര കമ്പനികൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും അവയിൽ പുതുതായി എത്രപേർക്ക് നിയമനം ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) കൊച്ചി ഇൻഫോപാർക്കിൽ നടന്നുവരുന്ന അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(സി) ഇൻഫോപാർക്കിലേക്കുള്ള റോഡുകളുടെ വികസനത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) ഇൻഫോപാർക്കിലേക്ക് കമ്പനികളെ ആകർഷിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

<u>**കുണ്ടറ മണ്ഡലത്തിലെ കെ-ഫോൺ പദ്ധതികൾ**</u>

65 **ശ്രീ പി സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിൽ എവിടെയൊക്കെയാണ് കെ-ഫോൺ സ്ഥാപിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ പുതുതായി ഏതൊക്കെ സ്ഥലങ്ങളിലാണ് കെ-ഫോൺ സ്ഥാപിക്കാനായി ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>**കെ - ഫോൺ പദ്ധതിയുടെ പുരോഗതി**</u>

66 **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന കെ - ഫോൺ പദ്ധതി എന്ന് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) ഒന്നാംഘട്ടം പൂർത്തീകരിച്ച് കഴിഞ്ഞപ്പോൾ കെ - ഫോൺ മുഖേന ഏതെല്ലാം മേഖലയിലാണ് നെറ്റ്‌വർക്ക് കണക്ഷൻ നൽകിയിട്ടുള്ളതെന്നും നെറ്റ്‌വർക്ക് സ്പീഡ് എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) എല്ലാ നിയമസഭാ മണ്ഡലങ്ങളിലെയും നൂറ് ബി.പി.എൽ. കുടുംബങ്ങൾക്ക് വീതം കെ ഫോൺ മുഖേന സൗജന്യ ഇൻറർനെറ്റ് കണക്ഷൻ നൽകുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ;എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ഡി) കെ - ഫോണിന്റെ ഒന്നാം ഘട്ടം, രണ്ടാം ഘട്ടം എന്നിവയ്ക്കായി ആകെ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും അതിൽ എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ?

## കെ ഫോൺ പദ്ധതിയുടെ കൺസൾട്ടന്റ് ഏജൻസികൾ

67 **ശ്രീമതി.ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ ഫോൺ പദ്ധതിയുടെ ഭാഗമായി കൺസൾട്ടന്റ് ഏജൻസികൾ പ്രവർത്തിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ഏജൻസികൾ ആണെന്നും അവയുടെ ഉത്തരവാദിത്തങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ;

(ബി) ജനങ്ങളുടെ വ്യക്തിഗത ഡേറ്റ ഉൾപ്പെടെ കൈകാര്യം ചെയ്യപ്പെടേണ്ടിവരുന്ന കെ ഫോൺ പദ്ധതിയുമായി ബന്ധപ്പെട്ട് മേല്പറഞ്ഞ കൺസൾട്ടന്റ് സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന സ്റ്റാഫിന്റെ വിവരങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) നയതന്ത്ര ചാനൽ സ്വർണക്കടത്ത് കേസ് പ്രതിയുടെ ഭർത്താവ് കെ ഫോൺ പദ്ധതിയുമായി ബന്ധപ്പെട്ട് മേൽപ്പറഞ്ഞ കൺസൾട്ടന്റ് ഏജൻസികളിൽ പ്രവർത്തിച്ചിരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

## കെ-ഫോൺ കരാർ

68 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ - ഫോൺ പദ്ധതിയുമായി ബന്ധപ്പെട്ട കരാർ ഏത് കമ്പനിക്കാണ് നൽകിയതെന്ന് വെളിപ്പെടുത്താമോ;

(ബി) ഭെൽ അടങ്ങുന്ന കൺസോർഷ്യത്തിന് കരാർ നൽകാൻ മുൻ ഐ.ടി. സെക്രട്ടറി കെ -ഫോൺ കമ്പനിക്ക് നൽകിയ കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## ഐ.ടി. പാർക്കുകളുടെ വിപുലീകരണം

69 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടി. പാർക്കുകളുടെ വിപുലീകരണത്തിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ?

## **ആലപ്പുഴ ജില്ലയിലെ അക്ഷയ കേന്ദ്രങ്ങൾ**

70 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ എത്ര അക്ഷയ കേന്ദ്രങ്ങളാണ് നിലവിലുള്ളതെന്ന് നിയോജക മണ്ഡല അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) പുതുതായി അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## **പാലക്കാട് ജില്ലയിൽ പുതിയ അക്ഷയ കേന്ദ്രങ്ങൾ**

71 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ പുതിയ അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; പുതിയ അക്ഷയ കേന്ദ്രം ആരംഭിക്കുന്നതിനും അതിന് യോഗ്യരായവരെ തെരഞ്ഞെടുക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) മലമ്പുഴ മണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിലാണ് പുതിയതായി അക്ഷയ കേന്ദ്രം ആരംഭിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത കേന്ദ്രങ്ങൾ എന്നത്തേക്ക് പ്രവർത്തനസജ്ജമാകുമെന്ന് വ്യക്തമാക്കാമോ?

## **കെ-ഫോൺ സേവനം**

72 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം സംവിധാനത്തിലൂടെയാണ് പൊതുജനങ്ങൾക്ക് കെ-ഫോൺ കണക്ഷൻ എത്തിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് ഇതിനോടകം കെ-ഫോൺ പദ്ധതിയിലൂടെ കണക്ഷൻ നൽകി തുടങ്ങിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ കെ-ഫോൺ സേവനം ലഭ്യമാണോ; എങ്കിൽ ഏതെല്ലാം സ്ഥലങ്ങളിലും ഓഫീസുകളിലുമാണെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത നിയോജകമണ്ഡലത്തിൽ എവിടെയൊക്കെയാണ് പുതുതായി കെ-ഫോൺ സേവനം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) പൊതുജനങ്ങൾക്ക് കെ-ഫോൺ സേവനം ലഭിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ വിശദമാക്കുമോ?

## **സ്പ്രിംഗ്ലർ ഇടപാട്**

73 **ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പ്രിംഗ്ലർ ഇടപാട് സംബന്ധിച്ച് അന്വേഷണം നടത്തിയ ആദ്യ സമിതിയുടെ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു;

(ബി) പ്രസ്തുത സമിതി റിപ്പോർട്ടിലെ ഏതൊക്കെ കണ്ടെത്തലുകൾ സംബന്ധിച്ചാണ് സർക്കാരിന് വിരുദ്ധ അഭിപ്രായമുണ്ടായിരുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) സ്പ്രിംഗ്ലർ ഇടപാട് സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനായി രണ്ടാമത് സമിതിയെ നിയോഗിക്കാനുള്ള സാഹചര്യം എന്തായിരുന്നു; പ്രസ്തുത സമിതിയെ നിയോഗിച്ചത് എന്നാണ്; സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## <u>നോളജ് ഇക്കണോമി മിഷൻ</u>

74 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോളജ് ഇക്കണോമി മിഷന്റെ സ്ട്രാറ്റജി പേപ്പറിന് അന്തിമാനുമതി ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) യോഗ്യതകൾക്ക് അനുസരിച്ചുള്ള ജോലി ലഭ്യമാക്കാത്തതിന് പരിഹാരം കണ്ടെത്തുന്നതിന് നോളജ് ഇക്കണോമി മിഷൻ നടത്തുന്ന ഇടപെടലുകളെ സംബന്ധിച്ച് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ എത്ര ആളുകളുണ്ടെന്നും അവരെ കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ;

(ഡി) ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം പ്രകാരം എത്ര പേരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും ഇവർക്ക് അനുയോജ്യമായ തൊഴിലും സംരംഭവും കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികളും വിശദമാക്കുമോ?

## <u>സി-ഡിറ്റിന്റെ കമ്പനി രൂപീകരണം</u>

75 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ഫെബ്രുവരിയിൽ കൂടിയ ഗവേണിംഗ് ബോഡി യോഗ തീരുമാനം അനുസരിച്ച് സി-ഡിറ്റ് ഒരു കമ്പനി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത കമ്പനിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കമ്പനി രൂപീകരിച്ചാൽ സി-ഡിറ്റിന് എന്തൊക്കെ നേട്ടങ്ങളും കോട്ടങ്ങളും ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കമ്പനി രൂപീകരിച്ചാൽ സി-ഡിറ്റിലെ ജീവനക്കാരെ കമ്പനിയുടെ ജീവനക്കാരായി മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ വ്യത്യാസം വരുമോ; വിശദമാക്കാമോ?

## <u>അരൂർ മണ്ഡലത്തിലെ കെ-ഫോൺ സേവനം</u>

76 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ കെ-ഫോൺ സേവനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) മണ്ഡലത്തിൽ ഏതൊക്കെ പ്രദേശങ്ങളിൽ കെ-ഫോൺ പദ്ധതിയുടെ ഭാഗമായി ഒപ്റ്റിക്കൽ കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) പൊതുജനങ്ങൾക്കും സ്വകാര്യ സ്ഥാപനങ്ങൾക്കും കെ-ഫോൺ പദ്ധതി ലഭിക്കുന്നതിനായി അപേക്ഷ സ്വീകരിക്കുന്ന നടപടി വിശദമാക്കുമോ?

## മരണമടഞ്ഞ സൈനികന്റെ ഭാര്യക്ക് സർക്കാർ ജോലി ലഭ്യമാക്കുന്നതിന് നടപടി

77 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 മേയ് 27-ന് കാശ്മീരിൽ സൈനിക വാഹന അപകടത്തിൽ മരണമടഞ്ഞ മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി സ്വദേശി ലാൻസ് ഹവീൽദാർ ഷൈജലിന്റെ ഭാര്യക്ക് സർക്കാർ ജോലി ലഭ്യമാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ സർക്കാർ ജോലി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

## പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിനുള്ള നടപടികൾ

78 **ശ്രീ എ. സി. മൊയ്തീൻ**
**ശ്രീ. എ. രാജ**
**ശ്രീ ഒ . ആർ. കേളു**
**ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 ആഗസ്റ്റ് മാസത്തിലെ മഴക്കെടുതികളിൽ സംസ്ഥാനത്തുണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത്തരത്തിലുള്ള മഴക്കെടുതികൾ നേരിടുന്നതിനായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(സി) നിരന്തരം പ്രകൃതിദുരന്തങ്ങൾ നേരിടുന്ന പശ്ചാത്തലത്തിൽ കാലാവസ്ഥ പ്രവചനത്തിന് കൂടുതൽ റഡാറുകൾ അനുവദിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശമാക്കുമോ?

## പ്രളയ ദുരിതാശ്വാസ സഹായം

79 **ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് ദുരിതാശ്വാസ സഹായമായി എത്ര കോടി രൂപയാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ലഭിച്ചതെന്നും ഏതൊക്കെ രീതിയിലാണ് പ്രസ്തുത തുക സമാഹരിച്ചതെന്നും വെളിപ്പെടുത്താമോ;

(ബി) അപ്രകാരം സമാഹരിച്ച തുകയിൽ നിന്നും നാളിതുവരെയായി എത്ര തുക ചെലവഴിച്ചുവെന്നും എത്ര തുക ബാക്കിയുണ്ടെന്നും അറിയിക്കാമോ;

(സി) എത്ര കോടിയുടെ നാശനഷ്ടങ്ങളാണ് പ്രളയത്തിൽ ഉണ്ടായതായി കണക്കാക്കിയിട്ടുള്ളത്; എല്ലാവർക്കും നഷ്ടപരിഹാരം നൽകുന്നതിനും വീടുകൾ നഷ്ടമായവർക്ക് പുനർനിർമ്മാണത്തിന് സഹായം നൽകുന്നതിനും സാധിച്ചിട്ടുണ്ടോ;

(ഡി) എത്ര പേർക്ക് ഇനിയും ധനസഹായം ലഭിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ?

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം

80 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ എത്ര അപേക്ഷകർക്ക് 2020, 2021, 2022 വർഷങ്ങളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം നൽകിയെന്നും ഓരോ വർഷവും എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും വർഷം, പഞ്ചായത്ത് എന്നിവ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം

81 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മുതൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായമായി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര പേർക്ക് മരണാനന്തര ധനസഹായമായി അനുവദിച്ചിട്ടുണ്ടെന്നും എത്രപേർക്ക് വീടും ജീവനോപാധികളും നശിച്ചതിന് നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ടെന്നുമുള്ള വിവരം ജില്ലതിരിച്ച് ലഭ്യമാക്കാമോ?

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം

82 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ എത്ര കുടുംബങ്ങൾക്കാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം ലഭിക്കുന്നതിന് നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ സമർപ്പിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

## പുറ്റിങ്ങൽ വെടിക്കെട്ട് ദുരന്തത്തിനിരയായവർക്കുള്ള സഹായം

83 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുറ്റിങ്ങൽ വെടിക്കെട്ട് ദുരന്തത്തിനിരയായവർക്ക് സഹായ ധനമായി നൽകുന്നതിന് എത്ര രൂപയാണ് ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ലുലു ഗ്രൂപ്പ് നല്കിയിട്ടുള്ളതെന്നും ടി ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർ, പരിക്കേറ്റവർ എന്നിവർക്ക് എത്ര രൂപ വീതം നൽകാനാണ് ലുലു ഗ്രൂപ്പ് ഡയറക്ടറുടെ 12/07/2016

ലെ കത്തിൽ ആവശ്യപ്പെട്ടിട്ടുള്ളതെന്നും അതനുസരിച്ച് സഹായധനമായി നല്കാൻ ആകെ എത്ര രൂപ വേണ്ടിവരുമെന്നും വ്യക്തമാക്കാമോ;

(ബി) ലുലു ഗ്രൂപ്പിന്റെ ആവശ്യം പരിഗണിച്ച് ദുരന്തത്തിനിരയായവർക്ക് ധനസഹായം വിതരണം ചെയ്യുവാൻ കൂടുതൽ തുക ആവശ്യമായി വരുമെന്നുള്ള വസ്തുത ലുലു ഗ്രൂപ്പിനെ ബോധ്യപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) ധനസഹായ വിതരണം സംബന്ധിച്ച് ലുലു ഗ്രൂപ്പ് കത്ത് നൽകിയിട്ടുള്ള സാഹചര്യവും കത്തിലെ ആവശ്യ പ്രകാരം വിതരണം ചെയ്യാൻ ലുലു ഗ്രൂപ്പ് നൽകിയ തുക തികയാത്ത സാഹചര്യവും നിലനിൽക്കുമ്പോൾ വീട് നഷ്ടപ്പെട്ടവരെക്കൂടി ഉൾപ്പെടുത്തി ധനസഹായ വിതരണത്തിന് പട്ടിക തയ്യാറാക്കണമെന്ന അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നിർദ്ദേശം (സി.ആർ.എഫ് - സി 2/റവന്യൂ) പുനഃപരിശോധനയ്ക്ക് വിധേയമാക്കി ദുരന്ത ബാധിതർക്ക് ഇനിയും കാലതാമസമില്ലാതെ സഹായധനം വിതരണം ചെയ്യുന്നതിന് നിയമപരവും പ്രായോഗികവുമായ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

## <u>കോഴിക്കോട് വിമാനത്താവളത്തിന്റെ സമീപപ്രദേശങ്ങളിൽ നിർമ്മാണ പ്രവർത്തനത്തിനുള്ള അനുമതി</u>

84 **ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിമാനത്താവളത്തിന്റെ സമീപപ്രദേശങ്ങളിൽ വീടും മറ്റ് കെട്ടിടങ്ങളും നിർമ്മിക്കുന്നതിന് എയർപോർട്ട് അതോറിറ്റിയുടെ അനുമതി ആവശ്യമാണോ; എങ്കിൽ എത്ര കിലോമീറ്റർ ദൂരം വരെയാണ് ഈ അനുമതി ആവശ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അനുമതിക്ക് വേണ്ടി ആരെയാണ് സമീപിക്കേണ്ടത് എന്നും എങ്ങനെയാണ് അപേക്ഷിക്കേണ്ടതെന്നും ഏതെല്ലാം രേഖകൾ സമർപ്പിക്കണമെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) ഇത്തരം അനുമതിക്കായി 2022 ജനവരി മുതൽ എത്ര അപേക്ഷകൾ എയർപോർട്ട് അതോറിറ്റിയിൽ സമർപ്പിച്ചിട്ടുണ്ടെന്നും അതിൽ എത്രയെണ്ണം സ്വീകരിച്ചെന്നും എത്രയെണ്ണം നിരസിച്ചെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ഡി) അനുമതി ലഭിക്കുന്നതുമായി ബന്ധപ്പെട്ട് ജനങ്ങൾക്കുള്ള പ്രയാസങ്ങൾ ലഘൂകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

## <u>വിമാന ടിക്കറ്റ് ചാർജ് വർദ്ധനവ്</u>

85 **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളികളെ കൂടുതൽ ദോഷകരമായി ബാധിക്കുന്ന വിമാന ചാർജ് വർദ്ധനവ് പിൻവലിക്കാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്താൻ നടപടി സ്വീകരിക്കുമോ;

(ബി) അടിക്കടിയുള്ള വിമാന ടിക്കറ്റ് ചാർജ് വർദ്ധനവ് കാരണം വിദേശരാജ്യങ്ങളിലെ ജോലിസ്ഥലത്തേക്ക് കൃത്യസമയത്ത് എത്താൻ സാധിക്കാതെ ധാരാളം

മലയാളികളുടെ തൊഴിൽ നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

**<u>കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനം</u>**

86 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനത്തിന് ആവശ്യമായ സ്ഥലം ഏറ്റെടുത്ത് നൽകാൻ ഉത്തരവായിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) കാലതാമസം കൂടാതെ സ്ഥലം ഏറ്റെടുത്ത് നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

**<u>സിൽവർ ലൈൻ പദ്ധതി</u>**

87 **ശ്രീ . സണ്ണി ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിൽവർ ലൈൻ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും എന്തൊക്കെ അനുമതികളാണ് നാളിതുവരെ ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഇനി ഏതൊക്കെ അനുമതികളാണ് കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കാനുള്ളതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത അനുമതികൾ നേടിയെടുക്കുന്നതിനായി സർക്കാർ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

**<u>സിൽവർ ലൈൻ പദ്ധതി</u>**

88 **ശ്രീ. സജീവ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിൽവർ ലൈൻ പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ എല്ലാ അനുമതികളും കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ അനുമതികൾ നാളിതുവരെ ലഭിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിക്കുവാൻ ഇടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാന സർക്കാർ പ്രസ്തുത നിലപാടിൽ ഉറച്ചുനിൽക്കുന്നുണ്ടോ; എങ്കിൽ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

**<u>ആലപ്പുഴ നിയോജകമണ്ഡലത്തിലെ ഇൻലാൻഡ് നാവിഗേഷൻ പദ്ധതികൾ</u>**

89 **ശ്രീ. പി.പി. ചിത്തരഞ്ജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന ഇൻലാൻഡ് നാവിഗേഷൻ മുഖേനയുള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി, ചെലവാകുന്ന തുക, ഏജൻസി

എന്നിവയുടെ വിശദവിവരം ക്രമം തിരിച്ച് ലഭ്യമാക്കുമോ?

## കനാൽ റീജനറേഷൻ പദ്ധതി

90 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ വകുപ്പിന്റെ കീഴിൽ കനാൽ റെജുവനേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കിഫ്ബി സാമ്പത്തിക സഹായത്തോടെ കെ.എം.ആർ.എൽ. നിർവ്വഹണ ഏജൻസിയായി പുനരുജ്ജീവിപ്പിക്കുന്ന കൊച്ചി നഗരസഭാ പരിധിയിലുള്ള കനാലുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭൂമി ഏറ്റെടുക്കേണ്ട ആവശ്യമുണ്ടോ; എങ്കിൽ ഏതൊക്കെ കനാലുകൾക്കാണ് ഭൂമി ഏറ്റെടുക്കേണ്ടതെന്നും ആയത് ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ;

(സി) ഈ പദ്ധതി പ്രകാരം ഓരോ കനാലിന്റെയും വീതിയും ആഴവും എത്രയാണ്; വീതി വർദ്ധിപ്പിക്കുന്നതിലൂടെ എത്ര കുടുംബങ്ങളെ ഇത് ബാധിക്കുമെന്നും അവരെ പുനരധിവസിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഇതിനായി ഭൂമി കണ്ടെത്തിയിട്ടുണ്ടോയെന്നും വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട ഓരോ കനാലിന്റെയും നിലവിലെ സ്ഥിതി പ്രത്യേകം വിശദീകരിക്കാമോ?

## പ്രവാസി ക്ഷേമ പദ്ധതികൾ

91 **ശ്രീ .പി. കെ. ബഷീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയെത്തുടർന്ന ജോലി നഷ്ടപ്പെട്ട നിരവധി പ്രവാസികൾ നാട്ടിൽ ഉണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ ജോലി നഷ്ടപ്പെട്ട് വിദേശത്തേക്ക് മടങ്ങാൻ കഴിയാതെ നിൽക്കുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) എത്ര പ്രവാസികൾ കോവിഡ് മാഹാമാരിയെത്തുടർന്ന മടങ്ങി എത്തിയെന്നും അവരിൽ എത്ര പേർ തിരികെ വിദേശത്തേക്ക് മടങ്ങിയെന്നും വെളിപ്പെടുത്തുമോ;

(ഡി) ഈ സർക്കാരിന്റെ കാലയളവിൽ പ്രവാസികളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി എന്തെല്ലാം പ്രവർത്തികളാണ് നടപ്പിലാക്കിയതെന്ന് അറിയിക്കുമോ;

(ഇ) പുതുതായി എന്തെല്ലാം ക്ഷേമ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

## പ്രവാസി മലയാളികളുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ

92 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി**
**ശ്രീ. കെ.പി.മോഹനൻ**

**ശ്രീ കെ ബി ഗണേഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവാസി മലയാളികളുടെ ഉന്നമനത്തിനായി ഈ സർക്കാർ ചെയ്തുവരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് നിക്ഷേപം നടത്താൻ തയ്യാറാകുന്ന പ്രവാസികൾക്ക് കാലതാമസം കൂടാതെ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ഫയൽപരമായ തടസ്സങ്ങൾ ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രവാസി മലയാളികൾക്ക് മെഡിസെപ് മാതൃകയിൽ ചികിത്സ ഇൻഷ്വറൻസും ന്യായമായ പെൻഷൻ പദ്ധതിയും ആരംഭിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## <u>പ്രവാസികൾ നേരിട്ട പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി</u>

93 **ശ്രീ. എ.എൻ.ഷംസീർ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ഏറെ പ്രതിസന്ധി സൃഷ്ടിച്ച പ്രവാസികളിൽ നിന്നും വിമാനകമ്പനികൾ ഉയർന്ന നിരക്കിൽ വിമാനചാർജ് ഈടാക്കുന്നത് അവസാനിപ്പിക്കാൻ ഇടപെടൽ നടത്തണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നോ; എങ്കിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും പ്രതികരണം ലഭിച്ചിട്ടുണ്ടോ;

(ബി) പ്രവാസികൾ നേരിട്ട പ്രതിസന്ധി കണക്കിലെടുത്ത് അവർക്കായി രണ്ടായിരം കോടി രൂപയുടെ പ്രത്യേക പാക്കേജിന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെ സമീപിച്ചിരുന്നോ; എങ്കിൽ ഇതുസംബന്ധിച്ച് പ്രതികരണം അറിയിക്കാമോ;

(സി) സർക്കാർ പ്രവാസികൾക്കായി ഏർപ്പെടുത്തിയിട്ടുള്ള ആശ്വാസ നടപടികൾ എന്തെല്ലാമെന്നും സംസ്ഥാന വികസനത്തിൽ അവരെക്കൂടി കണ്ണിചേർക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ?

## <u>പ്രവാസി ക്ഷേമനിധിയിലെ ആനുകൂല്യങ്ങൾ</u>

94 **ശ്രീ എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ക്ഷേമനിധിയിൽ ഇതിനോടകം എത്ര അംഗങ്ങളാണ് ചേർന്നിട്ടുള്ളത് എന്ന വിവരം ലഭ്യമാക്കാമോ;

(ബി) അംഗങ്ങളായിട്ടുള്ള പ്രവാസികൾക്ക് എന്തൊക്ക ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ?

## <u>നോർക്ക റൂട്ട്സിലെ ക്രമക്കേടുകൾ</u>

95 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്ക സാന്ത്വനം പദ്ധതി വഴി എത്രപേർക്ക് ഇരട്ടി തുക അനുവദിച്ചെന്ന് വിശദമാക്കുമോ ; ഈ തുക തിരിച്ചുപിടിക്കാൻ നടപടിയെടുക്കുമോ ;വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഇരട്ടി തുക അനുവദിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കുമോ ; ദിവസവേതനത്തിൽ ജോലിചെയ്യുന്ന ജീവനക്കാർ സാന്ത്വനം പദ്ധതി കൈകാര്യം ചെയ്യുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കുമോ ;

(സി) പ്രവാസി ഐ.ഡി കാർഡ് നൽകുന്നതിനായി ശേഖരിച്ച പണം തട്ടിയ ജീവനക്കാർക്കെതിരെ കർശന നടപടിക്ക് ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം ശുപാർശ ചെയ്തിരുന്നോ ; വിശദമാക്കുമോ ;

(ഡി) ബഹു. സുപ്രീംകോടതി (18718/2012), കേരള ഹൈക്കോടതി (WPC 10622/2012 ) ഉത്തരവുകൾക്ക വിരുദ്ധമായി 18-10-2017ലെ സർക്കാർ ഉത്തരവ് 612/2017/നോർക്ക പ്രകാരം മുൻകാല പ്രാബല്യത്തോടെ നോർക്ക റൂട്സിൽ സ്ഥിരപ്പെടുത്തൽ നടത്തിയത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച് നടപടി സ്വീകരിക്കുമോ ?

## <u>ലോക കേരളസഭ സമ്മേളനങ്ങളിലെ ശിപാർശകൾ</u>

96 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്ന് ലോക കേരളസഭ സമ്മേളനങ്ങളിലും ഓരോ സമ്മേളനത്തിന്റെയും തീരുമാനപ്രകാരം സർക്കാരിന് സമർപ്പിച്ചിട്ടുള്ള ശിപാർശകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഏതൊക്കെ ശിപാർശകൾ നാളിതുവരെ നടപ്പിലാക്കിയിട്ടുണ്ടെന്ന് ഓരോ സമ്മേളനത്തിന്റെയും ഇനം തിരിച്ച് വിശദാംശം നൽകുമോ;

(സി) ലോക കേരളസഭാ സമ്മേളനങ്ങൾക്കായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് ഓരോ സമ്മേളനത്തിന്റെയും ഇനം തിരിച്ച വ്യക്തമാക്കുമോ?

## <u>ലോക കേരളസഭയിൽ പങ്കെടുത്ത പ്രതിനിധികൾ</u>

97 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക കേരളസഭയിൽ പങ്കെടുത്ത പ്രതിനിധികളുടെ പേര് വിവരം രഹസ്യരേഖയായി സൂക്ഷിക്കണമെന്ന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇപ്രകാരം തീരുമാനമെടുത്തതെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ കഴിഞ്ഞ മൂന്ന് ലോക കേരളസഭകളിലേക്ക് പ്രതിനിധികളായി തെരഞ്ഞെടുക്കപ്പെട്ടവരുടെയും പങ്കെടുത്തവരുടെയും പേരും ഏത് രാജ്യം/ സംസ്ഥാനത്ത് നിന്നുള്ള പ്രവാസിയാണ് എന്നതും ഏത് മേഖലയെ പ്രതിനിധീകരിക്കുന്ന വ്യക്തിയാണ് എന്നതും ഏത് പ്രവാസി സംഘടനയുടെ പ്രതിനിധിയാണ് എന്നതും ഔദ്യോഗിക മേൽവിലാസവും വ്യക്തമാക്കുമോ;

(സി) ജനപ്രതിനിധികളും ലോക കേരളസഭ അംഗങ്ങളായി തെരഞ്ഞെടുക്കപ്പെട്ട പ്രവാസികളും അല്ലാതെ മറ്റാർക്കെങ്കിലും ലോക കേരളസഭ സമ്മേളനത്തിൽ

പങ്കെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം അനുമതി നൽകിയിട്ടുള്ളത് ആർക്കൊക്കെയാണ് എന്ന് വ്യക്തമാക്കുമോ?

**<u>ലോക കേരള സഭയിലെ അംഗങ്ങൾ</u>**

98 **ശ്രീ എം വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്ന് ലോക കേരള സഭകളിലേക്ക് അംഗങ്ങളായി തെരഞ്ഞെടുക്കപ്പെട്ട പ്രവാസികളുടെയും പങ്കെടുത്ത പ്രവാസികളുടെയും പേരും വിശദാംശങ്ങളും വെളിപ്പെടുത്താമോ?

**<u>എ. കെ. ജി. സെന്റർ സ്ഫോടകവസ്തു ആക്രമണകേസ്</u>**

99 **ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 ജൂൺ 30 -ന് എ. കെ. ജി. സെന്ററിൽ സ്ഫോടകവസ്തു എറിഞ്ഞ സംഭവത്തിലെ പ്രതികളെ കണ്ടെത്താൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത സംഭവത്തിന്റെ സി. സി. ടി. വി. ദൃശ്യങ്ങൾ ലഭ്യമായ സാഹചര്യത്തിൽ ആയത് കേന്ദ്രീകരിച്ചുകൊണ്ട് അന്വേഷണം നടത്തിയിരുന്നോ എന്ന് വ്യക്തമാക്കാമോ;

(സി) പ്രതികൾ ഭരണപക്ഷ അനുഭാവികൾ ആയതുകൊണ്ട് പോലീസ് കേസ് അന്വേഷണം അട്ടിമറിച്ചു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ?

**<u>എ. കെ. ജി. സെന്റർ ആക്രമണം</u>**

100 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ . ഐ .സി .ബാലകൃഷ്ണൻ**
**ശ്രീ സി ആർ മഹേഷ്**
**ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 ജൂൺ 30 -ന് എ. കെ. ജി. സെന്ററിൽ സ്ഫോടകവസ്തു എറിഞ്ഞ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സംഭവത്തിൽ പ്രതികളെ കണ്ടെത്താൻ സാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

**<u>അട്ടപ്പാടി മധു വധക്കേസ് സാക്ഷികളുടെ കൂറുമാറ്റം</u>**

101 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ സി ആർ മഹേഷ്**
**ശ്രീ. റോജി എം. ജോൺ**

**ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി മധു വധക്കേസിൽ സാക്ഷികളായ മുക്കാലി ഫോറസ്റ്റ് സെക്ഷൻ ഓഫീസിലെ ഉദ്യോഗസ്ഥനും വനം വകുപ്പ് വാച്ചറും കൂറുമാറിയ സംഭവം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) മജിസ്ട്രേറ്റിന്റെ മുൻപിൽ 164 സ്റ്റേറ്റ്മെന്റ് നൽകിയവർ പോലും കൂറുമാറുന്ന സംഭവം പ്രോസിക്യൂഷന്റെ വീഴ്ചകൊണ്ടാണോ എന്ന് വ്യക്തമാക്കാമോ;

(സി) മജിസ്ട്രേറ്റിന്റെ മുൻപിൽ നൽകിയ 164 സ്റ്റേറ്റ്മെന്റിന് വിരുദ്ധമായ മൊഴി വിചാരണ വേളയിൽ നൽകി കൂറുമാറിയ സാക്ഷികൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാനും ഐ. പി. സി. 193 വകുപ്പ് പ്രകാരം കേസ് എടുക്കാനും നടപടികൾ സ്വീകരിക്കുമോ?

## <u>കരുതൽ തടങ്കൽ</u>

102 **ശ്രീ . സണ്ണി ജോസഫ്**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ എം വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി പങ്കെടുക്കുന്ന ചടങ്ങുകളിലും സഞ്ചരിക്കുന്ന വഴിയരികിലും നിൽക്കുന്ന പ്രമുഖ പ്രതിപക്ഷ രാഷ്ട്രീയ പാർട്ടിയിലെ പ്രവർത്തകരെ പോലീസ് കസ്റ്റഡിയിലെടുത്ത് കരുതൽ തടങ്കലിൽ വയ്ക്കുന്നു എന്ന ആരോപണം വസ്തുതാപരമാണോ; വ്യക്തമാക്കാമോ;

(ബി) തോന്നയ്ക്കൽ കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ടിൽ മഹാകവി കുമാരനാശാന്റെ 150-ാം ജന്മവാർഷികാഘോഷവും ആശാൻ സൗധത്തിന്റെ നിർമ്മാണോദ്ഘാടനവും നടന്ന ചടങ്ങിൽ സ്വാഗത സംഘം ചെയർമാൻ കൂടിയായ വ്യക്തിയെ കരുതൽ തടങ്കലിൽ വച്ചു എന്നത് വസ്തുതയാണോ; വ്യക്തമാക്കാമോ;

(സി) ഏത് നിയമപ്രകാരമാണ് അപ്രകാരം കരുതൽ തടങ്കലിൽ വയ്ക്കുന്നത് എന്ന് വ്യക്തമാക്കാമോ?

## <u>ഷാർജ ഭരണാധികാരിയുടെ സന്ദർശനം</u>

103 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. എ . പി . അനിൽ കുമാർ**
**ശ്രീ എം വിൻസെൻറ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി. ലിറ്റ് ബിരുദം സ്വീകരിക്കാനെത്തിയ ഷാർജ ഭരണാധികാരിയെ റൂട്ട് മാറി ക്ലിഫ്ഹൗസിൽ എത്തിച്ചു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇതിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം വാങ്ങിയിരുന്നോയെന്ന്

വ്യക്തമാക്കാമോ;

(സി) ഷാർജ ഭരണാധികാരിയുടെ യാത്രയുടെ റൂട്ട് മാറ്റുന്നതിന് ഒരു പോലീസ് എ.ഡി.ജി.പി. നേതൃത്വം നൽകി എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കൂടിക്കാഴ്ചയ്ക്ക് ആധാരമായ വിഷയം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ?

**ഷാർജ ഭരണാധികാരിയുടെ റൂട്ട് മാപ്പ് മാറ്റൽ**

104 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി ലിറ്റ് ബിരുദം സ്വീകരിക്കാനായി കേരളത്തിൽ എത്തിയ ഷാർജ ഭരണാധികാരിയുടെ റൂട്ട് മാപ്പ് മാറ്റുന്നതിന് പോലീസ് ആസ്ഥാനത്തെ ഉന്നത ഉദ്യോഗസ്ഥൻ നേതൃത്വം നൽകിയെന്ന നയതന്ത്ര ബാഗേജ് സ്വർണ്ണ കടത്ത് കേസിലെ പ്രധാന പ്രതിയുടെ ആരോപണം വസ്തുതയാണോ;

(ബി) അല്ലെങ്കിൽ അവർക്കെതിരെ എന്തൊക്കെ നിയമനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

**സെക്രട്ടേറിയേറ്റിന് മുന്നിലെ സമരം**

105 **ശ്രീ എം വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ നേതൃത്വത്തിൽ സെക്രട്ടേറിയേറ്റിന് മുന്നിൽ നടത്തുന്ന സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സമരം സെക്രട്ടേറിയേറ്റിന് മുന്നിൽ എന്ന് മുതലാണ് ചെയ്യുന്നതെന്നും സമരം തുടങ്ങിയിട്ട് എത്ര ദിവസമായെന്നും പ്രശ്നം പരിഹരിക്കാൻ ഇതു വരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വിശദമാക്കുമോ?

**നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ പോലീസ് ഔട്ട് പോസ്റ്റിൽ രാത്രികാലങ്ങളിൽ സേവനം ലഭ്യമാക്കൽ**

106 **ശ്രീ കെ ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ പോലീസ് ഔട്ട് പോസ്റ്റിൽ രാത്രികാലങ്ങളിൽ പോലീസ് സേവനം ലഭ്യമാക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) രാത്രികാലങ്ങളിൽ പോലീസ് സേവനം ലഭ്യമാക്കാത്തതിനാൽ മോഷണം, ആക്രമണങ്ങൾ എന്നിവ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട പരാതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

**മുൻ ഡി. ജി. പി 4.3 കോടി രൂപ വക മാറ്റി ചെലവഴിച്ച നടപടി**

107 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അംഗീകരിച്ച പോലീസിന്റെ പ്ലാൻ ഫണ്ടിൽ നിന്നും സർക്കാർ അനുമതി കൂടാതെ മുൻ ഡി.ജി.പി 4.3 കോടി രൂപയുടെ പ്ലാൻ ഫണ്ട് വക മാറ്റി ചെലവഴിച്ച നടപടി സാധൂകരിക്കാൻ പാടില്ല എന്ന ധന വകുപ്പ് നിർദ്ദേശം മറികടന്ന് പ്രസ്തുത നടപടി മന്ത്രിസഭ സാധൂകരിക്കാനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ റിപ്പോർട്ടിൽ ഗുരുതര ക്രമക്കേട് ചൂണ്ടിക്കാട്ടിയിട്ടും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാത്തത് അഴിമതി പ്രോത്സാഹിപ്പിക്കുന്ന സമീപനമാണെന്ന ആക്ഷേപത്തെ ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു; ഇത് സംബന്ധിച്ച് ആഭ്യന്തര വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) ആഭ്യന്തര വകുപ്പിന്റെ അന്വേഷണത്തിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ആണോ പ്രസ്തുത നടപടി സാധൂകരിച്ചതെന്ന് വെളിപ്പെടുത്തുമോ; എങ്കിൽ പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പും നടപടി സാധൂകരിച്ച ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ?

## മുഖ്യമന്ത്രിയുടെ സുരക്ഷാ ഉദ്യോഗസ്ഥർ

108 **ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ സുരക്ഷയ്ക്കായി നാളിതുവരെ എത്ര പോലീസ്, സുരക്ഷാ ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്; ഏതൊക്കെ റാങ്കിൽപ്പെട്ട ഉദ്യോഗസ്ഥരെയാണ് അപ്രകാരം നിയമിച്ചത്;

(ബി) മേല്പറഞ്ഞ ഉദ്യോഗസ്ഥർക്ക് ശമ്പളം ഉൾപ്പെടെയുള്ള വിവിധ ആനുകൂല്യങ്ങളായി നാളിതുവരെ അനുവദിച്ചിട്ടുള്ള തുക ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഈ ഇനത്തിൽ നാളിതുവരെ സർക്കാരിന് ആകെ എത്ര രൂപ ചെലവായി എന്ന് വ്യക്തമാക്കുമോ?

## സംസ്ഥാന പോലീസിൽ പുതിയ സേനാ വിഭാഗങ്ങളുടെ രൂപീകരണം

109 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റകൃത്യങ്ങളിൽ ഡിജിറ്റൽ ഉപകരണങ്ങളുടെ ഉപയോഗം ഈയിടയായി വർദ്ധിച്ചു വരുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത്തരത്തിലുള്ള ഉപകരണങ്ങൾ ഉപയോഗിക്കുന്നത് കണ്ടുപിടിക്കുന്നതിന് പര്യാപ്തമായ പ്രത്യേക പോലിസ് സേനയെ ആവശ്യമെങ്കിൽ ക്വാളിഫിക്കേഷനിൽ ഭേദഗതി വരുത്തി രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം നൽകുമോ;

(സി) ക്രമസമാധാന പാലനത്തിനുള്ള പോലീസ് സേനയുടെ അംഗബലം നിലനിർത്തിക്കൊണ്ട് വ്യവസായ സ്ഥാപന സുരക്ഷിതത്വത്തിനും ടൂറിസം

മേഖലയുടെ സംരക്ഷണത്തിനുമായി പ്രത്യേക വിഭാഗം അഡീഷണലായി രൂപീകരിക്കുവാൻ കഴിയുമോ എന്ന് പരിശോധിക്കുമോ;

(ഡി) അത്തരത്തിൽ രൂപീകരിക്കുന്ന വിഭാഗത്തിൽ നിന്ന് സ്വകാര്യ സ്ഥാപനങ്ങളുടെ സുരക്ഷിതത്വത്തിനടക്കം നിശ്ചിത ഫീസ് ഈടാക്കി സേവനം നൽകുവാൻ കഴിയുമോ എന്ന കാര്യം കൂടി പരിശോധിക്കുമോ; വിശദാംശം നൽകുമോ;

(ഇ) നിലവിൽ ഏതെല്ലാം തരത്തിലുള്ള സേവനങ്ങൾക്കാണ് സംസ്ഥാന പോലീസ് സേനാംഗങ്ങളെ ഉപയോഗിക്കുന്നത് എന്നും അത്തരത്തിലുള്ള ഓരോ നിയോഗങ്ങൾക്കും പോലീസ് സേനയെ ഉപയോഗിക്കുമ്പോൾ ഈടാക്കുന്ന ഫീസ് നിരക്ക് ഉൾപ്പെടെയുള്ളവ സംബന്ധിച്ച വിശദാംശം നൽകുമോ?

## <u>സർവ്വീസ് ബുക്ക് പുനഃനിർമ്മിക്കുന്നതിന് നടപടി</u>

110 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തരിച്ച മുൻ പോലീസ് ഹെഡ് കോൺസ്റ്റബിൾ സി.കെ. വിശ്വനാഥന്റെ (HC 1531) സർവ്വീസ് ബുക്ക് നഷ്ടമായതിനാൽ ടിയാൻ ജോലി നോക്കിയ യൂണിറ്റുകളിൽ നിന്നും രേഖകൾ ശേഖരിച്ച് സർവ്വീസ് ബുക്ക് പുനഃനിർമ്മിക്കുന്നതിന് സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ചിനു നിർദ്ദേശം നൽകിയത് ഏത് തീയതിയിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) ടിയാന്റെ സർവ്വീസ് ബുക്ക് പുനഃനിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്: അതിനായി ഏതെല്ലാം യൂണിറ്റുകളിൽ നിന്നും വിവരം ശേഖരിക്കേണ്ടതുണ്ട്; ഏതെല്ലാം യൂണിറ്റുകളിൽ നിന്നും മറുപടി ലഭിച്ചിട്ടുണ്ട്; എന്നിവ വ്യക്തമാക്കാമോ;

(സി) ടിയാന്റെ ആശ്രിതയ്ക്ക് കുടുംബപെൻഷൻ അനുവദിക്കുന്നതിന് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കുടുംബപെൻഷൻ നൽകുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്നും അത് എന്നത്തേക്ക് അനുവദിക്കുമെന്നും വ്യക്തമാക്കാമോ?

## <u>പോലീസ് രജിസ്റ്റർ ചെയ്ത കേസ്സിലെ കുറ്റപത്രം</u>

111 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ മഞ്ചേശ്വരം മണ്ഡലത്തിലെ സ്വതന്ത്ര സ്ഥാനാർത്ഥിയെ സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനായി തട്ടിക്കൊണ്ടുപോയി ഭീഷണിപ്പെടുത്തി പണം നൽകിയതുമായി ബന്ധപ്പെട്ട് പോലീസ് രജിസ്റ്റർ ചെയ്ത കേസ്സിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) അതിലെ പ്രതികൾ ആരൊക്കെയാണ്; അവരിൽ ആരെങ്കിലും നിലവിൽ ഏതെങ്കിലും രാഷ്ട്രീയപാർട്ടിയുടെ ഭാരവാഹിത്വം നിർവ്വഹിക്കുന്നവരാണോ; വിശദമാക്കാമോ?

## <u>വിദ്യാർത്ഥികളെ ആക്രമിച്ച സംഭവത്തിൽ നടപടി</u>

112 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം

മറുപടി നൽകുമോ:

(എ) പാലക്കാട് കരിമ്പ ഹയർസെക്കണ്ടറി സ്കൂളിലെ വിദ്യാർത്ഥികളെ ആക്രമിച്ച സംഭവത്തിൽ നിയമനടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## യൂത്ത് കോൺഗ്രസ് പ്രവർത്തകരെ മർദിച്ച കേസ്

113 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂത്ത് കോൺഗ്രസ് പ്രവർത്തകരെ വിമാനത്തിൽ വച്ച് മർദ്ദിച്ചതിന് ഇടതു മുന്നണി കൺവീനർക്കെതിരെ കോടതി നിർദ്ദേശ പ്രകാരം കേസ് എടുത്തിട്ടുണ്ടോ; എങ്കിൽ അദ്ദേഹത്തെ ചോദ്യം ചെയ്തിട്ടുണ്ടോ; നാളിതുവരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ;

(ബി) മുഖ്യമന്ത്രിക്കെതിരെ വിമാനത്തിൽ പ്രതിഷേധിച്ച കേസിലെ ജാമ്യ വ്യവസ്ഥ പ്രകാരം തിരുവനന്തപുരം ജില്ലയിൽ പ്രവേശിക്കാൻ സാധിക്കാത്തവരുടെ മൊഴി മറ്റേതെങ്കിലും സ്ഥലത്ത് വെച്ച് എടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) എൽ ഡി എഫ് കൺവീനർ ശിക്ഷിക്കപ്പെടാതിരിക്കാൻ വേണ്ടി പോലീസ് പ്രസ്തുത കേസ് അട്ടിമറിക്കുന്നുവെന്ന ആരോപണത്തെ ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ നടപടികൾ വേഗത്തിലാക്കുമോ ?

## എസ്.പി.സി. യൂണിറ്റുകൾ അനുവദിക്കൽ

114 **ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര എസ്.പി.സി. യൂണിറ്റുകൾ പുതുതായി അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഒരു പോലീസ് സ്റ്റേഷൻ പരിധിയിൽ എത്ര സ്കൂളുകൾക്കാണ് എസ്.പി.സി. യൂണിറ്റുകൾ അനുവദിക്കുന്നത്; ഇത് സംബന്ധിച്ച് എന്തെങ്കിലും നിബന്ധനകൾ നിലവിലുണ്ടോ;

(സി) എസ്.പി.സി. ട്രെയിനിംഗിനുവേണ്ടി ഹോം ഗാർഡുകളെ നിയോഗിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) കൂടുതൽ സ്കൂളുകളിൽ എസ്.പി.സി. യൂണിറ്റുകൾ അനുവദിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടുവരുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

## കൊടുങ്ങല്ലൂർ നിയോജക മണ്ഡലത്തിലെ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി

115 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ നിയോജക മണ്ഡലത്തിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി ഏതൊക്കെ സ്കൂളുകളിലാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ;

(ബി) എസ്.പി.സി. അനുവദിക്കുന്നതിന് പ്രസ്തുത നിയോജക മണ്ഡലത്തിൽ നിന്നും ഏതൊക്കെ സ്കൂളുകളാണ് പുതിയതായി അപേക്ഷ സമർപ്പിച്ചതെന്നും ആയതിൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ?

## സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി

116 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയ്ക്കായി പ്രതിവർഷം ശരാശരി എത്ര കോടി രൂപ ചെലവഴിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ എത്ര കുട്ടികൾ അതിന്റെ ഭാഗമായി പ്രവർത്തിക്കുന്നുവെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതിയിലൂടെ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന കുട്ടികൾക്ക് എന്തൊക്കെ പ്രോത്സാഹനങ്ങളും ആനുകൂല്യങ്ങളും നൽകി വരുന്നുവെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയിലുൾപ്പെട്ട വിദ്യാർത്ഥികൾക്ക് തുടർ വിദ്യാഭ്യാസത്തിനും പി.എസ്.സി. നിയമനങ്ങൾക്കും എന്തെല്ലാം സൗകര്യങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

## സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമങ്ങൾ

117 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ 1 മുതൽ നാളിതുവരെ സംസ്ഥാനത്ത് സ്ത്രീകൾ, കുട്ടികൾ, ട്രാൻസ് ജെൻഡറുകൾ വയോജനങ്ങൾ എന്നിവർക്ക് നേരെ നടന്ന അതിക്രമങ്ങൾ, സ്ത്രീധന പീഡനങ്ങൾ, സ്ത്രീധന പീഡന മരണങ്ങൾ എന്നിവ എത്ര വീതമെന്ന് ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്കുകൾ പ്രകാരം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസ്സുകളിൽ എത്ര എണ്ണത്തിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചു; എത്ര കേസ്സുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടു; എത്ര കേസ്സുകളിൽ പ്രതികളെ വെറുതെ വിട്ടു; അന്വേഷണം പൂർത്തിയാക്കാത്ത കേസ്സുകൾ എത്രയെന്നും അവ ഏതൊക്കെയെന്നും വിശദമാക്കുമോ?

## അട്ടപ്പാടി മധു വധക്കേസ്

118 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ**
**ശ്രീ പി സി വിഷ്ണുനാഥ്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി മധു വധക്കേസിൽ സർക്കാർ നിയമിച്ച രണ്ട് പ്രോസിക്യൂട്ടർമാർക്കും അലവൻസുകളോ സൗകര്യങ്ങളോ അനുവദിക്കാത്തത് കാരണം പിന്മാറിയ സാഹചര്യമുണ്ടായിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ;

(ബി) പ്രസ്തുത കേസിൽ സാക്ഷികൾ കൂറുമാറുന്നത് സർക്കാരിന്റെ അനാസ്ഥ

കാരണമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## കൊലപാതകം, കൊലപാതകശ്രമം കേസ്സുകളുടെ വിവരങ്ങൾ

119 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 ജൂൺ 1 മുതൽ നാളിതുവരെ നടന്ന കൊലപാതകം, കൊലപാതകശ്രമം എന്നിവ എത്രയെന്ന് ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്കുകൾ പ്രകാരം വ്യക്തമാക്കുമോ;

(ബി) അപ്രകാരമുള്ള എത്ര കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചു; എത്ര കേസ്സുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടു; എത്ര കേസ്സുകളിൽ പ്രതികളെ വെറുതെ വിട്ടു; വ്യക്തമാക്കുമോ;

(സി) അന്വേഷണം പൂർത്തിയാക്കാത്ത എത്ര കേസ്സുകൾ നിലവിലുണ്ട്; അവ ഏതൊക്കെയാണ് ; വിശദമാക്കുമോ?

## അട്ടപ്പാടി മധു വധകേസിൽ സാക്ഷികൾക്ക് സംരക്ഷണം

120 **ശ്രീ . ഷാഫി പറമ്പിൽ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി മധു വധക്കേസ്സിൽ സാക്ഷികൾക്ക് ആവശ്യമായ സംരക്ഷണം ഒരുക്കാൻ തയ്യാറാകുമോ;

(ബി) പ്രസ്തുത കേസിൽ കൂറുമാറിയതും മജിസ്ട്രേറ്റിന്റെ മുൻപിൽ 164 സ്റ്റേറ്റ്മെന്റ് നൽകിയതുമായ സാക്ഷികളെ സി.ആർ.പി.സി. സെക്ഷൻ 311 പ്രകാരം വീണ്ടും വിചാരണ ചെയ്യാൻ കോടതിയിൽ അപേക്ഷ നൽകുമോ എന്ന് വ്യക്തമാക്കാമോ;

(സി) അട്ടപ്പാടിയിൽ കൊലചെയ്യപ്പെട്ട മധുവിന്റെ കുടുംബത്തിന് നീതി ലഭ്യമാക്കാനും കുറ്റവാളികൾക്ക് അർഹമായ ശിക്ഷ നേടിക്കൊടുക്കാനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

## അതിഥി തൊഴിലാളികൾ നിമിത്തം സംസ്ഥാനത്ത് ഉണ്ടാകുന്ന മരണങ്ങൾ

121 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിഥി തൊഴിലാളികൾ നിമിത്തം 2016 മുതൽ സംസ്ഥാനത്ത് എത്ര ആളുകൾക്ക് മരണം സംഭവിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## കൊടിയത്തൂർ മുക്കുപണ്ട പണയ തട്ടിപ്പ് കേസ്

122 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്, കൊടിയത്തൂർ കേന്ദ്രീകരിച്ച് നടന്ന മുക്കപണ്ട പണയ തട്ടിപ്പ് കേസിന്റെ വിശാദാംശങ്ങളും നിലവിലെ അവസ്ഥയും വ്യക്തമാക്കുമോ;

(ബി) ഇതിന്റെ പിന്നിലുള്ള റാക്കറ്റുകളെക്കുറിച്ച് വ്യക്തമായ വിവരങ്ങൾ ലഭിക്കുന്നതിന് സമഗ്രാന്വേഷണത്തിന് നടപടികൾ സ്വീകരിക്കുമോ?

## സാറ്റലൈറ്റ് ഫോണുമായി വിദേശ പൗരൻ പിടിയിലായ കേസ്

123 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരോധിത സാറ്റലൈറ്റ് ഫോണുമായി കേരളത്തിൽ പിടിയിലായ വിദേശ പൗരനെ രക്ഷപ്പെടുത്തുന്നതിനായി മുഖ്യമന്ത്രിയുടെ ഓഫീസ് നിയമവിരുദ്ധമായി ഇടപെട്ടുവെന്ന സ്വർണ്ണക്കടത്ത് കേസിലെ പ്രധാനപ്രതിയുടെ ആരോപണം വസ്തുതാപരമാണോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത ആരോപണം തെറ്റാണെങ്കിൽ അവർക്കെതിരെ കേസെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## സാമ്പത്തിക കുറ്റകൃത്യങ്ങൾ തടയുന്നതിന് നടപടികൾ

124 **ശ്രീ പി എസ് സുപാൽ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ വി ശശി**
**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമ്പത്തിക കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിന് ഫലപ്രദമായ സംവിധാനം ഉണ്ടാകേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പണമിടപാടുകളും കടമെടുപ്പുകളും ഇൻഷ്വറൻസുകളും ധന മാനേജ്മെന്റും ഡിജിറ്റലായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഉപഭോക്താക്കൾക്ക് ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിൽ സുരക്ഷ ഒരുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) അനധികൃത നിക്ഷേപ പദ്ധതികളെ കുറിച്ചുള്ള പ്രചാരണങ്ങളും പരസ്യങ്ങളും കർശനമായി നിരീക്ഷിക്കുന്നതിനും തട്ടിപ്പ് തടയുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) സാമ്പത്തിക കുറ്റകൃത്യങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനായി പോലീസിൽ പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## നിരോധിത സാറ്റലൈറ്റ് ഫോൺ പിടികൂടിയ കേസ്

125 **ശ്രീ . എൻ . ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ നിരോധിത സാറ്റലൈറ്റ് ഫോണുമായി ഏതെങ്കിലും യു.എ.ഇ. പൗരനെ സി.ഐ.എസ്.എഫ്.

പിടികൂടി പോലീസിന് കൈമാറിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രതിയെ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും നിലവിൽ ആ പ്രതിയെ വിട്ടയച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(സി) ഈ കേസിലെ പ്രതിയെ വിട്ടയക്കുവാൻ മുഖ്യമന്ത്രിയുടെ ഓഫീസ് പോലീസിൽ ഇടപെടൽ നടത്തിയിട്ടുണ്ടെന്ന സ്വർണ്ണ കള്ളക്കടത്ത് കേസ് പ്രതിയുടെ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ?

**<u>രാഷ്ട്രീയ പാർട്ടി ഓഫീസുകൾക്ക് നേരെയുള്ള ആക്രമണങ്ങൾ</u>**

126 **ശ്രീ. എ . പി . അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം രാഷ്ട്രീയ പാർട്ടി ഓഫീസുകൾക്ക് നേരെ എത്ര തവണ ആക്രമണങ്ങൾ ഉണ്ടായിട്ടുണ്ടെന്നും അതിന്റെ അടിസ്ഥാനത്തിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേസ്സുകളിന്മേൽ ഏതൊക്കെ വകുപ്പുകളാണ് ചുമത്തിയിട്ടുള്ളത്; അതിന്റെ അടിസ്ഥാനത്തിൽ എത്ര പേരെ അറസ്റ്റു ചെയ്തിട്ടുണ്ട്; എത്ര കേസ്സുകൾ കോടതികളിലേക്ക് റഫർ ചെയ്തിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) ഓരോ രാഷ്ട്രീയ പാർട്ടികളുടേയും എത്ര ഓഫീസുകൾ ആക്രമിക്കപ്പെട്ടിട്ടുണ്ടെന്ന് തരം തിരിച്ച് വ്യക്തമാക്കാമോ?

**<u>കുത്താട്ടുകുളം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1146/21, യു.എസ്. 427, 436 ഐ.പി.സി. കേസിന്റെ അന്വേഷണം</u>**

127 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്താട്ടുകുളം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1146/21, യു.എസ്. 427, 436 ഐ.പി.സി. ആയി രജിസ്റ്റർ ചെയ്തിട്ടുള്ള കേസിന്റെ അന്വേഷണ പുരോഗതി വെളിപ്പെടുത്താമോ;

(ബി) ഈ കേസുമായി ബന്ധപ്പെട്ട് പോലീസ് അന്വേഷണത്തിൽ നാളിതുവരെ കണ്ടെത്തിയ വിവരങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത കേസിന്റെ കാര്യത്തിൽ സി.ആർ.പി.സി.യിലെ വകുപ്പുകൾ പ്രകാരമുള്ള ചുമതലകൾ പാലിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്താൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(ഡി) പ്രസ്തുത സ്റ്റേഷനിൽ നിലവിലുള്ള സേനാബലവും സജ്ജീകരണങ്ങളും പ്രതികളെ കണ്ടെത്തുന്നതിനായി വേണ്ടത്ര പര്യാപ്തമല്ലെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ പ്രതികളെ അറസ്റ്റ് ചെയ്യാൻ വൈകുന്നതിന്റെ കാരണമെന്തെന്ന് വിശദമാക്കാമോ;

(ഇ) ഇതുമായി ബന്ധപ്പെട്ട് ഫോറൻസിക് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(എഫ്) 2019 ജനവരി മുതൽ കൂത്താട്ടുകുളം പോലീസ് സ്റ്റേഷനിൽ ഇത്തരത്തിൽ

അന്വേഷണം പൂർത്തീകരിക്കാത്ത എത്ര കേസുകൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ; പ്രസ്തുത കേസുകളുടെ ക്രൈം നമ്പർ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ജി) ഇത്തരത്തിൽ കാലതാമസം വരുത്തുന്ന കേസുകളിൽ അടിയന്തര നടപടികൾ സ്വീകരിക്കാൻ എന്തെല്ലാം നടപടികൾ ആഭ്യന്തര വകുപ്പ് സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

## നിരോധിത സാറ്റലൈറ്റ് ഫോണുമായി പിടിയിലായ വിദേശ പൗരൻ

128 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് നിരോധിത സാറ്റലൈറ്റ് ഫോണുമായി കേരളത്തിൽ പിടിയിലായ വിദേശ പൗരനെ രക്ഷപ്പെടുത്തുന്നതിനായി യു.എ.ഇ. കോൺസുലേറ്റിൽ നിന്നും മുഖ്യമന്ത്രിയുടെ ഓഫീസിനെ ബന്ധപ്പെട്ടിരുന്നോ; എങ്കിൽ ഏത് ഉദ്യോഗസ്ഥനെയാണ് ബന്ധപ്പെട്ടത്;

(ബി) അക്കാര്യം മുഖ്യമന്ത്രിയെ അറിയിച്ചിരുന്നോ; എങ്കിൽ മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നും യു.എ.ഇ. കോൺസുലേറ്റിന് നൽകിയ മറുപടി എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ?

## മുൻ ഡി. ജി. പി യുടെ ആരോപണം

129 **ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പല കേസുകളിലും അന്വേഷണ സംഘം വ്യാജ ഫോറൻസിക് റിപ്പോർട്ട് ഉണ്ടാക്കിയിട്ടുണ്ടെന്ന മുൻ ഡി. ജി. പി. യുടെ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതേക്കുറിച്ച് അന്വേഷിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് ഏതെങ്കിലും അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ചില പോലീസ് ഉദ്യോഗസ്ഥർ പത്രക്കാരെ മദ്യവും മറ്റും നൽകി സ്വാധീനിക്കുന്നുവെന്നും കള്ളകേസുകൾ എടുക്കുന്നുവെന്നുമുള്ള അതേ ഉദ്യോഗസ്ഥയുടെ ആരോപണം അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ പൊലീസിലെ മാഫിയ ബന്ധം അന്വേഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഫോറൻസിക് വകുപ്പിനെ ആഭ്യന്തര വകുപ്പിൽ നിന്നും വേർപെടുത്തി മുഖ്യമന്ത്രിയുടെ കീഴിൽ സ്വതന്ത്ര വകുപ്പ് ആക്കുന്ന കാര്യം പരിഗണിക്കുമോ?

## വടകര പോലീസ് സ്റ്റേഷനിലെ കസ്റ്റഡി മരണം

130 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 ജൂലൈ 21-ന് വടകര പോലീസ് കസ്റ്റഡിയിലെടുത്ത സജീവൻ, പോലീസ് കസ്റ്റഡിയിലിരിക്കെ മരണമടയുകയുണ്ടായോ; അക്കാര്യത്തിൽ പോലീസിന്റെ ഭാഗത്തുനിന്നും വീഴ്ച ഉണ്ടായിട്ടുണ്ടോ;

(ബി) ഇതേ തുടർന്ന് പ്രസ്തുത പോലീസ് സ്റ്റേഷനിലെ മുഴുവൻ പോലീസുകാരെയും വിവിധ സ്റ്റേഷനുകളിലേക്ക് സ്ഥലംമാറ്റുകയുണ്ടായോ; എങ്കിൽ അപ്രകാരം സ്ഥലം മാറ്റുന്നതിനുണ്ടായ സാഹചര്യം എന്താണെന്ന് വിശദമാക്കുമോ;

(സി) ഈ കേസിൽ സ്റ്റേഷനിലെ മുഴുവൻ പോലീസുകാർക്കും പങ്കുണ്ടെന്ന് സർക്കാർ കണ്ടെത്തുകയുണ്ടായോ;

(ഡി) ഈ സംഭവത്തിൽ ആരൊക്കെയാണ് കുറ്റക്കാരെന്ന് കണ്ടെത്തിയിട്ടുള്ളത് ഇവർക്കെതിരെ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ഇ) കസ്റ്റഡിയിലിരിക്കെ മരണമടഞ്ഞ സജീവന്റെ കുടുംബാംഗങ്ങൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ എന്തൊക്കെ സഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത് വിശദമാക്കുമോ?

## ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്കുകൾ

131 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ 1 മുതൽ നാളിതുവരെ സംസ്ഥാനത്ത് നടന്ന ഗുണ്ടാ ആക്രമണങ്ങൾ, ബോംബാക്രമണങ്ങൾ, ബോംബ് നിർമ്മാണത്തിനിടെയുള്ള സ്ഫോടനങ്ങൾ എന്നിവ എത്ര വീതമെന്ന് ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്കുകൾ പ്രകാരം വ്യക്തമാക്കുമോ;

(ബി) എത്ര കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചു; എത്ര കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടു; എത്ര കേസുകളിൽ പ്രതികളെ വെറുതെ വിട്ടു; വ്യക്തമാക്കാമോ;

(സി) അന്വേഷണം പൂർത്തിയാക്കാത്ത എത്ര കേസുകൾ നിലവിലുണ്ടെന്നും അവ ഏതൊക്കെ കേസുകളാണെന്നും വ്യക്തമാക്കുമോ?

## ഗുണ്ടാസംഘങ്ങളെ അമർച്ച ചെയ്യാൻ നടപടി

132 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ . പി . ഉബൈദുള്ള**
**ശ്രീ. അബ്ദുൽ ഹമീദ് പി**
**പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം ഉൾപ്പടെയുള്ള നഗരങ്ങളിൽ ഗുണ്ടാ സംഘങ്ങളുടെ പ്രവർത്തനങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഗുണ്ടകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിൽ പോലീസ് ഇന്റലിജൻസ് വിഭാഗത്തിന് വീഴ്ച സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) ഗുണ്ടാസംഘങ്ങളെ അമർച്ച ചെയ്യുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

## സൈബർ സാമ്പത്തിക കുറ്റകൃത്യങ്ങൾ അന്വേഷിക്കാൻ പോലീസ് ഉദ്യോഗസ്ഥരുടെ നിയമനം

133 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-കോമേഴ്സ് വിപണി സജീവമായതോടെ ഓൺലൈൻ വ്യാപാരത്തിലെ കുറ്റകൃത്യങ്ങൾ, എ.ടി.എം. തട്ടിപ്പ്, സാമൂഹ്യ മാധ്യമങ്ങൾ വഴിയുള്ള തട്ടിപ്പ്, ഓഹരി കമ്പോളത്തിലെ കബളിപ്പിക്കൽ, സ്വകാര്യചിട്ടി തട്ടിപ്പ് എന്നിവ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സൈബർ സാമ്പത്തിക കുറ്റകൃത്യങ്ങൾ അന്വേഷിക്കാൻ പരിശീലനം നേടിയ പോലീസ് ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## പുതിയ പോലീസ് സ്റ്റേഷനുകൾ

134 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയൊക്കെ ആണെന്ന് അറിയിക്കാമോ;

(ബി) പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് ഡി.ജി.പി. ശിപാർശ നൽകിയിട്ടുള്ളത് ഏതൊക്കെ സ്ഥലത്താണെന്ന് വ്യക്തമാക്കാമോ?

## മാങ്കുളം പോലീസ് സ്റ്റേഷൻ

135 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ മാങ്കുളത്ത് പോലീസ് സ്റ്റേഷൻ ആവശ്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാങ്കുളത്ത് പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള നപടി സ്വീകരിക്കുമോ?

## എടക്കര പോലീസ് സ്റ്റേഷൻ കെട്ടിടനിർമ്മാണം

136 **ശ്രീ. പി.വി.അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ എടക്കര പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ച വർഷം; നിലവിൽ ടി പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്നത് വാടക കെട്ടിടത്തിലാണോ; ആ ഇനത്തിൽ സർക്കാർ നൽകുന്ന പ്രതിമാസ വാടക എത്ര; നിലവിൽ പ്രവർത്തിക്കുന്ന വാടകക്കെട്ടിടത്തിൽ സൗകര്യങ്ങൾ കുറവാണെന്നും മഴക്കാലത്ത് ചോർച്ചയടക്കമുള്ള പ്രശ്നങ്ങളുണ്ടെന്നുമുള്ള വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അക്കാര്യം പരിശോധിക്കുമോ; എന്നിവ വിശദക്കാമോ;

(ബി) എടക്കര പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കാൻ മൂന്ന് വ്യക്തികൾ ചേർന്ന് സൗജന്യമായി ലഭ്യമാക്കിയ അൻപത് സെന്റ് ഭൂമി വർഷങ്ങൾ കഴിഞ്ഞിട്ടും

ഏറ്റെടുക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത ഭൂമി എടക്കര ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് ആഭ്യന്തര വകുപ്പിന് കൈമാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള തടസ്സങ്ങൾ എന്താണെന്ന് അറിയിക്കാമോ;

(ഡി) എടക്കര പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട ഭൂമിയുടെ തരംമാറ്റുന്നതിനുള്ള അപേക്ഷ തീർപ്പാകാതെ എത്രവർഷമായി സ്റ്റേറ്റ് ലെവൽ കമ്മിറ്റിയുടെ പരിഗണനയിലാണെന്ന് അറിയിക്കാമോ; സർക്കാർ ഓഫീസ് കെട്ടിട നിർമ്മാണത്തിനായിട്ടും ഇത്രയും കാലം ടി ഫയലിൽ തീരുമാനമെടുക്കാതിരുന്നതിന്റെ കാരണവും വിശദമാക്കാമോ;

(ഇ) പ്രസ്തുത ഫയലിൽ അടിയന്തരമായി തീർപ്പുണ്ടാക്കി എടക്കര പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ; വിശദമാക്കാമോ?

## വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം

137 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന വാടാനപ്പള്ളി പോലീസ് സ്റ്റേഷന് വാടാനപ്പള്ളി-തൃശ്ശൂർ പാതയുടെ സമീപത്ത് സ്വന്തമായുള്ള ഭൂമിയിൽ കെട്ടിടം നിർമ്മിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അടങ്കൽ തുക എത്രയാണെന്ന് അറിയിക്കാമോ;

(സി) കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകാമോ?

## പൂഞ്ഞാർ തെക്കേക്കര കേന്ദ്രമാക്കി പോലീസ് സ്റ്റേഷൻ സ്ഥാപിക്കൽ

138 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ഈരാറ്റുപേട്ട പോലീസ് സ്റ്റേഷനെ വിഭജിച്ച് പൂഞ്ഞാർ തെക്കേക്കര കേന്ദ്രമാക്കി പുതിയ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## നെയ്യാറ്റിൻകര പ്ലാമൂട്ടുകടയിലെ പുതിയ പോലീസ് സ്റ്റേഷൻ

139 **ശ്രീ കെ ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര പ്ലാമൂട്ടുകടയിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനു വേണ്ടി എം.എൽ.എ. യുടെ നിവേദന പ്രകാരം സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സമുണ്ടോയെന്ന് വ്യക്തമാക്കാമോ?

## മുഖ്യമന്ത്രിക്ക് വാങ്ങിയ പുതിയ വാഹനങ്ങൾ

140 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ യാത്രയ്ക്കും സുരക്ഷാക്രമീകരണങ്ങൾക്കുമായി നാളിതുവരെ എത്ര പുതിയ വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്; ഏതൊക്കെ വാഹനങ്ങളാണ് വാങ്ങിയത്; ഓരോന്നിനും ചെലവഴിച്ച തുക ഇനം തിരിച്ച് വ്യക്തമാക്കുമോ?

## പാലമേൽ ഗ്രാമപഞ്ചായത്തിലെ മറ്റം പള്ളിയിലെ പദ്ധതി നടത്തിപ്പ്

141 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിലെ പാലമേൽ ഗ്രാമപഞ്ചായത്തിലെ മറ്റം പള്ളിയിൽ ആഭ്യന്തര വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം ഏത് പദ്ധതിയ്ക്കായി ഉപയോഗപ്രദമാക്കാൻ കഴിയുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) അവിടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ വിശദവിവരം ലഭ്യമാക്കുമോ?

## മുഖ്യമന്ത്രിയുടെ ഔദ്യോഗികവാഹനം

142 **ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ഉപയോഗത്തിനായി ഡൽഹിയിൽ സർക്കാർ വാഹനം വാങ്ങാൻ തീരുമാനിച്ചതിന്റെ കാരണം വിശദമാക്കാമോ; ഏത് വാഹനമാണ് വാങ്ങുന്നത്; അതിനായി തുക അനുവദിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) മുഖ്യമന്ത്രിയുടെ ഉപയോഗത്തിനായി കിയ കാർണിവൽ തെരഞ്ഞെടുക്കാനുള്ള കാരണം; പ്രസ്തുത വാഹനത്തിന്റെ വില എത്ര; എന്നിവ വ്യക്തമാക്കുമോ;

(സി) മുഖ്യമന്ത്രിയുടെ ഔദ്യോഗിക കാറിന് അകമ്പടിയായി എസ്കോർട്ട്, പൈലറ്റ്, ആംബുലൻസ്, മറ്റ് സുരക്ഷാ വാഹനങ്ങൾ ഉൾപ്പെടെ എത്ര വാഹനങ്ങളാണ് സഞ്ചരിക്കുന്നത്; അകമ്പടി വാഹനങ്ങളിലെ ഉദ്യോഗസ്ഥരുടെ എണ്ണം, അവരുടെ ഒരു മാസത്തെ ശമ്പളം എന്നിവ എത്രയെന്ന് വ്യക്തമാക്കാമോ?

## നിരോധിത സാറ്റലൈറ്റ് ഫോൺ

143 **ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-ൽ നിരോധിത സാറ്റലൈറ്റ് ഫോണുമായി നെടുമ്പാശ്ശേരിയിൽ പിടിയിലായ യു.എ.ഇ. പൗരനെ കുറ്റവിമുക്തനാക്കാൻ മുഖ്യമന്ത്രിയുടെ ഓഫീസ് കൂട്ടുനിന്നു എന്ന ആരോപണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സംഭവത്തിൽ പോലീസ് അന്വേഷണം നടത്തിയിരുന്നോ; വ്യക്തമാക്കാമോ;

(സി) പിടിച്ചെടുത്ത ഫോണുൾപ്പെടെ പ്രതിയെ കസ്റ്റഡിയിലെടുത്ത് പരിശോധന നടത്തിയിരുന്നോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) ഇന്ത്യൻ വയർലെസ്സ് ആക്ട്, ഇന്ത്യൻ ടെലിഗ്രാഫ് ആക്ട് എന്നീ നിയമങ്ങൾ പ്രകാരം കേസ് എടുക്കാൻ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ; വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത ഫോൺ പരിശോധനയ്ക്ക് അയച്ചിരുന്നോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(എഫ്) പ്രസ്തുത വ്യക്തിയുടെ ജാമ്യാപേക്ഷ സർക്കാർ കോടതിയിൽ എതിർത്തിരുന്നോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

## <u>മുഖ്യമന്ത്രിയുടെ യു.എ.ഇ. സന്ദർശനം</u>

144 **ശ്രീ . ഷാഫി പറമ്പിൽ**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ പി സി വിഷ്ണുനാഥ്**
**ശ്രീമതി.ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ 2016 -ലെ യു.എ.ഇ. സന്ദർശന വേളയിൽ യു. എ. ഇ. കോൺസുലേറ്റ് വഴി എന്തെങ്കിലും സാധനങ്ങൾ സംസ്ഥാന സർക്കാർ യു. എ. ഇ.യിൽ എത്തിച്ചിരുന്നോ; എങ്കിൽ അന്ന് യു. എ. ഇ. കോൺസുലേറ്റ് വഴി യു. എ. ഇ.യിൽ എത്തിച്ചത് എന്തായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) 2016 -ലെ മുഖ്യമന്ത്രിയുടെ യു.എ.ഇ. സന്ദർശന വേളയിൽ യു. എ. ഇ. കോൺസുലേറ്റ് വഴി സാധനങ്ങൾ എത്തിച്ചു കൊടുത്തു എന്ന മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി കസ്റ്റംസിന് മൊഴി നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത മൊഴി അസത്യമാണെങ്കിൽ ടി ഉദ്യോഗസ്ഥനെതിരെ നടപടി എടുക്കാൻ തയ്യാറാകുമോ?

## <u>സ്റ്റേറ്റ് സെക്യൂരിറ്റി കമ്മീഷൻ പ്രവർത്തനം</u>

145 **ശ്രീമതി.ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസ് ആക്ട് നിഷ്കർഷിക്കുന്ന സ്റ്റേറ്റ് സെക്യൂരിറ്റി കമ്മീഷൻ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) സ്റ്റേറ്റ് സെക്യൂരിറ്റി കമ്മീഷൻ എത്ര തവണ യോഗങ്ങൾ ചേർന്നിട്ടുണ്ട്; യോഗ തീരുമാനങ്ങൾ; എന്നിവ വ്യക്തമാക്കുമോ; നിലവിൽ കമ്മീഷൻ യോഗങ്ങൾ ചേരുന്നില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) സ്റ്റേറ്റ് സെക്യൂരിറ്റി കമ്മീഷനുമായി ബന്ധപ്പെട്ട് ഭാവിയിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) കമ്മീഷനിലെ ഔദ്യോഗിക, അനൗദ്യോഗിക അംഗങ്ങൾ ആരെക്കെയാണെന്ന് വ്യക്തമാക്കുമോ?

**<u>ഷാർജ ഭരണാധികാരിയുടെ കേരള സന്ദർശനം</u>**

146 **ശ്രീ . സണ്ണി ജോസഫ്**
**ശ്രീമതി കെ.കെ.രമ**
**ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-20 കാലഘട്ടത്തിൽ വിദേശകാര്യ മന്ത്രാലയത്തിന്റെ അനുമതിയില്ലാതെ യു.എ.ഇ. കോൺസുലേറ്റ് ജനറൽ മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയായ ക്ലിഫ് ഹൗസിൽ കൂടിക്കാഴ്ച നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ കൂടിക്കാഴ്ചയ്ക്ക് ആധാരമായ വിഷയം എന്തായിരുന്നു എന്ന് വ്യക്തമാക്കാമോ;

(സി) ഡി. ലിറ്റ്. ബിരുദം സ്വീകരിക്കാനെത്തിയ ഷാർജ ഭരണാധികാരിയെ ക്ലിഫ്ഹൗസിൽ കൊണ്ടുവന്നിരുന്നു എന്നത് വസ്തുതയാണോ?

**<u>പോലീസ് സേനയിലെ ഡ്രൈവർ ക്ഷാമം</u>**

147 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിലെ ഡ്രൈവർ ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ക്ഷാമം പരിഹരിക്കുന്നതിനും, തസ്തിക ക്രമീകരിക്കുന്നതിനും വേണ്ടി പഠന റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) പോലീസിലെ ഡ്രൈവർ ക്ഷാമം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

**<u>നഗരൂർ പോലീസ് സ്റ്റേഷനിലെ എസ്.എച്ച്.ഒ. നിയമനം</u>**

148 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരൂർ പോലീസ് സ്റ്റേഷനിൽ എസ്.എച്ച്.ഒ. ആയി സർക്കിൾ ഇൻസ്പെക്ടറെ നിയമിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്; വിശദമാക്കുമോ?

**<u>കുടുംബകോടതികൾ</u>**

149 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ നിലവിൽ എത്ര കുടുംബകോടതികൾ ഉണ്ട്; ഓരോ കോടതിയും നിലവിൽ എത്ര കേസുകൾ കൈകാര്യം ചെയ്യുന്നുണ്ട്; വിശദമാക്കാമോ;

(ബി) വടകര കുടുംബകോടതിയിൽ നിലവിൽ ജഡ്ജി ഉണ്ടോ; വടകര കുടുംബകോടതിയുടെ പ്രവർത്തനപരിധി വ്യക്തമാക്കാമോ;

(സി) മലയോര മേഖല ഉൾപ്പെടെയുള്ള പേരാമ്പ്ര പ്രദേശത്ത് നിന്നും വടകര കുടുംബകോടതിയിൽ എത്തിച്ചേരുന്നതിനുള്ള പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രയാസങ്ങൾ പരിഗണിച്ച് പേരാമ്പ്ര ആസ്ഥാനമായി കുടുംബകോടതി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## മാധ്യമപ്രവർത്തകനെ കാറിടിപ്പിച്ച് കൊലപ്പെടുത്തിയ കേസ്

150 **ശ്രീ . എൻ . ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാധ്യമപ്രവർത്തകൻ കെ എം ബഷീറിനെ കാറിടിപ്പിച്ച് കൊലപ്പെടുത്തി മൂന്നുവർഷം കഴിഞ്ഞിട്ടും കേസിന്റെ വിചാരണ നടപടികൾ നീട്ടിക്കൊണ്ടു പോകുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത കേസ് അതിവേഗം വിചാരണ നടത്തി കുറ്റവാളികളെ നിയമത്തിനു മുന്നിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ; വ്യക്തമായ മറുപടി ലഭ്യമാക്കുമോ?

## പുതിയ കോടതികൾ ആരംഭിക്കാൻ നടപടി

151 **ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ കോടതികൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഏതെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് പുതിയ കോടതികൾ അനുവദിക്കുന്നത്; വ്യക്തമാക്കാമോ;

(സി) ബാലുശ്ശേരി മുൻസിഫ് സബ് കോടതി അനുവദിക്കുന്നതിനായി നിവേദനം ലഭിച്ചിട്ടുണ്ടോ; ബാലുശ്ശേരിയിൽ കോടതി അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

## ദുരിതാശ്വാസ നിധി ദുരുപയോഗം

152 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ദുരുപയോഗം ചെയ്തതുമായി ബന്ധപ്പെട്ട് ലോകായുക്തയിൽ ഹർജി നിലവിലുണ്ടോ; എങ്കിൽ ഹർജിയിലെ പ്രധാന ആരോപണങ്ങൾ വ്യക്തമാക്കാമോ;

(ബി) ലോകായുക്തയിൽ വാദം പൂർത്തിയാക്കിയതും വിധി പറയുന്നതിനായി മാറ്റിവെച്ചിട്ടുള്ളതുമായ എത്ര കേസുകൾ നിലവിലുണ്ട് എന്ന വിവരം ലഭ്യമാണോ; ഉണ്ടെങ്കിൽ ഏതൊക്കെ കേസുകൾ ആണെന്ന് വ്യക്തമാക്കുമോ;

(സി) 2016 ജൂൺ 1 മുതൽ നാളിതുവരെ അപ്രകാരം വാദം പൂർത്തിയാക്കി വിധി പറയുന്നതിനായി മാറ്റിവെച്ച ഏതെങ്കിലും കേസ്സുകളിൽ വീണ്ടും വാദം കേട്ടതായുള്ള വിവരം ലഭ്യമാണോ; ഉണ്ടെങ്കിൽ ഏതൊക്കെ കേസുകളിൽ ആണ് ഇപ്രകാരം വീണ്ടും വാദം കേട്ടതെന്ന് വ്യക്തമാക്കുമോ?

## സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്ത കേസുകൾ

153 **ശ്രീ . സണ്ണി ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ മാസം മുതൽ 2021 ജൂൺ മാസം വരെ എത്ര കേസുകളിൽ കേരള ഹൈക്കോടതി വിധികൾക്കെതിരെ ബഹു. സുപ്രീംകോടതിയിൽ അപ്പീൽ ഫയൽ ചെയ്യുന്നതിന് അഡ്വക്കേറ്റ് ജനറൽ (ന്യൂഡൽഹി ലാ ആഫീസ് മുഖേനയോ, നേരിട്ടോ) നിർദ്ദേശം/ഉത്തരവ് നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) അപ്രകാരം ബഹു. സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുന്നതിന് നിർദ്ദേശിക്കപ്പെട്ട എത്ര കേസുകളിൽ അപ്പീൽ ഫയൽ ചെയ്തു; എത്ര കേസുകളിൽ അപ്പീൽ ഫയൽ ചെയ്തില്ല; വിശദമാക്കാമോ;

(സി) അപ്പീൽ ഫയൽ ചെയ്യാതിരുന്ന കേസുകളുടെ നമ്പർ, കേസിലെ സർക്കാരിതര കക്ഷികളുടെ പേര്, അഡ്രസ്സ്, കേസുകളുടെ വിഷയം എന്നിവ വ്യക്തമാക്കുമോ;

(ഡി) അപ്പീൽ ഫയൽ ചെയ്യപ്പെടാതിരുന്ന കേസുകളിൽ എത്ര എണ്ണത്തിൽ സ്റ്റാന്റിംഗ് കൗൺസലിന് ഇനിഷ്യൽ എക്സ്പെൻസസ് ഇനത്തിൽ അഡ്വാൻസ് തുക നൽകി; ഓരോ കേസിനും എത്ര തുക വീതം ഫീസ് ഇനത്തിൽ നൽകി; വിശദമാക്കാമോ;

(ഇ) അപ്പീൽ ഫയൽ ചെയ്യാതിരുന്ന കേസുകൾ സ്റ്റാന്റിംഗ് കൗൺസിലും എതിർകക്ഷികളും തമ്മിലുള്ള ധാരണയുടെ അടിസ്ഥാനത്തിൽ ഫയൽ ചെയ്യപ്പെടാതെ പോയതാണോ;എങ്കിൽ അപ്രകാരം അപ്പീൽ ഫയൽ ചെയ്യപ്പെടാതിരുന്നത് സംബന്ധിച്ച് ആയത് മോണിറ്റർ ചെയ്യേണ്ട ഉദ്യോഗസ്ഥരുടെ പങ്ക് അന്വേഷിക്കുമോ; വ്യക്തമാക്കാമോ;

(എഫ്) 2016 ജൂൺ മുതൽ 2021 ജൂൺ വരെ കേരള സർക്കാർ ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്ത കേസുകളിൽനാളിതുവരെ എത്രയെണ്ണം തീർപ്പായിയെന്നും എത്ര കേസുകളിൽ സർക്കാർ വിജയിച്ചുവെന്നതും പ്രസ്തുത കാലയളവിൽ ബഹു. സുപ്രീംകോടതിയിലെ സ്റ്റാന്റിംഗ് കൗൺസിൽ സീനിയർ അഡ്വക്കേറ്റ് എന്നിവർക്ക് നൽകിയ ഫീസ് എത്രയെന്നതും സംബന്ധിച്ച വിവരം ലഭ്യമാക്കാമോ;

(ജി) 2021 ജൂൺ മുതൽ 2022 ജൂൺ വരെ കേരള സർക്കാർ സുപ്രീംകോടതി മുമ്പാകെ ഫയൽ ചെയ്ത എത്ര കേസുകൾ തീർപ്പായിട്ടുണ്ട്; ഇപ്രകാരം തീർപ്പായ കേസുകളിൽ എത്രയെണ്ണത്തിൽ സർക്കാർ വിജയിച്ചു; എത്രയെണ്ണത്തിൽ പരാജയപ്പെട്ടു; എത്ര കേസുകളിൽ കോടതി സർക്കാരിനോട് പിഴയടക്കാൻ നിർദ്ദേശിച്ചു; വിശദമാക്കാമോ?

## വിതുര ഫയർസ്റ്റേഷന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി

154 **ശ്രീ ജി സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ വിതുരയിൽ പോലീസ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഏകദേശം അഞ്ചര ഏക്കർ ഭൂമിയിലെ നാല്പത് സെന്റ് ഭൂമിയിൽ, പഴക്കം ചെന്നതും അപകടഭീഷണിയിലായതുമായ കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന വിതുര

ഫയർസ്റ്റേഷന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ;

(ബി) നിലവിൽ ഫയർസ്റ്റേഷൻ പ്രവർത്തിച്ചുവരുന്ന നാല്പത് സെന്റ് ഭൂമി ഫയർ & റെസ്ക്യൂ വകുപ്പിന് വിട്ടുനൽകുകയോ അല്ലെങ്കിൽ പ്രസ്തുത ഭൂമിയിൽ കെട്ടിടം പണിയുന്നതിന് അനുമതി നൽകുകയോ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## മാന്നാറിൽ ഫയർ സ്റ്റേഷൻ രൂപീകരണം

155 **ശ്രീ സജി ചെറിയാൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീപിടുത്തം മൂലമുള്ള അപകടം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അപകട സാദ്ധ്യത വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അപകട സാധ്യതകൾക്കനുസൃതമായി ഫയർ ആന്റ് റെസ്ക്യൂ വിഭാഗത്തെ ദൂരപരിധി കണക്കാക്കി വിന്യസിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ;

(സി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ മാന്നാർ പ്രദേശങ്ങളിൽ അടുത്തിടെ ഉണ്ടായ തീപിടുത്തങ്ങളുടെ കാരണം അന്വേഷിച്ചിരുന്നോ;

(ഡി) അപകട സാദ്ധ്യതകൾ പരിഗണിച്ച് മാന്നാറിൽ ഫയർ സ്റ്റേഷൻ രൂപീകരിക്കുന്ന വിഷയം പരിഗണനയിൽ ഉണ്ടോ; വ്യക്തമാക്കുമോ?

## ആലത്തൂർ ഫയർ സ്റ്റേഷൻ നിർമ്മാണം

156 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ആലത്തൂർ ഫയർ സ്റ്റേഷൻ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കെട്ടിടത്തിന്റെ ശോചനീയാവസ്ഥ കണക്കിലെടുത്ത് പുതിയ കെട്ടിടത്തിന്റെ പണി തീരുംവരെ വാടക കെട്ടിടത്തിലേക്ക് മാറാനുള്ള നടപടികൾ എത്രത്തോളമായി എന്ന് വിശദീകരിക്കാമോ;

(ബി) ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ പ്ലാനിൽ കണ്ടെത്തിയ അപാകതകൾ പരിഹരിച്ചുവോ; വിശദമാക്കാമോ;

(സി) ഫയർസ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനം എപ്പോൾ ആരംഭിക്കുമെന്ന് അറിയിക്കാമോ?

## അരൂർ ഫയർ സ്റ്റേഷൻ നിർമ്മാണം

157 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ അരൂർ ഫയർ സ്റ്റേഷൻ നിർമ്മാണത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) ഫയർ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് റിവൈസ് ചെയ്ത എസ്റ്റിമേറ്റും പ്ലാനും ഫയർ &റെസ്ക്യൂ ഓഫീസിന്റെ കോട്ടയം റീജിയണൽ ഓഫീസിൽ നാളുകളായി അംഗീകരിക്കാതെ കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആയത് പരിഹരിച്ച് ഫയർ സ്റ്റേഷൻ നിർമ്മാണം വേഗത്തിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## താമരശ്ശേരി അടിവാരത്ത് ഫയർസ്റ്റേഷൻ

158 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി അടിവാരത്ത് ഫയർസ്റ്റേഷൻ അനുവദിക്കണമെന്ന ദീർഘകാലാവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിർദ്ദേശത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(സി) ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനം എന്തെല്ലാം നടപടികൾ ആണ് സ്വീകരിക്കേണ്ടതെന്ന് വ്യക്തമാക്കാമോ?

## കാഞ്ഞിരപ്പള്ളി ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം

159 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി ഫയർ സ്റ്റേഷൻ പ്രവർത്തിക്കുന്ന വാടകകെട്ടിടം അപകടാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതിയ കെട്ടിടം നിർമ്മിച്ച് പ്രസ്തുത ഫയർ സ്റ്റേഷൻ കാഞ്ഞിരപ്പള്ളി പ്രദേശത്ത് തന്നെ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കാമോ;

(സി) ഇതിനായി കാഞ്ഞിരപ്പള്ളി-മണിമല റോഡിന് സമീപത്ത് കണ്ടെത്തിയ ഭൂമി കൈമാറി ലഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; കേരളാ റോഡ് ഫണ്ട് ബോർഡ്, പൊതുമരാമത്ത് വകുപ്പ് എന്നിവയുടെ അനുമതി ലഭിച്ചിട്ടുണ്ടോ;

(ഡി) നടപടികൾ ത്വരിതപ്പെടുത്തി ഫയർസ്റ്റേഷന് പുതിയ കെട്ടിടം എത്രയും വേഗം നിർമ്മിക്കാൻ നടപടി സ്വീകരിക്കാമോ?

## കോന്നി ഫയർ സ്റ്റേഷൻ നിർമ്മാണം

160 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി ഫയർ സ്റ്റേഷൻ ആസ്ഥാനം നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ?

## വാമനപുരം നിയോജകമണ്ഡലത്തിലെ അഗ്നിരക്ഷാ നിലയം

161 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ പാലോട് കേന്ദ്രമാക്കി പുതിയ അഗ്നിരക്ഷാ നിലയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി നൽകിയെങ്കിലും ഇതുവരേയും അഗ്നിരക്ഷാ നിലയം തുറന്ന് പ്രവർത്തിക്കാൻ കഴിഞ്ഞിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) അഗ്നിരക്ഷാ നിലയം തുറന്ന് പ്രവർത്തിക്കാൻ താമസം വരികയാണെങ്കിൽ നിർമ്മാണം പൂർത്തിയാക്കിയ ഓഫീസ് സംവിധാനങ്ങൾ അന്യാധീനപ്പെട്ട് നശിക്കാൻ സാധ്യതയുള്ളതിനാൽ അഗ്നിരക്ഷാ നിലയത്തിന്റെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ഗുഡ് കോണ്ടാക്ട് അലവൻസ്

162 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിൽ വകുപ്പിൽ 6, 12 വർഷം സർവ്വീസ് പൂർത്തിയാക്കിയ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ, ഡെപ്യൂട്ടി പ്രിസൺ ഓഫീസർ എന്നിവർക്ക് മികച്ച സേവനത്തിന് നൽകിവന്ന ഗുഡ് കോണ്ടാക്ട് അലവൻസ് നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആനുകൂല്യം എന്ന് മുതലാണ് ജയിൽ വകുപ്പിലെ ജീവനക്കാർക്ക് നൽകി തുടങ്ങിയതെന്ന് വ്യക്തമാക്കാമോ; ആയത് അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) 01.05.2022 ൽ പ്രസ്തുത അലവൻസ് കൈപ്പറ്റിയ ഉദ്യോഗസ്ഥരുടെ എണ്ണവും അതിനുവേണ്ടി വന്ന തുകയും എത്രയെന്ന് വ്യക്തമാക്കാമോ?

## ടിപി കേസിലെ പ്രതികൾക്ക് പരോൾ

163 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടിപി ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികൾക്ക് 2016 മേയ് മാസം മുതൽ നാളിതുവരെ എത്ര ദിവസത്തെ പരോളാണ് അനുവദിച്ചിട്ടുള്ളത്;

(ബി) പ്രതികൾ ഓരോരുത്തർക്കും ഏതൊക്കെ ഇനങ്ങളിലായി എത്ര ദിവസം വീതമാണ് പരോൾ അനുവദിച്ചിട്ടുള്ളത്;

(സി) പരോൾ കാലയളവിൽ ഈ പ്രതികൾ മറ്റേതെങ്കിലും കേസുകളിൽ ഉൾപ്പെടുകയോ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## മാവേലിക്കര ജില്ലാ ജയിലിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്

164 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ജയിലിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും, ബയോഗ്യാസ് പ്ലാന്റും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) ഇവ സ്ഥാപിക്കുന്നതിലൂടെ അവിടെനിന്നുള്ള നിന്നുള്ള മാലിന്യം മൂലം പരിസര പ്രദേശങ്ങൾ മലിനപ്പെടുന്നത് തടയുവാൻ കഴിയുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എസ് .ടി .പി.യും ബയോഗ്യാസ് പ്ലാന്റും സ്ഥാപിക്കുന്നതിനുള്ള തുക അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>**സർക്കാർ പ്രസ്സുകളുടെ നവീകരണം**</u>

165 **ശ്രീ. പി.പി. ചിത്തരഞ്ജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രസ്സുകൾ നവീകരിക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യാധിഷ്ഠിതമാക്കുന്നതിനും സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ;

(ബി) വിവിധ സർക്കാർ വകുപ്പുകൾ പുറത്തിറക്കുന്ന ജേണലുകൾ, ബുക്ക് ലെറ്റുകൾ, മാസികകൾ എന്നിവ പ്രിന്റ് ചെയ്യുന്നതിന് പ്രസ്തുത പ്രസ്സുകളുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രസിദ്ധീകരണങ്ങൾ സർക്കാർ പ്രസ്സ് മുഖേന അച്ചടിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>**ഗവൺമെന്റ് പ്രസ്സുകളുടെ നവീകരണം**</u>

166 **ശ്രീ വി ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് പ്രസ്സുകളുടെ നവീകരണത്തിനായി മുൻ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലയളവിൽ ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ?

<u>**പാലോളി കമ്മിറ്റി ശിപാർശകൾ**</u>

167 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സച്ചാർ കമ്മിറ്റി ശിപാർശയുടെ അടിസ്ഥാനത്തിലുള്ള പാലോളി കമ്മിറ്റിയുടെ ശിപാർശകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) അതിൽ ഏതെല്ലാം ശിപാർശകൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ഇനി ഏതെല്ലാം ശിപാർശകൾ നടപ്പിലാക്കാനുണ്ടെന്നും അവ എന്നത്തേക്ക് നടപ്പിലാക്കാൻ കഴിയുമെന്നും വെളിപ്പെടുത്തുമോ?

<u>**ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതി**</u>

168 **ശ്രീ എ കെ എം അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതിയിൽ ധനസഹായത്തിനായി 2021-22 വർഷം എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകരിൽ അർഹരായ ഗുണഭോക്താക്കളുടെ എണ്ണം എത്രയാണെന്ന് ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(സി) 2021-22 വർഷം തെരഞ്ഞെടുത്ത അർഹരായ ഗുണഭോക്താക്കളിൽ എത്രപേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) 2021-22 വർഷം പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും ഇതിൽ എത്ര തുക ചെലവഴിച്ചുവെന്നും വിശദമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതിക്കായി കേന്ദ്ര സർക്കാരിന്റെ ധനസഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

## ന്യൂനപക്ഷക്ഷേമ പദ്ധതികൾ

169 **ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും വിവിധ ന്യൂനപക്ഷക്ഷേമ പദ്ധതികൾക്കായി വകയിരുത്തിയ തുക, അനുവദിച്ച തുക, ചെലവഴിച്ച തുക, ബാക്കിയായ തുക, എത്ര ശതമാനം ചെലവഴിച്ചു എന്നീ വിശദാംശം വർഷം തിരിച്ച് ലഭ്യമാക്കുമോ; സംസ്ഥാന ബഡ്ജറ്റിൽ പ്രസ്തുത പദ്ധതികൾക്കായി എത്ര ശതമാനം വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ടെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ വിവിധ ന്യൂനപക്ഷക്ഷേമ പദ്ധതികൾക്കായി കേന്ദ്ര സർക്കാരിൽനിന്നും അനുവദിച്ച തുക, അതിൽ ചെലവഴിച്ച തുക, ബാക്കിയായ തുക, എത്ര ശതമാനം ചെലവഴിച്ചു എന്നീ വിശദാംശം വർഷം തിരിച്ച് ലഭ്യമാക്കുമോ;

(സി) പ്രസ്തുത കാലയളവിൽ നടപ്പിലാക്കിയ ന്യൂനപക്ഷക്ഷേമ പദ്ധതികൾ ഏതൊക്കെയാണെന്നും ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പുതിയ പദ്ധതികൾ ഏതൊക്കെയാണെന്നും അറിയിക്കുമോ;

(ഡി) പ്രസ്തുത കാലയളവിൽ എത്ര ന്യൂനപക്ഷ പരിശീലനകേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും സ്ഥാപിച്ചുവെന്നും അവ ഏതെല്ലാമെന്നും ഓരോ കേന്ദ്രത്തിലും എത്ര വിദ്യാർത്ഥികളും ജീവനക്കാരും നിലവിലുണ്ടെന്നും ഈ കേന്ദ്രങ്ങൾ വഴി യു.പി.എസ്.സി./പി.എസ്.സി. നിയമനം ലഭിച്ചവർ എത്രയെന്നും വിശദാംശം ലഭ്യമാക്കുമോ?

## ഫയൽ തീർപ്പാക്കൽ യജ്ഞം

170 **ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയൽ തീർപ്പാക്കൽ യജ്ഞത്തിനു ജീവനക്കാരുടെ ഭാഗത്ത് നിന്ന് പൂർണ്ണ സഹകരണം ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) അവധിദിവസമായ 2022 ജൂലൈ 3 ഞായറാഴ്ച എത്ര ശതമാനം ജീവനക്കാർ ഓഫീസുകളിൽ ഹാജരായെന്ന് ജില്ല തിരിച്ചു വ്യക്തമാക്കാമോ;

(സി) ഒറ്റ ദിവസം എത്ര ഫയലുകളാണ് തീർപ്പാക്കിയതെന്ന് ജില്ല തിരിച്ചു

വ്യക്തമാക്കാമോ;

(ഡി) എത്രകാലമായി കെട്ടികിടക്കുന്ന ഫയലുകളാണ് ഒറ്റ ദിവസം കൊണ്ട് തീർപ്പാക്കിയതെന്ന് വ്യക്തമാക്കാമോ; ഒറ്റദിവസം കൊണ്ട് തീർപ്പാക്കാൻ പറ്റുന്ന ഫയലുകൾ വർഷങ്ങളായിട്ടും തീർപ്പാക്കാൻ പറ്റാതിരുന്നത് എന്ത് കൊണ്ടായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ഇ) ഏറ്റവും കൂടുതൽ ഫയലുകൾ കെട്ടിക്കിടന്നിരുന്നത് ഏത് ജില്ലയിൽ ഏത് വകുപ്പിലായിരുന്നു എന്നും വ്യക്തമാക്കാമോ;

(എഫ്) തീർപ്പാക്കാതെ നീണ്ടകാലം സർക്കാർ ഓഫീസുകളിൽ ഫയൽ കെട്ടിക്കിടക്കുന്നത് എന്തുകൊണ്ടാണെന്നാണ് ഒറ്റ ദിവസത്തെ യജ്ഞം കൊണ്ട് ബോധ്യപ്പെട്ടതെന്ന് വ്യക്തമാക്കാമോ?

## <u>വൺ ഹെൽത്ത് പദ്ധതി</u>

171 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 'വൺ ഹെൽത്ത് ' പദ്ധതിയുടെ ഭാഗമായി കേരളത്തിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ, ആരോഗ്യവകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്നിവ വിശദമാക്കാമോ?

## <u>ആരോഗ്യരക്ഷ ചാത്തന്നൂർ പദ്ധതി</u>

172 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013 മുതൽ ചാത്തന്നൂർ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്നതും ആരോഗ്യകുടുംബക്ഷേമ (എം) വകുപ്പിന്റെ 21.04.2017 ലെ സ.ഉ.(സാധാ)1140/2017 നമ്പർ ഉത്തരവ് പ്രകാരം ആർദ്രം പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്നതിന് അനുമതി നല്കിയിട്ടുള്ളതുമായ ആരോഗ്യ രക്ഷ ചാത്തന്നൂർ പദ്ധതി വിഭാവനം ചെയ്ത രീതിയിൽ എൻ. ക്യൂ. എ. എസ്. ഉൾപ്പെടെയുള്ള അക്രഡിറ്റേഷൻ നേടുന്നതിനായി ചാത്തന്നൂർ മണ്ഡലത്തിലെ വിവിധ ആരോഗ്യ കേന്ദ്രങ്ങളിൽ നടന്നുവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ചാത്തന്നൂർ മണ്ഡലത്തിൽ എൻ. ക്യൂ. എ. എസ്. ഉൾപ്പെടെയുള്ള അക്രഡിറ്റേഷൻ നേടിയ ആരോഗ്യകേന്ദ്രങ്ങൾ ഉണ്ടോയെന്നും പ്രസ്തുത അക്രഡിറ്റേഷൻ കൈവരിക്കാൻ കഴിയും വിധം സജ്ജമാക്കിയ ആരോഗ്യകേന്ദ്രങ്ങൾ ഉണ്ടോയെന്നും അറിയിക്കാമോ;

(സി) പ്രസ്തുത അക്രഡിറ്റേഷൻ കൈവരിക്കുന്നതിനായുള്ള കല്ലുവാതുക്കൽ ഹോമിയോ ആശുപത്രിയുടെ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## <u>സ്ഥിരം ഐസൊലേഷൻ വാർഡുകൾ എന്ന പദ്ധതി</u>

173 **ശ്രീ. എം. എം. മണി**
**ശ്രീ. ടി.ഐ.മധുസൂദനൻ**

**ഡോ സുജിത് വിജയൻപിള്ള**

**ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പകർച്ചവ്യാധി പ്രതിരോധവും രോഗവ്യാപന നിയന്ത്രണവും അതിവേഗ ചികിത്സയും ഉറപ്പുവരുത്തുന്നതിനായി സ്ഥിരം ഐസൊലേഷൻ വാർഡുകൾ എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഭാഗമായി നിർമ്മിക്കുന്ന കെട്ടിടങ്ങളിൽ എന്തെല്ലാം ആധുനിക സൗകര്യങ്ങളാണ് ഏർപ്പെടുത്തുന്നത്; പ്രസ്തുത പദ്ധതിയ്ക്കായി നീക്കിവച്ച തുക, പ്രവർത്തന പുരോഗതി എന്നിവ വിശദമാക്കാമോ;

(സി) ഏകാരോഗ്യ പദ്ധതിയുടെ (വൺ ഹെൽത്ത് ഇനീഷ്യേറ്റീവ്) പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇതുവഴി എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## <u>ആരോഗ്യക്ഷേമ പദ്ധതികൾ</u>

174 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് നടപ്പിലാക്കുന്ന ആരോഗ്യക്ഷേമ പദ്ധതികളുടെ വിശദാംശം നൽകാമോ;

(ബി) ഇത്തരത്തിൽ കുട്ടികൾക്കായി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കാമോ?

## <u>കാൻസർ നിയന്ത്രണ പദ്ധതികൾ</u>

175 **ശ്രീ സി എച്ച് കുഞ്ഞമ്പു**

**ഡോ.കെ.ടി.ജലീൽ**

**ശ്രീമതി ഒ എസ് അംബിക**

**ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്ന പശ്ചാത്തലത്തിൽ സംസ്ഥാനത്ത് കാൻസർ നിയന്ത്രണ പരിപാടിയുടെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്;

(ബി) കാൻസർ പ്രതിരോധം സംബന്ധിച്ച് ശാസ്ത്രീയമായ അവബോധം നൽകുന്നതിലേക്കായി സ്റ്റേറ്റ് കാൻസർ കൺട്രോൾ സ്ട്രാറ്റജി എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദാംശങ്ങൾ നൽകാമോ;

(സി) സമഗ്ര കാൻസർ നിയന്ത്രണ തന്ത്രങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് പ്രത്യേകമായ കാൻസർ കെയർ സ്യൂട്ട് എന്ന സോഫ്റ്റ് വെയർ വികസിപ്പിച്ചിട്ടുണ്ടോ; എന്തെല്ലാം സേവനങ്ങളും ലക്ഷ്യങ്ങളുമാണ് ഇതിലൂടെ പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

## ഇ-ഹെൽത്ത് പദ്ധതി

176 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഹെൽത്ത് പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് പ്രസ്തുത പദ്ധതിയുടെ ഭാഗമായി വിവര ശേഖരണം പൂർത്തിയായിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി പൂർണ്ണ തോതിൽ എന്നുമുതൽ നടപ്പിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ?

## നാഷണൽ ഹെൽത്ത് മിഷൻ ഫണ്ട് വിനിയോഗം

177 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിരോധ സാമഗ്രികൾ വാങ്ങുന്നതിനായി നാഷണൽ ഹെൽത്ത് മിഷൻ, കേരള മെഡിക്കൽ സർവീസസ് കോർപറേഷന് 2020 ജനവരി 1 മുതൽ എത്ര തുക നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുകയിൽ എത്ര കോടി രൂപ കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ നാളിതുവരെ ഉപയോഗപ്പെടുത്തി എന്നും എത്ര തുകയുടെ ബില്ലുകൾ നാഷണൽ ഹെൽത്ത് മിഷന് സമർപ്പിച്ചു എന്നും വ്യകതമാക്കാമോ;

(സി) നാഷണൽ ഹെൽത്ത് മിഷൻ കേരള മെഡിക്കൽ സർവീസസ് കോർപറേഷന് നൽകിയ തുകയിൽ നിന്നും പി.പി.ഇ. കിറ്റ് വാങ്ങുന്നതിനായി എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(ഡി) സാൻ ഫാർമ എന്ന കമ്പനിയിൽ നിന്നും പി.പി.ഇ. കിറ്റ് വാങ്ങിയത് നാഷണൽ ഹെൽത്ത് മിഷൻ നൽകിയ ഫണ്ടിൽ നിന്നും ആയിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ഇ) എങ്കിൽ സാൻ ഫാർമ കമ്പനിയിൽ നിന്നും പി.പി.ഇ. കിറ്റ് വാങ്ങുവാൻ നാഷണൽ ഹെൽത്ത് മിഷൻ ഫണ്ടിൽ നിന്നും എത്ര തുക ഉപയോഗപ്പെടുത്തി എന്ന് വ്യക്തമാക്കാമോ?

## പെരിട്ടോണിയിൽ ഡയാലിസിസ് പദ്ധതി

178 **ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃക്ക രോഗികൾക്ക് സഹായകരമാകുന്ന പെരിട്ടോണിയിൽ ഡയാലിസിസ് പദ്ധതി വ്യാപകമായി ഉപയോഗപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ;

(ബി) കോഴിക്കോട് ജില്ലയിൽ ഏതെല്ലാം സർക്കാർ ആശുപത്രികളിൽ പെരിട്ടോണിയൽ ഡയാലിസിസ് പദ്ധതി ആരംഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കുണ്ടറ നിയോജകമണ്ഡലത്തിലെ ഇ-ഹെൽത്ത് പദ്ധതി

179 **ശ്രീ പി സി വിഷ്ണനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-

ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജക മണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികളിലാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇ-ഹെൽത്ത് പദ്ധതികൾക്കായി കുണ്ടറ നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള തുക എത്രയാണെന്നും, തുക അനുവദിച്ച് കിട്ടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

**<u>സമ്പൂർണ്ണ ആരോഗ്യം ഉറപ്പുവരുത്തുന്നതിനായുള്ള പ്രത്യേക പദ്ധതി</u>**

180 **ശ്രീ സജി ചെറിയാൻ**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിപ, കോവിഡ് എന്നിവ ഉൾപ്പെടെയുള്ള ജന്തുജന്യ രോഗങ്ങൾക്ക് കാരണമാകുന്ന അസാധാരണമായ സംഭവങ്ങളുടെ നിരീക്ഷണം, ഇതിലേക്ക് നയിക്കുന്ന ഘടകങ്ങളെ നേരത്തെ കണ്ടെത്തൽ, ഇടപെടൽ എന്നിവ ലക്ഷ്യം വച്ച് സംസ്ഥാനത്ത് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) സമ്പൂർണ്ണ ആരോഗ്യം ഉറപ്പുവരുത്തുന്നതിനുള്ള പ്രസ്തുത പദ്ധതിയുടെ ഭാഗമായി പരിസ്ഥിതി, മനുഷ്യാരോഗ്യം, മൃഗാരോഗ്യം എന്നിവയുടെ ഏകോപനം എതെല്ലാം തരത്തിൽ സാധ്യമാക്കാനാകുമെന്ന് വിശദമാക്കാമോ?

**<u>ആർദ്രം മിഷൻ-2 പദ്ധതി</u>**

181 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം മിഷൻ-2 പദ്ധതിയുടെ ഭാഗമായി പൗരന്മാരുടെ അടിസ്ഥാന ആരോഗ്യ വിവരങ്ങൾ ശേഖരിക്കുകയും ജീവിതശൈലി രോഗങ്ങൾ പ്രാരംഭ ഘട്ടത്തിൽ തന്നെ കണ്ടുപിടിക്കുകയും ചെയ്യുന്ന പദ്ധതി ദേവികുളം മണ്ഡലത്തിലെ ഏതൊക്കെ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്; അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി മുഖേന പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ വിശദമാക്കാമോ?

**<u>ചങ്ങനാശ്ശേരി മണ്ഡലത്തിലെ ആർദ്രം പദ്ധതി പ്രവർത്തനങ്ങൾ</u>**

182 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികളാണ് ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിച്ചിട്ടുള്ളതെന്നും അതിനായി എത്ര തുകയാണ്

ചെലവായിട്ടുള്ളതെന്നും വിശദമാക്കുമോ?

## ആർദ്രം പദ്ധതി

183 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് എത്ര പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ;

(സി) പാലക്കാട് ജില്ലയിൽ പട്ടാമ്പി നിയോജക മണ്ഡലത്തിൽ ഏതെല്ലാം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുള്ളത്;

(ഡി) പട്ടാമ്പി മണ്ഡലത്തിലെ ഏതെല്ലാം ആരോഗ്യകേന്ദ്രങ്ങൾക്കാണ് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ് അംഗീകാരം ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഇ) കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രവർത്തനോദ്ഘാടനം നടത്തിയ പട്ടാമ്പി താലൂക്ക് ആശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ; മേൽ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## മലമ്പുഴ നിയോജക മണ്ഡലത്തിലെ ആർദ്രം പദ്ധതി പ്രവൃത്തികൾ

184 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതി പ്രകാരം മലമ്പുഴ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) മലമ്പുഴ നിയോജകമണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികളിലാണ് ആർദ്രം പദ്ധതിയുടെ പ്രവർത്തനങ്ങൾ നടന്നു വരുന്നതെന്ന് അറിയിക്കുമോ; ഇതിന് അനുവദിക്കപ്പെട്ട തുകയും പ്രവൃത്തികളുടെ വിശദാംശങ്ങളും അറിയിക്കാമോ?

## ചെറുവാഞ്ചേരി സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ ആവശ്യമായ തസ്തിക അനുവദിക്കുന്നതിനുള്ള നടപടി

185 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ ആരോഗ്യ കേന്ദ്രമായി ഉയർത്തിയ ചെറുവാഞ്ചേരി സി.എച്ച്.സി.യിൽ ആവശ്യത്തിന് ജീവനക്കാരെ അനുവദിക്കാത്തതിനാൽ രോഗികൾ പ്രയാസപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സി.എച്ച്.സി.യിൽ ആവശ്യമായ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിശോധിക്കുമോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയ പ്രൊപ്പോസലുകളിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ആദിവാസി മേഖലയായ നരിക്കോട്, വാഴമല, വെങ്ങളം, മുണ്ടയോട്, കണ്ണവം തുടങ്ങിയ കോളനികളിലെ രോഗികളുടെ ഏക ആശ്രയമായ പ്രസ്തുത സി.എച്ച്.സി.ക്ക് ഒരു വാഹനം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>ആരോഗ്യ കേന്ദ്രങ്ങളുടെ നവീകരണം</u>**

186 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളാണ് നാളിതുവരെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയത് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) കുടുംബരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതോടെ എന്തൊക്കെ സൗകര്യങ്ങളും സംവിധാനങ്ങളുമാണ് പ്രസ്തുത സ്ഥാപനത്തിൽ കൂടുതലായി ലഭിക്കുന്നതെന്ന് വിശദമാക്കാമോ?

**<u>പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ</u>**

187 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ നിന്നും പൊതുജനങ്ങൾക്ക് എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കുന്നത്; വിശദമാക്കുമോ?

**<u>മുണ്ടക്കയം കുടുംബാരോഗ്യകേന്ദ്രത്തിൽ കിടത്തി ചികിത്സ ആരംഭിക്കാൻ നടപടി</u>**

188 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ മുണ്ടക്കയം കുടുംബാരോഗ്യകേന്ദ്രത്തിൽ കിടത്തിചികിത്സ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) ജീവനക്കാരുടെ കുറവ് പ്രസ്തുത ആരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തനത്തെ ബാധിക്കുന്നതിനാൽ കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**<u>അരൂർ മണ്ഡലത്തിലെ അരൂകുറ്റി ആശുപത്രിയിൽ ഐസൊലേഷൻ വാർഡ് നിർമ്മാണം</u>**

189 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷത്തിൽ എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും നീക്കിവെച്ച 4 കോടി രൂപ വിനിയോഗിച്ച് അരൂർ മണ്ഡലത്തിലെ അരൂകുറ്റി ആശുപത്രിയിൽ ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) അരൂർ മണ്ഡലത്തിൽ ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്നതിനായി

തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

## മഞ്ചേശ്വരം മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങൾക്ക് വകയിരുത്തിയിട്ടുള്ള ഫണ്ടുകൾ

190 **ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങൾക്ക് വകയിരുത്തിയിട്ടുള്ള ഫണ്ടുകളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി മഞ്ചേശ്വരം മണ്ഡലത്തിൽ ആരോഗ്യ മേഖലയിൽ എന്തൊക്കെ പ്രവർത്തനങ്ങളും പരിപാടികളുമാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും ഏതൊക്കെ ആരോഗ്യകേന്ദ്രങ്ങൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുകയെന്നും വിശദമാക്കുമോ?

## മണലൂർ മണ്ഡലത്തിലെ ഡി-അഡിക്ഷൻ സെന്റർ

191 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഡി-അഡിക്ഷൻ സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത സെന്റർ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും എപ്പോൾ ആരംഭിക്കാനാകുമെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത സെന്ററിനായി എത്ര തുക അനുവദിച്ചുവെന്നും എന്തൊക്കെ സേവനങ്ങളാണ് പ്രസ്തുത സെന്ററിൽ നിന്നും ലഭ്യമാകുക എന്നും വിശദമാക്കാമോ?

## മാവേലിക്കര ജില്ലാ ആശുപത്രിയിലെ പേവാർഡ് നിർമ്മാണം

192 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ട്രോമാകെയർ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) മാവേലിക്കര ജില്ലാ ആശുപത്രിയിലെ കെ.എച്ച്.ആർ.ഡബ്ല്യു.എസ്. പേവാർഡിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പേവാർഡിന് പകരമായി പുതിയ പേവാർഡ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിന് ആവശ്യമായ തുക അനുവദിക്കുമോ; വിശദമാക്കുമോ?

## വള്ളിക്കുന്ന് മണ്ഡലത്തിലെ ആശുപത്രികളുടെ വികസനം

193 **ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വള്ളിക്കുന്ന് മണ്ഡലത്തിലെ ആയുർവേദം, അലോപ്പതി, ഹോമിയോ എന്നീ വിവിധ ആശുപത്രികളുടെ വികസനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ആയതിലേയ്ക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ആശുപത്രി തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ;

(സി) ആയുർവേദം, അലോപ്പതി, ഹോമിയോ എന്നീ വിവിധ തരത്തിലുള്ള ആശുപത്രികളുടെ വികസനവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ തരംതിരിച്ച് നൽകാമോ?

## കോന്നി താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന് നടപടി

194 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എപ്പോൾ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## വാടാനപ്പള്ളി പഞ്ചായത്തിൽ ഹോമിയോ ആശുപത്രി/ഡിസ്പെൻസറി ആരംഭിക്കാൻ നടപടി

195 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി പഞ്ചായത്തിൽ ഹോമിയോ ആശുപത്രി/ ഡിസ്പെൻസറി നിലവിലില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഹോമിയോ ആശുപത്രിക്കായി വാടാനപ്പള്ളി പഞ്ചായത്ത് അടിസ്ഥാന സൗകര്യം ഒരുക്കിയിട്ടുള്ളതുകൂടി പരിഗണിച്ച് ആശുപത്രി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് വാടാനപ്പള്ളി പഞ്ചായത്ത് അധികൃതരിൽ നിന്നും അപേക്ഷ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) വാടാനപ്പള്ളിയിൽ ഹോമിയോ ആശുപത്രി അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

## പുലാമന്തോൾ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഒഴിവുകൾ നികത്താൻ നടപടി

196 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുലാമന്തോൾ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഫാർമസിസ്റ്റ്, നഴ്സിംഗ് സ്റ്റാഫ് എന്നിവരുടെ ഒഴിവ് നിലനിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

## ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിൽ ഒഴിവുള്ള തസ്തികകളിലെ നിയമനം

197 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിൽ നിലവിലുള്ള സ്ഥിര തസ്തികകൾ ഏതൊക്കെയാണ്; അതിൽ ഒഴിവുള്ള തസ്തികകൾ ഏതെല്ലാമാണ്; വ്യക്തമാക്കാമോ;

(ബി) ഒഴിവുള്ള തസ്തികകളിൽ എന്നത്തേയ്ക്ക് നിയമനം നടത്തുമെന്ന് വ്യക്തമാക്കാമോ?

## ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിലെ ബ്ലഡ് ബാങ്ക് നിർമ്മാണം

198 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം എം.എൽ.എ.യുടെ ആസ്തി വികസന പദ്ധതിയിൽ നിന്നും 23,51,332 (ഇരുപത്തിമൂന്ന് ലക്ഷത്തി അൻ പത്തിയൊന്നായിരത്തി മുന്നൂറ്റി മുപ്പത്തിരണ്ട്) രൂപക്ക് ഭരണാനുമതി ലഭിച്ച ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിലെ ബ്ലഡ് ബാങ്ക് നിർമ്മാണം എന്ന പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) ബ്ലഡ് ബാങ്കിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടി പൂർത്തിയായോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## പൂടംകല്ല് താലൂക്ക് ആശുപത്രിയിൽ അമ്മയും കുഞ്ഞും വാർഡ്

199 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ പൂടംകല്ല് താലൂക്ക് ആശുപത്രിയിൽ അമ്മയും കുഞ്ഞും വാർഡ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

## തൃശ്ശൂർ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി

200 **ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജനറൽ ആശുപത്രി കോംപ്ലക്സിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ നിർമ്മാണം പൂർത്തിയാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## വർക്കല നിയോജകമണ്ഡലത്തിലെ ആശുപത്രികളുടെ വികസനം

201 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജക മണ്ഡലത്തിലെ ആശുപത്രികളുടെ വികസനത്തിനായി 2016 മുതൽ ഇന്നേവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## കാസർഗോഡ് ജില്ലയിൽ അമ്മയും കുഞ്ഞും ആശുപത്രി

202 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ അനുവദിച്ച അമ്മയും കുഞ്ഞും ആശുപത്രി എപ്പോൾ പൂർണ്ണമായും പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ; ഈ സ്ഥാപനത്തിലേക്ക് നിലവിൽ എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

## നിലമ്പൂർ ജില്ലാ ആശുപത്രിയിലെ ഹൃദ്രോഗ ചികിത്സാ വിഭാഗം

203 **ശ്രീ. പി.വി.അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ഏതെല്ലാം വിഭാഗങ്ങളാണ് നിലവിലുള്ളതെന്നും അവയെല്ലാം പൂർണ്ണസജ്ജമായി പ്രവർത്തിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ;

(ബി) മലപ്പുറം ജില്ലയിൽ ഏതെല്ലാം സർക്കാർ ആശുപത്രികളിൽ ഹൃദ്രോഗ ചികിത്സാ വിഭാഗം പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ; നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ഒരു ഹൃദ്രോഗ ചികിത്സാ വിഭാഗം സജ്ജമാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) ജില്ലാ ആശുപത്രി നിലവാരത്തിലുള്ളത്ര എണ്ണം കിടക്കകൾ നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ഏർപ്പെടുത്തിയിട്ടുണ്ടോ; കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടുള്ള അപേക്ഷകൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ഡി) ആശുപത്രിയിലെ ഡോക്ടർമാരടക്കമുള്ള ജീവനക്കാരുടെ വിവരങ്ങൾ പട്ടിക തിരിച്ച് ലഭ്യമാക്കാമോ;

(ഇ) നിർമ്മാണം നടന്നുവരുന്ന പുതിയ കെട്ടിടം പൂർത്തിയാക്കി, മതിയായ ജീവനക്കാരുടെ തസ്തിക സൃഷ്ടിച്ച് എല്ലാ വിഭാഗങ്ങളും പൂർണ്ണ സജ്ജമാക്കാനുള്ള നടപടി ത്വരിതപ്പെടുത്തുമോ; ആനുപാതികമായി സ്റ്റാഫ് പാറ്റേൺ വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## <u>പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിലെ ഓപ്പറേഷൻ തിയേറ്ററുകളുടെ പ്രവർത്തനം</u>

204 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ നിർത്തിവെച്ച കുട്ടികളുടെ ഐ.സി.യു, എമർജൻസി ഓപ്പറേഷൻ തിയേറ്റർ എന്നിവയുടെ പ്രവർത്തനം ഇതുവരെ പുനരാരംഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുട്ടികളുടെ ഐ.സി.യു, എമർജൻസി ഓപ്പറേഷൻ തിയേറ്റർ എന്നിവയുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

## <u>ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി</u>

205 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ നിലവിലുള്ള കിടക്കകളുടെ എണ്ണം എത്രയെന്ന് അറിയിക്കുമോ;

(ബി) ഇത് വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ;

(ഡി) പ്രസ്തുത ആശുപത്രിയിൽ അനുവദിച്ച സർജറി കൺസൾട്ടന്റ് തസ്തികയ്ക്കു പകരം നിലവിൽ ഇ.എൻ.ടി കൺസൾട്ടന്റ് ആണ് ഉള്ളതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സർജറി വിഭാഗത്തിൽ സീനിയർ കൺസൾട്ടന്റ് ഇല്ലാത്തതു മൂലം സർജറി കേസ്സുകളുടെ എണ്ണത്തിൽ കുറവുണ്ടായത് പരിഗണിച്ച് പ്രസ്തുത തസ്തിക അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ;

(എഫ്) ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയെ ജനറൽ ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## <u>കുറ്റിപ്പുറം താലൂക്ക് ആശുപത്രിയുടെ സമഗ്ര നവീകരണം</u>

206 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം താലൂക്ക് ആശുപത്രിയുടെ സമഗ്ര നവീകരണ നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; പ്രസ്തുത പ്രൊപ്പോസൽ നബാർഡിൽ ഉൾപ്പെടുത്തിയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ നിലവിൽ ഏത് ഓഫീസിന്റെ പരിഗണനയിലാണെന്ന് അറിയിക്കുമോ; ഫയലിന്റെ വിശദാംശം ലഭ്യമാക്കുമോ?

## <u>ഈരാറ്റുപേട്ട സി.എച്ച്.സി.യിലെ അടിസ്ഥാന സൗകര്യ വികസനം</u>

207 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈരാറ്റുപേട്ട സി.എച്ച്.സി.യിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സി.എച്ച്.സി.യിൽ വിദഗ്ധ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## <u>നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ പോലീസ് സർജൻ നിയമനം</u>

208 **ശ്രീ കെ ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പോലീസ് സർജനെ നിയമിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) പോലീസ് സർജനെ നിയമിക്കുന്നതിന് ഏതെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കുമോ?

## <u>വെൺപകൽ ആശുപത്രിയിലെ ഐസൊലേഷൻ വാർഡ്</u>

209 **ശ്രീ കെ ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര വെൺപകൽ ആശുപത്രിയിൽ 10 കിടക്കകൾ ഉള്ള ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് പൂർത്തികരിച്ചതെന്ന്

വിശദമാക്കുമോ;

(ബി) ഐസൊലേഷൻ വാർഡ് പൂർത്തികരിക്കുന്നതിന് എത്ര തുകയാണ് വിനിയോഗിക്കുന്നതെന്നും പ്രവൃത്തി ചെയ്യുന്ന ഏജൻസി ഏതെന്നും വ്യക്തമാക്കുമോ;

(സി) പ്രവൃത്തി ആരംഭിച്ചതിൽ കാലതാമസം ഉണ്ടായതിന്റെ കാരണവും ഭരണാനുമതി നൽകിയത് ഏതു വർഷത്തിൽ ആണെന്നും വിശദമാക്കാമോ?

**<u>വടവുകോട് സാമൂഹ്യആരോഗ്യ കേന്ദ്രത്തിലെ ഐസൊലേഷൻ വാർഡ് നിർമ്മാണം</u>**

210 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ വടവുകോട് സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ 1.75 കോടി രൂപ ചെലവിൽ ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചെങ്കിലും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഐസൊലേഷൻ വാർഡിന്റെ നിർമ്മാണം സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(സി) പ്രസ്തുത നിർമ്മാണം പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**<u>ആലത്തൂർ മണ്ഡലത്തിൽ ഐസൊലേഷൻ വാർഡ്</u>**

211 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ ഐസൊലേഷൻ വാർഡ് ആരംഭിക്കുന്നതിന് കുഴൽമന്ദം സി.എച്ച്.സി. യെ തെരഞ്ഞെടുത്തതിനു ശേഷം, സെന്റർ മാറ്റാൻ തീരുമാനമെടുത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) അതിനു പകരമായി ഐസൊലേഷൻ വാർഡ് ആരംഭിക്കുന്നതിന് ഏതെങ്കിലും ആരോഗ്യ കേന്ദ്രത്തെ തെരഞ്ഞെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് വൈകുന്നതിന്റെ കാരണം അറിയിക്കാമോ?

**<u>തൃക്കാക്കര മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ലബോറട്ടറി</u>**

212 **ശ്രീമതി.ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിൽ തൃക്കാക്കര നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ലബോറട്ടറിയിൽ മൈക്രോബയോളജി സെക്ഷനിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ വിശദമാക്കാമോ;

(ബി) പ്രസ്തുത സെക്ഷനിൽ നിലവിൽ ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തതിനാൽ മൈക്രോബയോളജി ലാബിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തു ലാബിന്റെ സുഗമമായ പ്രവർത്തനത്തിനായി ടെക്നിക്കൽ അസിസ്റ്റന്റിനെ കൂടി

നിയമിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

**ഭക്ഷ്യസുരക്ഷ**

213 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹോട്ടലുകളടക്കം ഭക്ഷ്യവസ്തുക്കൾ കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങൾക്ക് ഭക്ഷ്യസുരക്ഷാ ലൈസൻസ് നിർബന്ധമാക്കിയിട്ടുണ്ടോ;

(ബി) ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**ബ്രാൻഡഡ് കറി പൗഡറുകളിൽ മായം ചേർത്ത് വില്പന**

214 **ശ്രീ. അനൂപ് ജേക്കബ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്തുവരുന്ന ബ്രാൻഡഡ് കറി പൗഡറുകളിൽ മായം ചേർത്തുവിൽക്കുന്നതായി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കമ്പനികളുടെ ഉല്പന്നങ്ങളാണ് ഇത്തരത്തിൽ കണ്ടെത്തിയതെന്നറിയിക്കാമോ;

(ബി) പ്രസ്തുത കമ്പനികളുടെ ഉല്പന്നങ്ങൾ വിതരണം ചെയ്യുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് വകുപ്പ് പുറപ്പെടുവിച്ച ഉത്തരവ്/സർക്കുലർ/നടപടിക്രമങ്ങൾ എന്നിവയുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഇത്തരം മായം കലർന്ന കറി പൗഡറുകൾ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) ഇത്തരത്തിൽ പരിശോധനയ്ക്ക് വിധേയമാക്കിയ കറി പൗഡറുകളിൽ എത്രശതമാനം മായം ചേർത്തിരുന്നതായാണ് കണ്ടെത്തിയിരുന്നതെന്ന് അറിയിക്കാമോ; ലാബ് റിപ്പോർട്ട് ലഭ്യമാക്കാമോ?

**കുട്ടികളിലെ കോവിഡ് വാക്സിനേഷൻ**

215 **ശ്രീ . മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പതിനെട്ട് വയസ്സിന് താഴെയുള്ള കുട്ടികളുടെ കോവിഡ് വാക്സിനേഷനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; ഏതെല്ലാം പ്രായപരിധിയിലുള്ള കുട്ടികൾക്കാണ് നിലവിൽ വാക്സിനേഷൻ നൽകിയത്; ഓരോ പ്രായപരിധിയിലും ഉൾപ്പെട്ട കുട്ടികൾക്ക് നൽകി വരുന്ന വാക്സിനുകൾ ഏതെല്ലാം; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഓരോ പ്രായപരിധിയിലും ഉൾപ്പെട്ട എത്ര കുട്ടികൾക്ക് കോവിഡ് വാക്സിനേഷൻ പൂർത്തീകരിച്ചിട്ടുണ്ട്; എത്ര ശതമാനം വാക്സിനേഷൻ പൂർത്തീകരിച്ചു; സർക്കാർ ആശുപത്രികളിലൂടെ നൽകിയത് എത്ര; ഒന്നാം ഡോസും രണ്ടാം ഡോസും

നൽകിയതിന്റെ കണക്ക് എന്നിവയുടെ വിശദാംശങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കുമോ;

(സി) കുട്ടികൾക്കു വേണ്ടിയുള്ള വാക്സിനേഷന് സർക്കാർ ആശുപത്രികളിലും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും മതിയായ സെന്ററുകൾ ലഭ്യമല്ലയെന്നും സ്വകാര്യ ആശുപത്രികളിൽ പോലും വാക്സിനേഷന് മതിയായ സൗകര്യമില്ലയെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഒന്നാം ഡോസ് വാക്സിൻ എടുത്തവർക്ക് രണ്ടാം ഡോസ് ലഭിയ്ക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ഡി) സ്കൂൾ വിദ്യാർത്ഥികൾക്ക് കോവിഡ് വാക്സിനേഷൻ നിർബന്ധമാക്കി ഉത്തരവ് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) സ്കൂളുകൾ കേന്ദ്രീകരിച്ച് വാക്സിനേഷൻ നടത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

## ആരോഗ്യകേന്ദ്രങ്ങളിലെ മരുന്ന് ക്ഷാമം

216 **ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകളിൽ വരെ മരുന്ന് ക്ഷാമം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) അവശ്യ മരുന്നുകളും വിലകൂടിയ മരുന്നുകളും കാരുണ്യ ഫാർമസികളിൽ പോലും ലഭ്യമല്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മരുന്നുകൾ വാങ്ങുന്നതിനുള്ള ടെൻഡർ നടപടികൾ യഥാസമയം പൂർത്തീകരിക്കുന്നതിൽ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന്റെ ഭാഗത്ത് നിന്നും വീഴ്ച വന്നിട്ടുണ്ടോ; ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തുമോ;

(ഡി) പനി, വയറിളക്ക രോഗങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ചികിത്സ തേടിയെത്തുന്ന പാവപ്പെട്ട രോഗികൾക്ക് മരുന്നുകൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

## കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ അനുവദിക്കുവാൻ നടപടി

217 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡയാലിസിസ് യൂണിറ്റുകളുടെ കുറവ് മൂലം വൃക്കരോഗികൾക്കുണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രശ്നത്തിന്പരിഹാരമായി കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

## പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ

218 **ഡോ സുജിത് വിജയൻപിള്ള**
**ശ്രീ. എ. രാജ**

**ശ്രീ. പി.വി.അൻവർ**

**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോള പകർച്ചവ്യാധിയായി പ്രഖ്യാപിച്ചിട്ടുള്ള വാനര വസൂരി സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും രോഗത്തെ നേരിടാനും കാര്യക്ഷമമായ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് പകർച്ചവ്യാധി നിർണ്ണയ സൗകര്യങ്ങൾ ഒരുക്കുന്നതിനും ലബോറട്ടറി സൗകര്യങ്ങൾ ആധുനികീകരിക്കുന്നതിനും വിപുലീകരിക്കുന്നതിനും സാധിച്ചിട്ടുണ്ടോ;

(സി) പകർച്ചവ്യാധികൾ പ്രതിരോധിക്കുന്നതിന് ഫലപ്രദമായ സംവിധാനം ഒരുക്കുന്നതിന്റെ ഭാഗമായി നിയോജക മണ്ഡലാടിസ്ഥാനത്തിൽ സ്ഥിരം ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കാൻ പദ്ധതിയുണ്ടോ;

(ഡി) പകർച്ചവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനുമുള്ള വൺ ഹെൽത്ത് ഇനിഷ്യേറ്റീവിനെ കുറിച്ച് വിശദമാക്കാമോ?

## സ്വകാര്യ ആശുപത്രികൾ ഈടാക്കുന്ന അമിത ചികിത്സാ നിരക്ക്

219 **ശ്രീ. എ . പി . അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചില സ്വകാര്യ ആശുപത്രികൾ രോഗികളിൽ നിന്നും അമിത നിരക്ക് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സ്വകാര്യ ആശുപത്രികളിലെ ചികിത്സ ഉൾപ്പെടെയുള്ള വിവിധ സേവനങ്ങൾക്ക് ഈടാക്കുന്ന നിരക്ക് നിയന്ത്രിക്കുന്നതിനും ഏകീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ?

## സർക്കാർ ആശുപത്രികളിലെ മരുന്ന് ക്ഷാമം

220 **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ മരുന്ന് ക്ഷാമം രൂക്ഷമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിനായി സ്വീകരിച്ച മാർഗങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഒരു ആശുപത്രിയിലെ ആവശ്യത്തിന് ഇൻഡെന്റ് കൊടുത്തു വാങ്ങിയ മരുന്ന് മറ്റ് ആശുപത്രികൾക്ക് നല്കാൻ നിർദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സർക്കാർ ആശുപത്രികളിൽ മരുന്ന് ക്ഷാമം ഉണ്ടാകാനിടയായ സാഹചര്യം എന്താണെന്നും ഇതിന്റെ കാരണക്കാർ ആരാണെന്നും കണ്ടെത്തിയിട്ടുണ്ടോ; അറിയിക്കുമോ;

(ഇ) സാധാരണക്കാർ കൂടുതലായി ആശ്രയിക്കുന്ന സർക്കാർ ആശുപത്രികളിൽ മരുന്ന് ക്ഷാമം മന:പൂർവ്വം സൃഷ്ടിച്ച് സ്വകാര്യ മരുന്ന് കമ്പനികളെയും മെഡിക്കൽ

സ്റ്റോറുകളെയും സഹായിക്കുന്നതിനുള്ള ശ്രമം ആണോ ഉണ്ടായിരിക്കുന്നത് എന്നു പരിശോധിച്ചിട്ടുണ്ടോ; വെളിപ്പെടുത്തുമോ?

## നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഡയാലിസിസ് സെന്ററുകൾ

221 **ശ്രീ പി സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൃക്ക രോഗികൾ വർദ്ധിച്ചു വരുന്ന സാഹചര്യം കണക്കിലെടുത്ത് നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ;

(ബി) കൊല്ലം ജില്ലയിലെ ഏതൊക്കെ സർക്കാർ ആശുപത്രികളിലാണ് ഡയാലിസിസ് സെന്ററുകൾ നിലവിൽ പ്രവർത്തിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കൊല്ലം ജില്ലയിലെ സർക്കാർ ആശുപത്രികളിൽ നാളിതുവരെ ഡയാലിസിസ് ചെയ്തുവരുന്ന രോഗികളുടെ എണ്ണം വ്യക്തമാക്കാമോ;

(ഡി) സ്വകാര്യ ആശുപത്രികളിൽ ഡയാലിസിസ് ചെയ്തു വരുന്ന രോഗികളുടെ വിവരം ആരോഗ്യ വകുപ്പ് ശേഖരിക്കാറുണ്ടോ; എങ്കിൽ കൊല്ലം ജില്ലയിൽ എത്ര രോഗികളാണ് ഡയാലിസിസിനായി സ്വകാര്യ ആശുപത്രികളെ ആശ്രയിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) സർക്കാർ ആശുപത്രികളിൽ ഡയാലിസിസിന് ഈടാക്കുന്ന ഫീസ് എത്രയാണെന്നും ഏതെല്ലാം വിഭാഗത്തിലുള്ള രോഗികൾക്കാണ് സൗജന്യമായി ഡയാലിസിസ് നൽകുന്നതെന്നും വ്യക്തമാക്കാമോ?

## ഡെങ്കിപ്പനി പ്രതിരോധ പ്രവർത്തനങ്ങൾ

222 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡെങ്കിപ്പനി പടർന്നുപിടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഡെങ്കിപ്പനി പടരാതിരിക്കാൻ എന്തെല്ലാം പ്രതിരോധ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്നറിയിക്കുമോ;

(സി) ഇത്തരം പ്രതിരോധ നടപടികൾ നടപ്പിൽ വരുത്തുന്നുണ്ടോ എന്ന് ഉറപ്പുവരുത്താൻ സർക്കാർ സംവിധാനങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ?

## ജീവിതശൈലി രോഗനിർണ്ണയവും നിയന്ത്രണവും

223 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവിതശൈലീരോഗങ്ങൾ വേഗത്തിൽ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## മങ്കി പോക്സ് രോഗബാധ

224 **ശ്രീ. എ . പി . അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-

ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇതുവരെ എത്ര മങ്കി പോക്സ് കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) മങ്കി പോക്സ് വ്യാപനം തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ഒരിക്കൽ മങ്കി പോക്സ് രോഗബാധ ഉണ്ടായ ആളുകൾക്ക് പിന്നീട് രോഗബാധ ഉണ്ടാകുവാൻ സാധ്യതയുണ്ടോ; രോഗബാധയിലൂടെ ലഭിക്കുന്ന പ്രതിരോധശേഷി വീണ്ടും രോഗബാധ ഉണ്ടാകുന്നത് പൂർണ്ണമായി തടയുന്നതിന് പര്യാപ്തമാണോ; വിശദാംശം നൽകാമോ;

(ഡി) മങ്കി പോക്സിന് വാക്സിൻ കണ്ടെത്തിയിട്ടുണ്ടോ; മങ്കി പോക്സ് പ്രതിരോധത്തിന് ഏതൊക്കെ വാക്സിനുകൾ ഉപയോഗിക്കാമെന്നാണ് കണ്ടെത്തിയിട്ടുള്ളത്; സാർവ്വത്രിക കുത്തിവെയ്പ് ആവശ്യമാണോ; വാക്സിനേഷൻ പ്രോട്ടോകോൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

## <u>ഹീമോഫീലിയ രോഗബാധിതർക്ക് ചികിത്സ ലഭ്യമാക്കുന്നതിന് നടപടി</u>

225 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. പി.വി. ശ്രീനിജിൻ**
**ശ്രീ. എം.വിജിൻ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹീമോഫീലിയ രോഗബാധിതരായ പതിനെട്ട് വയസ്സിന് താഴെയുള്ള കുട്ടികൾക്കും മുതിർന്നവർക്കും ചികിത്സ ലഭ്യമാക്കുന്നതിനായി പ്രത്യേകമായ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) ഹീമോഫീലിയ രോഗികളുടെ എണ്ണം സംബന്ധിച്ച് ജില്ലാടിസ്ഥാനത്തിൽ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഇതനുസരിച്ച് ഓരോ രോഗികളുടെയും അവസ്ഥ കണക്കിലെടുത്ത് റീപ്ലേസ്മെന്റ് തെറാപ്പി ലഭ്യമാക്കുന്നതിന് സംവിധാനമൊരുക്കിയിട്ടുണ്ടോ;

(സി) ഹീമോഫീലിയ രോഗത്തിന് മരുന്നുകൾ ലഭ്യമാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

## <u>ആശുപത്രികൾക്കായി മാസ്റ്റർ പ്ലാൻ</u>

226 **ശ്രീ. ഇ കെ വിജയൻ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ വിവിധ വിഭാഗങ്ങൾ ക്രമീകരിച്ചിരിക്കുന്നത് രോഗികൾക്ക് സൗകര്യപ്രദമായ രീതിയിലുള്ള ഒരു മാസ്റ്റർ

പ്ലാനിന്റെ അടിസ്ഥാനത്തിലല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) രോഗികൾക്ക് സൗകര്യപ്രദവും മെച്ചപ്പെട്ട സേവനം വേഗത്തിൽ ലഭിക്കുന്ന വിധവും സർക്കാർ ആശുപത്രികളിലെ വിവിധ വിഭാഗങ്ങൾ ഒരു മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച് രോഗീ സൗഹൃദം ആക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) ആശുപത്രികളിൽ നടന്നുവരുന്ന മാസ്റ്റർപ്ലാൻ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത മാസ്റ്റർ പ്ലാനിന്റെ ഭാഗമായി ആശുപത്രികളുടെ ഗേറ്റ് മുതൽ രോഗീ സൗഹൃദം ആക്കുവാനും പേപ്പർ രഹിത സേവനങ്ങൾ നൽകുവാനും ശുചിത്വം, മാലിന്യ നിർമ്മാർജ്ജനം എന്നിവ ഉറപ്പുവരുത്തുവാനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## <u>ആശുപത്രികളിലെ മരുന്ന് ക്ഷാമം</u>

227 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ആശുപത്രികളിൽ രോഗികൾക്ക് മരുന്ന് ലഭിക്കുന്നില്ലായെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മരുന്ന് ക്ഷാമം പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ;

(ബി) രോഗികൾക്ക് അത്യാവശ്യഘട്ടത്തിൽ നിർദ്ദേശിക്കുന്ന എല്ലാ മരുന്നുകളും സർക്കാർ ആശുപത്രികളിൽ ലഭ്യമാകുന്നുണ്ടോ; വിശദമാക്കാമോ?

## <u>പകർച്ചവ്യാധി പ്രതിരോധം</u>

228 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വസൂരി, കോളറ, എബോള എന്നീ രോഗങ്ങൾ പടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള പ്രതിരോധ നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പാലാ നിയോജകമണ്ഡലത്തിൽ ഇത്തരം രോഗങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

## <u>സർക്കാർ ആശുപത്രികളുടെ പ്രവർത്തനം</u>

229 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിൽ വേണ്ടത്ര ജീവനക്കാരില്ലാത്തതുമൂലം പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ മെഡിക്കൽ കോളേജുകളിലും താലൂക്ക് ആശുപത്രികളിലും

ഉണ്ടായിരിക്കുന്ന മരുന്ന് ക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) സർക്കാർ ആശുപത്രികളിൽ ഒ.പി. ടിക്കറ്റ് എടുക്കുന്നതിന് സ്വീകരിച്ച പുതിയ സംവിധാനങ്ങൾ വിശദമാക്കാമോ;

(ഡി) മെഡിക്കൽ കോളേജുകളെ റഫറൽ ആശുപത്രികളാക്കി മാറ്റിയതിനാൽ അവശ്യഘട്ടങ്ങളിൽ പൊതുജനങ്ങൾക്ക് മെഡിക്കൽ കോളേജുകളിലെ സേവനം ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

**<u>കോഴിക്കോട് മെഡിക്കൽ കോളേജ് വികസനം</u>**

230 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ 2011-2016, 2016-2022 കാലയളവിൽ പി.എസ്.സി. വഴിയുള്ള നഴ്സുമാരുടെ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) അവിടെ അതേ കാലയളവിൽ ആശുപത്രി വികസന സമിതി, നാഷണൽ ഹെൽത്ത് മിഷൻ എന്നിവ വഴി താൽക്കാലിക നഴ്സുമാരുടെ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്, റ്റി.സി.സി (കാൻസർ വിഭാഗം) ബ്ലോക്ക് എന്നിവ നിലവിൽ വന്നശേഷം അവിടേയ്ക്ക് നഴ്സുമാരുടെയും മറ്റ് ജീവനക്കാരുടെയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് സംബന്ധിച്ച ശിപാർശ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>സാമ്പിൾ കളക്ഷൻ സെന്ററിന്റെയും റിസൾട്ട് കൗണ്ടറിന്റെയും സജ്ജീകരണം</u>**

231 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ലബോറട്ടറി പരിശോധനകളുടെ റിസൾട്ട് ലഭിക്കുന്നതിന് വലിയ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സാമ്പിൾ കളക്ഷൻ സെന്ററും റിസൾട്ട് കൗണ്ടറും എത്ര വീതമാണ് സജ്ജീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) സാമ്പിൾ കളക്ഷൻ കൗണ്ടറുകളിൽ നിന്ന് റിസൾട്ട് ലഭിക്കുന്നതിനായി ബാർകോഡ് സംവിധാനം നൽകുന്നതിനു പകരം ക്യൂ.ആർ. കോഡ് സംവിധാനത്തിലേക്ക് മാറ്റിയാൽ നിലവിലെ കാലതാമസം ഒഴിവാക്കാനും അതാതിടങ്ങളിൽ തന്നെ റിസൾട്ട് ലഭ്യമാക്കാനും കഴിയുമെന്ന കാര്യം പരിശോധിക്കാമോ?

**<u>മെഡിക്കൽ കോളേജുകളിലെ ഓഡിയോളജിസ്റ്റ് തസ്തികകൾ</u>**

232 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളേജുകളിൽ ഓഡിയോളജിസ്റ്റ് ആൻഡ് സ്പീച്ച് പാത്തോളജിസ്റ്റിന്റെ എത്ര സ്ഥിര തസ്തികകളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ;

(ബി) ഇടുക്കി, മഞ്ചേരി, കോന്നി മെഡിക്കൽ കോളേജുകളിൽ ഓഡിയോളജിസ്റ്റിന്റെ എത്ര സ്ഥിര തസ്തികകളാണ് ഉള്ളതെന്നും ഇവയിൽ എത്ര നിയമനം നടത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) മെഡിക്കൽ കോളേജിൽ അസിസ്റ്റന്റ് ഇൻ ഓഡിയോളജി എന്ന തസ്തിക കൂടാതെ ഓഡിയോളജിസ്റ്റിന്റെ മറ്റ് സ്ഥിര തസ്തികകൾ ഉണ്ടോ; വ്യക്തമാക്കാമോ?

**<u>കോഴിക്കോട് മെഡിക്കൽ കോളേജ് വികസനം</u>**

233 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ ആവശ്യത്തിന് ഡോക്ടർമാർ ഇല്ലാത്ത വിഭാഗങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ പ്രവൃത്തി പൂർത്തിയായ കെട്ടിടത്തിൽ ഏതൊക്കെ വിഭാഗങ്ങൾ പ്രവർത്തിപ്പിക്കാനാണ് നിശ്ചയിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ;

(സി) നിലവിൽ പരിമിതമായ സൗകര്യങ്ങളോടെ പ്രവർത്തിക്കുന്ന ഓപ്പറേഷൻ തിയേറ്ററുകൾ പുതിയ കെട്ടിടത്തിലേക്ക് മാറ്റുവാൻ നടപടി സ്വീകരിക്കുമോ; പ്രസ്തുത നടപടികൾ എത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ഡി) എല്ലാ ലബോറട്ടറികളും ഒരു കോംപ്ലക്സിൽ പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) ജീവിതശൈലി രോഗങ്ങൾക്കുള്ള മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

**<u>ആലപ്പുഴ മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മാണം</u>**

234 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജിൽ നിർമ്മിക്കുന്ന സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന് അനുവദിച്ച തുക എത്രയെന്നും ഏർപ്പെടുത്തുന്ന സൗകര്യങ്ങൾ എന്തൊക്കെയെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ; പൂർത്തിയാക്കാൻ അവശേഷിക്കുന്ന പ്രവൃത്തികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിലേക്ക് ആവശ്യമായ ഉപകരണങ്ങൾ, സ്റ്റാഫ് എന്നിവ ലഭ്യമായിട്ടുണ്ടോ; പുതുതായി ലഭ്യമാക്കിയ ഉപകരണങ്ങൾ എന്തൊക്കെയെന്നും പുതുതായി അനുവദിക്കപ്പെട്ട തസ്തികകൾ ഏതൊക്കെയെന്നും വ്യക്തമാക്കാമോ;

(ഡി) സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ പ്രവർത്തനം ആരംഭിക്കുന്നതിലെ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ?

## മൾട്ടി ഫ്ലോർ സ്കൈവാക്ക് സംവിധാനം

235 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഉദ്ഘാടനം ചെയ്ത ഒ.പി. - ഐ.പി. ബ്ലോക്കുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന മൾട്ടി ഫ്ലോർ സ്കൈവാക്ക് സംവിധാനം അടഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് തുറന്നു കൊടുക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണത്തിന് ചെലവായ തുക എത്രയെന്നും നിർമ്മാണ കരാർ നൽകിയിരുന്നത് ആർക്കാണെന്നും ഏത് ഫണ്ട് ഉപയോഗിച്ചാണ് നിർമ്മിച്ചതെന്നും വ്യക്തമാക്കാമോ;

(സി) പൊതുജനങ്ങൾക്ക് പ്രയോജനപ്രദമാകുന്ന പ്രസ്തുത സംവിധാനം എന്ന് തുറന്നു കൊടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## തൃശ്ശൂർ മാനസികാരോഗ്യ ആശുപത്രി ജീവനക്കാരനായ ശ്രീ ജോസഫ് സണ്ണിയുടെ അവധി അപേക്ഷ

236 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മാനസികാരോഗ്യ ആശുപത്രിയിലെ ഒക്കുപേഷണൽ തെറാപ്പിസ്റ്റായ ശ്രീ. ജോസഫ് സണ്ണി 27/01/2022 ൽ ആരോഗ്യവകുപ്പ് ഡയക്ടർക്ക് സമർപ്പിച്ച ശൂന്യവേതന അവധി സംബന്ധിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കാമോ;

(ബി) ശ്രീ. ജോസഫ് സണ്ണിയുടെ അവധി അപേക്ഷ തീർപ്പാക്കുന്നതിനുള്ള ഭരണപരവും സാങ്കേതികവുമായ തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് ഒക്കുപേഷണൽ തെറാപ്പിസ്റ്റുകളുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ; ആയത്പി.എസ്സ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ഡി) ഈ തസ്തികയിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

## പാരാമെഡിക്കൽ ജീവനക്കാരുടെ സ്പെഷ്യൽ റൂൾ

237 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരാമെഡിക്കൽ ജീവനക്കാരുടെ യോഗ്യത, നിയമനം, പ്രമോഷൻ എന്നിവ സംബന്ധിച്ച സ്പെഷ്യൽ റൂൾ നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ അവ രൂപീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## വടകര ജില്ലാ ആശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ

238 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ജില്ലാ ആശുപത്രിയിൽ ഡോക്ടർമാർ, ടെക്നിക്കൽ സ്റ്റാഫുകൾ, മറ്റു തസ്തികകൾ എന്നിങ്ങനെ വിവിധ തസ്തികകളിലായി എത്ര ജീവനക്കാർ ഉണ്ടാകണം എന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്;

(ബി) ഒരു ജില്ലാ ആശുപത്രിയിൽ ഏതൊക്കെ രോഗങ്ങളുടെ ചികിത്സകളാണ് ലഭ്യമാകുക; പ്രസ്തുത രോഗങ്ങളുടെ ചികിത്സയ്ക്കായി ആശുപത്രിയിൽ ഉണ്ടായിരിക്കണമെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുള്ള ഉപകരണങ്ങളുടെ പട്ടിക ലഭ്യമാക്കാമോ;

(സി) വടകര ജില്ലാ ആശുപത്രിയെ താലൂക്ക് ആശുപത്രിയിൽ നിന്നും ജില്ലാ ആശുപത്രിയായി ഉയർത്തിയപ്പോൾ ആശുപത്രിയിലെ സ്റ്റാഫ് പാറ്റേണിൽ മാറ്റം വരുത്തുകയുണ്ടായോ;

(ഡി) എങ്കിൽ ഏതൊക്കെ വിഭാഗങ്ങളിലായി എത്ര വീതം തസ്തികകളാണ് ഇപ്രകാരം അധികമായി ഇവിടെ ഉണ്ടായത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) ജില്ലാ ആശുപത്രി എന്ന നിലയിൽ ഉണ്ടായിരിക്കേണ്ടതും എന്നാൽ നിലവിൽ വടകര ജില്ലാ ആശുപത്രിയിൽ ഇല്ലാത്തതുമായ ചികിത്സാ വിഭാഗങ്ങൾ ഏതൊക്കെയാണ്;

(എഫ്) വടകര ജില്ലാ ആശുപത്രിയിൽ നിലവിൽ ഏതൊക്കെ വിഭാഗങ്ങളിൽ എത്രവീതം ജീവനക്കാരുടെ തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത്;

(ജി) പ്രസ്തുത തസ്തികകളിൽ നിയമനം നടത്താത്തതിനുള്ള കാരണങ്ങളെന്തൊക്കെയാണ്; പ്രസ്തുത തസ്തികകളിൽ ഉടൻ തന്നെ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>ആരോഗ്യ വകുപ്പിൽ നിലവിലുള്ള തസ്തികകൾ</u>

239 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ നിലവിൽ എത്ര തസ്തികകൾ ഉണ്ടെന്നും അവ ഏതൊക്കെയെന്നും വിശദമാക്കാമോ;

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പിൽ പുതുതായി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## <u>കാട്ടാക്കട സി.എച്ച്.സിയിലെ സ്റ്റാഫ് പാറ്റേൺ</u>

240 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട സി.എച്ച്.സി യിലെ നിലവിലെ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ ആവശ്യമായ മെഡിക്കൽ, പാരാമെഡിക്കൽ സ്റ്റാഫുകളെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള

നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനത്തിൽ നിലവിൽ ആവശ്യമായ മെഡിക്കൽ, പാരാമെഡിക്കൽ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള എണ്ണം എത്രയാണെന്ന് വിശദമാക്കാമോ?

**<u>കൂത്തുപറമ്പ് താലൂക്ക് ആശുപത്രിയിൽ അസിസ്റ്റന്റ് സർജൻ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി</u>**

241 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് താലൂക്ക് ആശുപത്രിയിൽ ജനറൽ ഒ.പി. പരിശോധനയ്ക്ക് അസിസ്റ്റന്റ് സർജൻ തസ്തിക ഇല്ലാത്തതിനാൽ ജനറൽ വിഭാഗം രോഗികളെയും എൻ.സി.ഡി. രോഗികളെയും അത്യാഹിത വിഭാഗത്തിൽ ഡ്യൂട്ടിയിലുള്ള ഡോക്ടർമാർക്ക് പരിശോധിക്കേണ്ടിവരുന്നതുമൂലം രോഗികളും ഡോക്ടർമാരും ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കൂത്തുപറമ്പ് താലൂക്ക് ആശുപത്രിയിൽ അസിസ്റ്റന്റ് സർജൻ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിശോധിക്കുമോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയ പ്രൊപ്പോസലുകളിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**<u>അസിസ്റ്റന്റ് ഡയറക്ടർ (ഫൈലേറിയ) നിയമനം</u>**

242 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടർ (ഫൈലേറിയ) എന്ന തസ്തിക എന്നുമുതൽ ഒഴിഞ്ഞു കിടക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഒഴിവ് നികത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(സി) നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം പ്രസ്തുത ഒഴിവ് സീനിയർ ഗ്രേഡ് മലേറിയ ഓഫീസർ/സീനിയർ ബയോളജിസ്റ്റ് എന്നീ വിഭാഗങ്ങളിൽ ഏത് വിഭാഗത്തിൽ നിന്നാണ് നികത്തേണ്ടതെന്ന് വ്യക്തമാക്കുമോ;

(ഡി) സീനിയർ ഗ്രേഡ് മലേറിയ ഓഫീസർമാരുടെയും സീനിയർ ബയോളജിസ്റ്റുമാരുടെയും ഏകീകൃത സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

**<u>മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ</u>**

243 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ പർച്ചെയ്സ് ഓർഡർ പി.ആർ.ഓ.ആർ 1141 ന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പർച്ചെയ്സ് ഓർഡർ സംബന്ധിച്ച നോട്ട് ഫയൽ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഓർഡറിന് സർക്കാരിൽ നിന്നും എക്സ് പോസ്റ്റ് ഫാക്ടോ അംഗീകാരം നേടിയെടുത്തിട്ടുണ്ടോ; എങ്കിൽ ഈ അംഗീകാരത്തിന്റെ നോട്ട് ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ വാങ്ങിയ പി.പി.ഇ. കിറ്റുകൾ

244 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 29.03.2020 മുതൽ രണ്ടു മാസത്തിനുള്ളിൽ കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ എത്ര പി.പി.ഇ. കിറ്റുകൾ വാങ്ങിയിട്ടുണ്ട്;

(ബി) പ്രസ്തുത പി.പി.ഇ. കിറ്റുകൾ ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നും ഏതൊക്കെ തീയതികളിൽ എത്ര രൂപ നിരക്കിലാണ് വാങ്ങിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## ആന്റിവെനം ചികിത്സ

245 **ശ്രീ. എം. എം. മണി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ഏതൊക്കെ ആരോഗ്യ സ്ഥാപനങ്ങളിലാണ് പാമ്പ് കടിയേറ്റാൽ നൽകുന്ന ആന്റിവെനം ചികിത്സാ സൗകര്യം ലഭ്യമായിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ആന്റിവെനം മതിയായ അളവിൽ പല ആശുപത്രികളിലും ഇല്ലാത്തതും വെന്റിലേറ്റർ സൗകര്യത്തിന്റെ അഭാവവും മൂലം യഥാസമയം ചികിത്സ ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടോ;

(സി) ജില്ലാ ആശുപത്രിയിലും എല്ലാ താലൂക്ക് ആശുപത്രികളിലും ആന്റിവെനം ചികിത്സ ഉറപ്പ് വരുത്തുന്നതിനും ഇതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

## കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ പർച്ചേസുകൾ

246 **ശ്രീ സി ആർ മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആൻഡ്രിയ ട്രേഡേഴ്സ് എന്ന കമ്പനിയിൽ നിന്നും എന്തൊക്കെ സാമഗ്രികളാണ് കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ വാങ്ങിയിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(ബി) വാങ്ങിയ സാമഗ്രി, വാങ്ങിയ തീയതി, നിരക്ക് എന്നീ വിശദാംശങ്ങൾ നൽകാമോ;

(സി) പ്രസ്തുത സ്ഥാപനത്തിന് നൽകിയ കരാറുകളിൽ ടെൻഡർ നടപടികൾ പാലിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സ്ഥാപനത്തിന്റെ മുൻപരിചയവും വിശ്വാസ്യതയും പരിശോധിച്ചിട്ടുണ്ടോ;

(ഇ) നാഷണൽ ഹെൽത്ത് മിഷനിൽ ജോലി ചെയ്യുന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള സ്ഥാപനമാണെന്നത് ഈ കമ്പനിക്ക് കരാർ നൽകുന്നതിന് സഹായകരമായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

## കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ

247 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹിളാ അപ്പാരൽസ് എന്ന സ്ഥാപനത്തിൽ നിന്നും 22.03.2020-ന് പി.പി.ഇ. കിറ്റുകൾ വാങ്ങാൻ കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ തീരുമാനിച്ചിരുന്നോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തീരുമാനം റദ്ദാക്കിയിരുന്നോ; എങ്കിൽ എന്നാണ് ഈ തീരുമാനം റദ്ദാക്കിയത്; വ്യക്തമാക്കാമോ;

(സി) പ്രസ്തുത തീരുമാനം റദ്ദാക്കിയ ശേഷവും ഈ പർച്ചെയ്സ് ഓർഡറിന് സർക്കാരിൽ നിന്നും എക്സ് പോസ്റ്റ് ഫാക്റ്റോ അംഗീകാരം നേടിയെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ?

## പബ്ലിക് ഹെൽത്ത് കേഡർ പദ്ധതി

248 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക്ക് ഹെൽത്ത് കേഡർ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി ആരോഗ്യമേഖലയ്ക്ക് ഉണ്ടാക്കുന്ന മാറ്റങ്ങൾ വിശദമാക്കാമോ?

## ഡയാലിസിസ് യൂണിറ്റ് വിപുലീകരണം

249 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ് വിപുലീകരണത്തിന് തുക അനുവദിച്ചുവെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് തടസ്സങ്ങളുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി എത്രയും വേഗം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## തിരുവല്ല താലൂക്ക് ആശുപത്രിയിലെ മിന്നൽ സന്ദർശനം

250 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല താലൂക്ക് ആശുപത്രിയിൽ ആരോഗ്യവകുപ്പ് മന്ത്രി മിന്നൽ സന്ദർശനം നടത്തിയ അവസരത്തിൽ ആശുപത്രി സൂപ്രണ്ടിനെ പരസ്യമായി ശാസിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സൂപ്രണ്ടിന് എതിരായി കണ്ടെത്തിയ കൃത്യവിലോപങ്ങൾ എന്തൊക്കെയാണ്; ഇക്കാര്യത്തിൽ സ്വീകരിച്ച ശിക്ഷാ നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(സി) പ്രസ്തുത സന്ദർശനത്തെ തുടർന്ന് സൂപ്രണ്ടിനെ സ്ഥലം മാറ്റിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

## കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ പി.പി.ഇ. കിറ്റ് വാങ്ങിയത്

251 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) M/S ഹെൽപ് ലൈഫ് കൺസൾട്ടന്റ്സ് ആന്റ് റെയിൻബോ ഡ്രഗ്സ് ആന്റ് കെമിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ പി.പി.ഇ. കിറ്റുകൾ ലഭ്യമാക്കിയിരുന്നോ; എങ്കിൽ ഏതൊക്കെ തീയതികളിലായി എത്ര രൂപ നിരക്കിലാണ് ഈ സ്ഥാപനത്തിൽ നിന്നും പി.പി.ഇ. കിറ്റുകൾ ലഭ്യമാക്കിയിരുന്നത്;

(ബി) പ്രസ്തുത പർച്ചെയ്സ് ഓർഡറിന് സർക്കാരിൽ നിന്നും എക്സ് പോസ്റ്റ് ഫാക്ടോ അംഗീകാരം നേടിയെടുത്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അംഗീകാരത്തിന്റെ നോട്ട് ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനത്തിൽ നിന്നും കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ പി.പി.ഇ. കിറ്റുകൾ ലഭ്യമാക്കിയതു സംബന്ധിച്ച നോട്ട് ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ

252 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ PROR00000010449 പർച്ചെയ്സ് ഓർഡർ സംബന്ധിച്ച നോട്ട് ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പർച്ചെയ്സ് ഓർഡറിന് സർക്കാരിൽ നിന്നും എക്സ് പോസ്റ്റ് ഫാക്ടോ അംഗീകാരം നേടിയെടുത്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ നോട്ട് ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## പി.പി.ഇ. കിറ്റ് വാങ്ങിയതിലുള്ള അഴിമതി ആരോപണം

253 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ എം വിൻസെൻറ്**
**ശ്രീ. എ . പി . അനിൽ കുമാർ**
**ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 30.03.2020 -ന് സാൻ ഫാർമ എന്ന കമ്പനിയിൽ നിന്നും അമ്പതിനായിരം പി. പി. ഇ. കിറ്റ് വാങ്ങാനുള്ള തീരുമാനം എടുത്തശേഷം പതിനയ്യായിരം കിറ്റ് മാത്രം വാങ്ങിയാൽ മതി എന്ന് മെഡിക്കൽ സർവ്വീസസ് കോർപറേഷൻ ഫിനാൻസ് മാനേജർ നോട്ട് ഫയലിൽ രേഖപ്പെടുത്തിയിരുന്നോ; എങ്കിൽ ഇതിന്റെ തീയതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കമ്പനിയിൽ നിന്നും പതിനയ്യായിരം പി. പി. ഇ. കിറ്റ് വാങ്ങാനുള്ള തീരുമാനം മെഡിക്കൽ സർവ്വീസസ് കോർപറേഷൻ കൈക്കൊണ്ട ശേഷം അമ്പതിനായിരം പി. പി. ഇ. കിറ്റ് വാങ്ങിയതിനുള്ള 7.75 കോടി രൂപയുള്ള എക്സ്

പോസ്റ്റ് ഫാക്ടോ അംഗീകാരത്തിന് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ;

(സി) ശേഷിക്കുന്ന തുക എന്ത് ആവശ്യങ്ങൾക്കാണ് വിനിയോഗിച്ചതെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത തുകയുടെ വിനിയോഗത്തിനായി സർക്കാരിന്റെ അനുമതി നേടിയിരുന്നോ; എങ്കിൽ ആയത് സംബന്ധിച്ച വിശദാംശം നൽകാമോ?

**ആരോഗ്യസ്ഥാപനങ്ങളിൽ ഭിന്നശേഷിക്കാർക്ക് ക്യൂ ഒഴിവാക്കാൻ നടപടി**

254 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആരോഗ്യസ്ഥാപനങ്ങളിൽ ഭിന്നശേഷിക്കാർക്ക് ക്യൂ ഒഴിവാക്കിക്കൊണ്ടുള്ള അറിയിപ്പ് ബോർഡ് സ്ഥാപിച്ചിട്ടുണ്ടോ എന്ന് പരിശോധന നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പരിശോധന നടത്തുന്നതിനുള്ള നടപടി സ്വീകരിക്കാമോ;

(ബി) എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും പ്രസ്തുത ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കാമോ?

**ഇ കോളി ബാക്ടീരിയ**

255 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിലെ കിണറുകളിൽ ഇ-കോളി ബാക്ടീരിയയുടെ സാന്നിദ്ധ്യം പരിശോധിക്കുന്നതിന് എന്തൊക്കെ നടപടികൾ ആണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) കിണറുകളിൽ ഇ-കോളി ബാക്ടീരിയ സാന്നിദ്ധ്യം കണ്ടെത്തുന്ന പക്ഷം എന്തൊക്കെ നടപടികൾ ആണ് സ്വീകരിക്കുന്നത് എന്നറിയിക്കാമോ?

**പി. പി. ഇ. കിറ്റ്**

256 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാൻ ഫാർമ എന്ന സ്ഥാപനത്തിൽ നിന്നും അമ്പതിനായിരം പി. പി. ഇ. കിറ്റുകൾ വാങ്ങാൻ തീരുമാനിച്ചതിനുശേഷം പതിനയ്യായിരം പി. പി. ഇ. കിറ്റുകൾ മാത്രം വാങ്ങാനുള്ള തീരുമാനം കൈക്കൊണ്ടതു സംബന്ധിച്ച രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ നിന്നും പതിനയ്യായിരം പി. പി. ഇ. കിറ്റുകൾ വാങ്ങാനുള്ള തീരുമാനം മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ കൈക്കൊണ്ടതിനുശേഷം അമ്പതിനായിരം പി. പി. ഇ. കിറ്റ് വാങ്ങിയതിനുള്ള 7.75 കോടി രൂപയുടെ എക്സ് പോസ്റ്റ് ഫാക്ടോ അംഗീകാരത്തിന് സർക്കാരിൽ സമർപ്പിച്ചതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ശേഷിക്കുന്ന തുകയുടെ വിനിയോഗത്തിനായി സർക്കാരിന്റെ അനുമതി

നേടിയിരുന്നോ; എങ്കിൽ ആയത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കാമോ ;

(ഡി) പ്രസ്തുത അനുമതി സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## അവയവമാറ്റം

257 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ**
**ശ്രീ. പി. ജെ. ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവയവമാറ്റവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ സർക്കാർ നടത്തുന്ന ഇടപെടലുകൾ വിശദമാക്കാമോ;

(ബി) അവയവമാറ്റവുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ തടയുന്നതിനും അവയവ കച്ചവടം നിയന്ത്രിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) അവയവമാറ്റത്തിനായി സർക്കാർ തലത്തിൽ പ്രത്യേക സംവിധാനം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സംവിധാനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും അവ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും അറിയിക്കാമോ?

## തിരുവല്ല താലൂക്ക് ആശുപത്രിയിലെ മിന്നൽ സന്ദർശനം

258 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല താലൂക്ക് ആശുപത്രിയിൽ ആരോഗ്യവകുപ്പ് മന്ത്രി മിന്നൽ സന്ദർശനം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സന്ദർശനം എന്നായിരുന്നു; തദവസരത്തിൽ ആശുപത്രിയുടെ പ്രവർത്തനത്തിൽ കണ്ടെത്തിയ കൃത്യവിലോപങ്ങളും പോരായ്മകളും എന്തൊക്കെയാണെന്നും ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അവസരത്തിൽ ആശുപത്രിയിൽ നിന്നും അത്യാവശ്യ മരുന്നുകൾ പോലും ലഭിക്കുന്നില്ല എന്ന് രോഗികൾ നേരിട്ട് പരാതി ഉന്നയിച്ചിരുന്നോ; എങ്കിൽ ഏതൊക്കെ മരുന്നുകൾ ലഭിക്കുന്നില്ല എന്നാണ് പരാതി ഉന്നയിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; മരുന്ന് ലഭ്യമല്ലാത്ത അവസ്ഥ ഉണ്ടാകുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് വീഴ്ച ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്താണെന്ന് അറിയിക്കാമോ;

(ഡി) മിന്നൽ സന്ദർശനം നടത്തിയ ദിവസം പ്രസ്തുത ആശുപത്രി ഫാർമസിയിൽ ഏതൊക്കെ അവശ്യ മരുന്നുകളാണ് ഇല്ലാതിരുന്നതെന്ന് വ്യക്തമാക്കാമോ; അന്നേ ദിവസം ആശുപത്രി ഫാർമസിയിലെ മരുന്നുകളുടെ സ്റ്റോക്ക് വിവരം സംബന്ധിച്ച വിശദാംശം നൽകാമോ?

## അരുവിക്കര നിയോജകമണ്ഡലത്തിലെ ആരോഗ്യസ്ഥാപനങ്ങൾ

259 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിൽ പ്രവർത്തിച്ചുവരുന്ന അലോപ്പതി, ആയുർവേദ,ഹോമിയോ ആശുപത്രികളുടെ പേരു വിവരവും അവ പ്രവർത്തിച്ചുവരുന്ന സ്ഥലങ്ങളും, ജീവനക്കാരുടെ തസ്തിക തിരിച്ച വിവരങ്ങളും ലഭ്യമാക്കാമോ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളിൽ ഓരോ വാർഡിലും നിയോഗിച്ചിട്ടുള്ള ഫീൽഡ്തല ആരോഗ്യപ്രവർത്തകരുടെ തസ്തിക തിരിച്ചുള്ള എണ്ണം ലഭ്യമാക്കാമോ;

(സി) പ്രസ്തുത ആരോഗ്യ സ്ഥാപനങ്ങളിൽ ഐ.പി. സൗകര്യം ലഭ്യമായിട്ടുള്ള ആശുപത്രികളുടെ വിവരവും അനുവദിച്ചിട്ടുള്ള കിടക്കകളുടെ എണ്ണവും ലഭ്യമാക്കാമോ?

## താമരശ്ശേരി താലൂക്ക് ആശുപത്രിയിലെ ആംബുലൻസ്

260 **ഡോ. എം.കെ . മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി താലൂക്ക് ആശുപത്രിയിലെ KL-01-BE-7115 നമ്പർ ആംബുലൻസിന്റെ ഫിറ്റ്നസ് പുതുക്കാൻ ആവശ്യമായ അറ്റകുറ്റപ്പണികൾക്കുള്ള എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിന് കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർ ബന്ധപ്പെട്ട രേഖകൾ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ എന്നാണ് പ്രസ്തുത ഫയൽ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമായതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത ഫയലിന്മേൽ ആരോഗ്യവകുപ്പ് ഡയറക്ടർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) 03.06.2022 തീയതി രേഖപ്പെടുത്തിയ കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസറുടെ കത്തിൽ കാലവിളംബം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എസ്റ്റിമേറ്റ് അംഗീകരിച്ച് ആരോഗ്യവകുപ്പ് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## കോവിഡ് ബാധിച്ച് മരണപ്പെടുന്നവരുടെ കുടുംബത്തിനുള്ള ധനസഹായം

261 **ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബാംഗം കോവിഡ് ബാധിച്ച് മരണപ്പെട്ടാൽ ആ കുടുംബത്തിന് 3 വർഷം പ്രതിമാസം 5000 രൂപ നൽകുമെന്ന് സംസ്ഥാന സർക്കാർ വാഗ്ദാനം നൽകിയിരുന്നോ; എങ്കിൽ എപ്പോഴാണ് വാഗ്ദാനം നൽകിയതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് ഏതെങ്കിലും ഉത്തരവ് പുറത്തിറക്കിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) അപേക്ഷ സമർപ്പിക്കേണ്ട രീതി എന്താണെന്നും അപേക്ഷ സമർപ്പിച്ച് എത്ര ദിവസത്തിനുള്ളിലാണ് പണം നൽകുകയെന്നും വ്യക്തമാക്കാമോ;

(ഡി) ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര എണ്ണമാണ് അംഗീകരിച്ചതെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഇ) എത്ര അപേക്ഷകൾക്ക് സഹായം അനുവദിച്ചു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; അപേക്ഷകൾ നിരസിച്ചിട്ടുണ്ടെങ്കിൽ എത്രയെണ്ണമാണ് നിരസിച്ചതെന്നും അതിനുള്ള കാരണമെന്താണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

<u>**നാഷണൽ ഹെൽത്ത് മിഷൻ നൽകുന്ന തുകയുടെ വിനിയോഗം**</u>

262 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിരോധ സാമഗ്രികൾ വാങ്ങുന്നതിനായി നാഷണൽ ഹെൽത്ത് മിഷൻ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകുന്ന തുക വിനിയോഗിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ അംഗീകാരം ആവശ്യമാണോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇപ്രകാരം നാളിതുവരെ എത്ര തുക നൽകിയെന്നും എത്ര തുകയ്ക്ക് സർക്കാർ അംഗീകാരം നൽകിയെന്നും വിശദമാക്കാമോ?

<u>**ലബോറട്ടറി ടെക്നീഷ്യന്മാരുടെ ആശങ്കകൾ പരിഹരിക്കൽ**</u>

263 **ശ്രീ എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം നടപ്പിലാക്കുമ്പോൾ നിലവിലുള്ള ലബോറട്ടറി ടെക്നീഷ്യന്മാരുടെ ആശങ്കകൾ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

<u>**ലാബോറട്ടറികളുടെ സ്ഥല വിസ്തീർണ്ണം വർദ്ധിപ്പിക്കൽ**</u>

264 **ശ്രീ എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലിനിക്കൽ ലബോറട്ടറികളിലെ സ്ഥല വിസ്തീർണ്ണം വർദ്ധിപ്പിക്കുക വഴി നിലവിലുള്ള സ്ഥാപനങ്ങൾക്ക് എന്തെങ്കിലും പ്രയാസങ്ങൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രയാസങ്ങൾ എന്താണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രയാസങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>**മലപ്പുറം ബ്ലോക്ക് പി.എച്ച്.സി. യെ അപ്ഗ്രേഡ് ചെയ്യാനുള്ള നടപടികൾ**</u>

265 **ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം പൂക്കോട്ടൂർ ബ്ലോക്ക് പി.എച്ച്.സി.യെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

ആക്കി ഉയർത്തണമെന്ന ബ്ലോക്ക് പഞ്ചായത്തിന്റെയും എം.എൽ.എ.യുടെയും ആവശ്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; പ്രസ്തുത പി.എച്ച്.സി.യെ അപ്ഗ്രേഡ് ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇതു സംബന്ധിച്ച് 6358826/2022/M(H),W&CD നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) 01.08.2021-ലെ സ.ഉ (സാധാ )നം. 1633/2020/ആ.കു.വ. ഉത്തരവ് പ്രകാരം മലപ്പുറം പൂക്കോട്ടൂർ പി.എച്ച്.സി.യെ ബ്ലോക്ക് തല കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; ആയതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

## ഹോമിയോ ഡിസ്പെൻസറികൾ അനുവദിക്കുന്നതിന് നടപടി

266 **ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 ബഡ്ജറ്റിൽ പുതിയ ഹോമിയോ ആശുപത്രി അനുവദിക്കുന്നതിന് 2210-02-102-73 എന്ന ശീർഷകത്തിൽ തുക വകയിരുത്തുകയും 12.05.2017-ന് വർക്കിങ് ഗ്രൂപ്പ് യോഗം ചേർന്ന് അംഗീകാരം നൽകുകയും ചെയ്ത പ്രകാരം മുപ്പത് പഞ്ചായത്തുകളിൽ പുതിയ ഹോമിയോ ഡിസ്പെൻസറി അനുവദിച്ച് ആയുഷ് ബി വകുപ്പ് ഉത്തരവ് ഇറക്കിയിരുന്നോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവ് 27.07.2017-ൽ റദ്ദ് ചെയ്തിരുന്നോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; റദ്ദ് ചെയ്യാനുള്ള കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഉത്തരവിൽ ഉൾപ്പെട്ട ഏതെങ്കിലും പഞ്ചായത്തിൽ പിന്നീട് സർക്കാർ-എൻ.ആർ.എച്ച്.എം. ഹോമിയോ ഡിസ്പെൻസറികൾ അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) റദ്ദ് ചെയ്ത ഉത്തരവിൽ ഉൾപ്പെട്ട മലപ്പുറം ജില്ലയിലെ മുതുവല്ലൂർ ഹോമിയോ ഡിസ്പെൻസറി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ഹോമിയോപ്പതി ഡോക്ടർമാരുടെ കരാർ നിയമനം

267 **ഡോ. എം.കെ . മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോമിയോപ്പതി വകുപ്പിൽ നാഷണൽ ഹെൽത്ത് മിഷൻ വഴിയുള്ള ഡോക്ടർമാരുടെ കരാർ നിയമനം എത്ര വർഷത്തേക്കാണ് എന്ന് വ്യക്തമാക്കുമോ;

(ബി) നാഷണൽ ഹെൽത്ത് മിഷൻ വഴിയുള്ള ഡോക്ടർമാരുടെ നിയമനം, നിലവിലുള്ള പിഎസ്‌സി റാങ്ക് ലിസ്റ്റിൽ നിന്നും താൽക്കാലികാടിസ്ഥാനത്തിൽ നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) നാഷണൽ ഹെൽത്ത് മിഷൻ വഴി കരാറടിസ്ഥാനത്തിൽ നിയമിതരായ ഡോക്ടർമാരുടെ വിരമിക്കൽ പ്രായം 60 വയസ് എന്നത് സംബന്ധിച്ച ഉത്തരവ് നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) നാഷണൽ ഹെൽത്ത് മിഷൻ വഴിയുള്ള ഡോക്ടർമാരുടെ കരാർ നിയമനത്തിൽ സംവരണതത്വം പാലിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(ഇ) സ്റ്റേറ്റ് പ്രോഗ്രാം മാനേജർ (ഹോമിയോപ്പതി) തസ്തികയിലെ നിയമനം കരാർ മുഖേനയാണോ അന്യത്ര സേവന വ്യവസ്ഥ മുഖേനയാണോ എന്ന് വ്യക്തമാക്കാമോ?

**ആയുഷ് വകുപ്പിലെ മെഡിക്കൽ ഓഫീസർ നിയമനം**

268 **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുഷ് വകുപ്പിൽ നിലവിലുള്ള മെഡിക്കൽ ഓഫീസർ പി.എസ്.സി. റാങ്ക് പട്ടികയിൽ നിന്ന് എത്ര പേരെ നിയമിയിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്; റാങ്ക് ലിസ്റ്റ് കാലാവധിക്കുള്ളിൽ എത്ര ഒഴിവുകൾ പ്രതീക്ഷിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

**മഞ്ചേശ്വരം താലൂക്കിൽ ആയുർവേദ ആശുപത്രി**

269 **ശ്രീ എ കെ എം അഷ്‌റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ കിടത്തിചികിത്സാ സൗകര്യത്തോടെയുള്ള ആയുർവേദ ആശുപത്രി തുടങ്ങുന്നത് പരിഗണനയിൽ ഉണ്ടോ; വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) എം എൽ എ ഫണ്ടിൽ നിന്നും അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ ഒരുക്കുകയാണെങ്കിൽ മഞ്ചേശ്വരത്ത് ആയുർവേദ ആശുപത്രി തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

**ആയുർവേദ കോളേജ് വിദ്യാർത്ഥികളുടെ പരീക്ഷ**

270 **ശ്രീ ഐ ബി സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഗവൺമെന്റ് ആയുർവേദ കോളേജിലെ ഒരു വിഭാഗം രണ്ടാം വർഷ വിദ്യാർത്ഥികൾക്ക് ദ്രവ്യഗുണവിഷയത്തിലും ചരകയിലും പരീക്ഷ എഴുതാൻ അനുവദിയ്ക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദ്യാർത്ഥി സമരത്തിന്റെ ഭാഗമായി ബഹിഷ്കരിച്ച മോഡൽ പരീക്ഷ മറ്റൊരു ദിവസം നടത്തുന്നതിന് പകരം മുഴുവൻ വിദ്യാർത്ഥികളെയും തോൽപ്പിച്ചിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത കോളേജിൽ അക്കാദമിക് കലണ്ടർ തയ്യാറാക്കിയിട്ടുണ്ടോ; 2021-2022, 2022-23 വർഷങ്ങളിലെ അക്കാദമിക് കലണ്ടറിന്റെ പകർപ്പ് ലഭ്യമാക്കാമോ?

**കുളത്തൂർ ഗവൺമെന്റ് ആയുർവേദ ആശുപത്രിയിൽ കിടത്തി ചികിത്സ ലഭ്യമാക്കാൻ നടപടി**

271 **ശ്രീ കെ ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളത്തൂർ ഗവൺമെന്റ് ആയുർവേദ ആശുപത്രിയിൽ കിടത്തി ചികിത്സയ്ക്ക്

ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ കിടത്തി ചികിത്സയ്ക്ക് ആവശ്യമായ ഏതൊക്കെ നടപടികളാണ് പൂർത്തീകരിക്കേണ്ടത് എന്ന് വ്യക്തമാക്കാമോ?

## ഡോക്ടർമാരുടെ പെൻഷൻ പ്രായം ഉയർത്തൽ

272 **ശ്രീ. പി. ജെ. ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോമിയോ, ആയുർവേദം തുടങ്ങിയ ആയുഷ് വകുപ്പ് ഡോക്ടർമാരുടെ പെൻഷൻ പ്രായം 60 വയസാക്കി ഉയർത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഇക്കാര്യത്തിൽ സർക്കാർ നയപരമായ തീരുമാനം എടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച ഹൈക്കോടതി ഉത്തരവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

## സർക്കാർ ആശുപത്രികളിലെ മരുന്ന് ക്ഷാമം

273 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിലെ മരുന്നിന്റെ ദൗർലഭ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മരുന്നുകൾ വാങ്ങുന്നതിന് കാരുണ്യ പദ്ധതിയിൽ നിന്നും ഫണ്ട് വിനിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(സി) മരുന്ന് വാങ്ങലുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ യഥാസമയം പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(ഡി) സർക്കാർ ആശുപത്രികളിലെ മരുന്നുക്ഷാമം പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

## വൈപ്പിൻ മണ്ഡലത്തിലെ അങ്കണവാടിയുടെ പുനർനിർമ്മാണം

274 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജക മണ്ഡലത്തിൽ നായരമ്പലം ഗ്രാമപഞ്ചായത്തിലെ 13-ാം വാർഡിൽ നിലവിലുള്ള 13/50 നമ്പർ അങ്കണവാടി പുനർനിർമ്മാണ അനുമതിക്കായി 11.12.2020 തീയതിയിലെ ബി4/136/2020 നമ്പർ കത്ത്പ്രകാരം സമർപ്പിച്ച അപേക്ഷയിൽ അനുമതി ലഭ്യമാക്കുന്നതിലുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അങ്കണവാടി പുനർനിർമ്മാണത്തിന് എത്രയും വേഗം അനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) അനുമതി ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## അങ്കണവാടി ജീവനക്കാരുടെ വേതന പരിഷ്കരണം

275 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-

ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അങ്കണവാടി ജീവനക്കാർക്ക് ഇപ്പോൾ ലഭിക്കുന്ന പ്രതിമാസ വേതനം എത്രയാണെന്നും എന്ന് മുതൽ ഈ തുക ലഭിക്കുന്നുവെന്നും വ്യക്തമാക്കാമോ;

(ബി) ഇതിൽ കേന്ദ്രസർക്കാരിൽ നിന്ന് ലഭിക്കുന്നത് എത്ര രൂപയാണെന്നും സംസ്ഥാന സർക്കാർ നൽകുന്നത് എത്ര രൂപയാണെന്നും വിശദമാക്കാമോ;

(സി) അങ്കണവാടി ജീവനക്കാരുടെ വേതനം കൃത്യമായ ഇടവേളകളിൽ പുതുക്കുന്നതിന് എന്തെങ്കിലും സംവിധാനമുണ്ടോ;

(ഡി) സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനായി സ്വീകരിക്കുന്ന നടപടികളുടെ മാതൃകയിൽ അങ്കണവാടി ജീവനക്കാരുടെ വേതനം പരിഷ്കരിക്കുവാൻ സ്ഥിരമായ ഒരു സംവിധാനം ഉണ്ടാക്കുന്നതിനും കൃത്യമായ ഇടവേളകളിൽ ഇത് പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>പോഷകബാല്യം പദ്ധതി</u>

276 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പോഷകബാല്യം പദ്ധതിയിൽ വയനാട് ജില്ലയിൽ എത്ര കുട്ടികൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനാവശ്യമായ ചെലവും അംഗൻവാടികളുടെ എണ്ണവും താലൂക്ക് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

## <u>തൊഴിലിടങ്ങളിൽ ശിശു പരിപാലന കേന്ദ്രം പദ്ധതി</u>

277 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലിടങ്ങളിൽ ശിശു പരിപാലന കേന്ദ്രം എന്ന പദ്ധതിയിലൂടെ കുട്ടികൾക്ക് ലഭ്യമാകുന്ന സൗകര്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ എല്ലാ തൊഴിലിടങ്ങളിലും പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

## <u>ഐ.സി.ഡി.എസ് പ്രോജക്ടുകളിലെ താൽക്കാലിക ഡ്രൈവർമാരുടെ ശമ്പളകുടിശ്ശിക</u>

278 **ശ്രീ എം വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിത-ശിശുവികസന വകുപ്പിന്റെ ഐ.സി.ഡി.എസ്. പ്രോജക്ടുകളിൽ താൽക്കാലികാടിസ്ഥാനത്തിൽ എത്ര ഡ്രൈവർമാർ ജോലി ചെയ്യുന്നു; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ; പ്രസ്തുത ഡ്രൈവർമാർക്ക് ശമ്പള കുടിശ്ശിക ഉണ്ടോ; ഉണ്ടെങ്കിൽ എത്ര മാസത്തേതെന്നും ആയതിനുള്ള കാരണവും വ്യക്തമാക്കുമോ?

## <u>ആലത്തൂർ മണ്ഡലത്തിലെ അംഗൻവാടികൾ</u>

279 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമുള്ള അംഗൻവാടികൾ എത്ര; അവ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അംഗൻവാടികളിൽ അറ്റകുറ്റപ്പണികൾ ആവശ്യമുള്ളവ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(സി) സ്വന്തമായി സ്ഥലമുണ്ടായിട്ടും കെട്ടിടമില്ലാത്തതിനാൽ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾ എത്രയെന്നും അവ ഏതൊക്കെയെന്നും പഞ്ചായത്തടിസ്ഥാനത്തിൽ വിശദീകരിക്കാമോ?

## പോഷകബാല്യം പദ്ധതി

280 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പോഷകബാല്യം പദ്ധതിയുടെ ഭാഗമായി അംഗൻവാടി പ്രീസ്കൂൾ കുട്ടികൾക്ക് പാലും മുട്ടയും നൽകുന്ന പദ്ധതിക്കായി സംസ്ഥാന സർക്കാർ എത്ര തുക അനുവദിച്ചെന്ന് വ്യക്തമാക്കാമോ; പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രയോജനം എത്ര അംഗൻവാടി പ്രീസ്കൂൾ കുട്ടികൾക്ക് ലഭിക്കുമെന്ന് വ്യക്തമാക്കാമോ?

## കടുത്തുരുത്തി മണ്ഡലത്തിലെ അംഗൻവാടികൾക്ക് സ്ഥലം അനുവദിക്കുന്നതിന് നടപടി

281 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു അംഗൻവാടിയുടെ നിർമ്മാണത്തിന് ഏറ്റവും കുറഞ്ഞത് എത്ര സെന്റ് സ്ഥലം ആവശ്യമാണെന്ന് വ്യക്തമാക്കാമോ;

(ബി) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ മാഞ്ഞൂർ, ഉഴവൂർ പഞ്ചായത്തുകളിലെ മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച് ഇറിഗേഷൻ ചീഫ് എഞ്ചിനീയർ, ഒരു അംഗൻവാടിക്ക് എത്ര സെന്റ് സ്ഥലം ആവശ്യമാണ് എന്നറിയിക്കുവാൻ വനിതാ ശിശുവികസന ഡയറക്ടർക്ക് നൽകിയ കത്തിന് ഡയറക്ടർ മറുപടി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ;

(സി) പ്രസ്തുത വിഷയത്തിൽ വനിതാ ശിശുവികസന ഡയറക്ടർ നൽകിയ മറുപടി അറിയിക്കാമോ; ചീഫ് എഞ്ചിനീയർക്ക് നൽകിയ പ്രസ്തുത മറുപടിയുടെ പകർപ്പ് ലഭ്യമാക്കാമോ?

## ഗർഭിണികളുടെയും കുട്ടികളുടെയും ക്ഷേമം

282 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അംഗൻവാടി മുഖേന കുട്ടികൾക്കും അമ്മമാർക്കും വിതരണം ചെയ്യുന്ന പോഷകാഹാരങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) വനിതാശിശു വികസന വകുപ്പ് മുഖേന ഗർഭിണികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ഗർഭിണികളുടെ മാനസികോല്ലാസത്തിന് അംഗൻവാടി കേന്ദ്രീകരിച്ച് പ്രത്യേക പദ്ധതികൾ നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>മാതൃകാ അംഗൻവാടികൾ</u>**

283 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി കെട്ടിടമില്ലാത്ത എത്ര അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര അംഗൻവാടികൾ മാതൃകാ അങ്കണവാടികളായി ഉയർത്തിയിട്ടുണ്ടെന്ന വിവരം ജില്ല/സ്ഥാപനം തിരിച്ച് ലഭ്യമാക്കാമോ?

**<u>ഭക്ഷ്യസംസ്കരണ നയരൂപീകരണം</u>**

284 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസംസ്കരണ മേഖലയിൽ കേരളത്തിനുള്ള വളർച്ചാ സാധ്യതകളും തൊഴിൽ സാധ്യതകളും പ്രയോജനപ്പെടുത്തുന്നതിനായി ഭക്ഷ്യസംസ്കരണ നയം രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഭക്ഷ്യസംസ്കരണ വ്യവസായത്തിന്റെ വളർച്ച സംസ്ഥാനത്ത് ശക്തിപ്പെടുത്തുന്നതിനും സുസ്ഥിരമാക്കുന്നതിനും ഇതുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്നവർക്കും പ്രാദേശിക സംരംഭകർക്കും പ്രയോജനപ്പെടുത്തുന്നതിനുമായി ഭക്ഷ്യസംസ്കരണ നയം രൂപീകരിച്ച് നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) ഭക്ഷ്യസാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

**<u>ഓണക്കാലത്തെ ഭക്ഷ്യ കിറ്റ് വിതരണം</u>**

285 **ശ്രീ . എൻ . ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഓണക്കാലത്ത് എല്ലാ റേഷൻ കാർഡ് ഉടമകൾക്കും ഭക്ഷ്യ കിറ്റ് വിതരണം ചെയ്യുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതിനായി എത്ര കോടി രൂപ ചെലവഴിക്കാനാണ് അനുമതി ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഭക്ഷ്യക്കിറ്റിൽ ഉൾപ്പെട്ടിട്ടുള്ള സാധനങ്ങൾ വാങ്ങിയതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ എന്തെല്ലാം; ആരിൽ നിന്നെല്ലാമാണ് സാധനങ്ങൾ വാങ്ങിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

**<u>വിശപ്പുരഹിത കേരളം പദ്ധതി</u>**

286 **ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ

വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ വിശപ്പുരഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി കണ്ടെത്തിയിട്ടുള്ള ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ നൽകാമോ?

## വിശപ്പുരഹിത കേരളം പദ്ധതി

287 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല നിയോജകമണ്ഡലത്തിൽ വിശപ്പുരഹിത കേരളം പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ എത്ര സുഭിക്ഷ ഹോട്ടലുകൾ ആരംഭിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ചുള്ള വിവരം വ്യക്തമാക്കാമോ; ആയതിന് സർക്കാർ നൽകുന്ന സബ്സിഡികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

## മലപ്പുറം ജില്ലയിലെ സുഭിക്ഷ ഹോട്ടലുകൾ

288 **ശ്രീ. പി.വി.അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശപ്പുരഹിത കേരളം പദ്ധതിയിലൂടെ എത്ര സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്; മലപ്പുറം ജില്ലയിൽ എത്ര സുഭിക്ഷ ഹോട്ടലുകൾ ആരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) നിലമ്പൂർ നിയോജക മണ്ഡലത്തിൽ സുഭിക്ഷ ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അവ ആരംഭിക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

## കെ-സ്റ്റോറുകൾ വഴി ലഭ്യമാകുന്ന സേവനങ്ങൾ

289 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ കെ-സ്റ്റോറുകളാക്കി മാറ്റുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ള റേഷൻ കടകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) കെ-സ്റ്റോറുകൾ വഴി പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## വിശപ്പുരഹിത കേരളം പദ്ധതി

290 **ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശപ്പുരഹിത കേരളം പദ്ധതിയുടെ ഭാഗമായി കോഴിക്കോട് ജില്ലയിൽ എത്ര സുഭിക്ഷ ഹോട്ടലുകൾ ആരംഭിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനായി കോഴിക്കോട് ജില്ലയിൽ നിന്നും എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; അപേക്ഷകളിൽ സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ;

(സി) സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കുന്നതിന് നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് ർഅറിയിക്കാമോ?

## <u>മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തിയ റേഷൻ കാർഡുകൾ</u>

291 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തൃശ്ശൂർ ജില്ലയിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയ റേഷൻ കാർഡുകളുടെ കണക്ക് മണ്ഡലം തിരിച്ച് ലഭ്യമാക്കാമോ;

(ബി) മുൻഗണനാ കാർഡുകൾ അനർഹമായി കൈവശം വച്ചവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(സി) മുൻഗണനാ പട്ടികയിൽ നിന്നും ഒഴിവാക്കിയ കാർഡുകളെത്രയെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ഡി) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ ഏതെല്ലാം റേഷൻ കടകളെയാണ് കെ-സ്റ്റോറുകളാക്കി മാറ്റുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## <u>റേഷൻ മുൻഗണനാ പട്ടികയിൽ നിന്നും അനർഹരെ ഒഴിവാക്കൽ</u>

292 **ശ്രീമതി യു പ്രതിഭ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവ് മുതൽ നാളിതുവരെ കാർത്തികപ്പള്ളി, മാവേലിക്കര സപ്ലൈ ഓഫീസുകളുടെ പരിധിയിൽ അനർഹരായ എത്രപേരെ റേഷൻ മുൻഗണനാ പട്ടികയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

## <u>മഞ്ചേശ്വരം താലൂക്കിലെ റേഷൻ കടകൾ</u>

293 **ശ്രീ എ കെ എം അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ നിലവിൽ എത്ര റേഷൻ കടകളാണുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത താലൂക്കിൽ പ്രവർത്തിക്കാതെ കിടക്കുന്ന റേഷൻ കടകൾ ഉണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത താലൂക്കിൽ പുതിയ റേഷൻ കടകൾ അനുവദിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

## **കാഞ്ഞിരപ്പള്ളി മണ്ഡലത്തിൽ സഞ്ചരിക്കുന്ന റേഷൻ കട**

294 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഞ്ചരിക്കുന്ന റേഷൻകട എന്ന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സേവനം എവിടെയൊക്കെ ലഭ്യമാണെന്ന് അറിയിക്കാമോ;

(ബി) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ എത്ര റേഷൻ കടകൾ പ്രസ്തുത രീതിയിൽ പ്രവർത്തിക്കുന്നുണ്ട്; ഇല്ലെങ്കിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കാമോ?

## **റേഷൻ വ്യാപാരികൾക്ക് നൽകാനുള്ള കമ്മീഷൻ**

295 **ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്ത് ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്ത വകയിൽ റേഷൻ വ്യാപാരികൾക്ക് നൽകാനുള്ള കമ്മീഷൻ ഇതുവരെ നൽകിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തുക അടിയന്തരമായി നൽകണമെന്ന ബഹു. ഹൈക്കോടതി വിധി വന്ന് മാസങ്ങൾ പിന്നിട്ടിട്ടും ആയത് നൽകാത്തതിന്റെ കാരണം വിശദമാക്കാമോ; കുടിശ്ശിക തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഓണക്കിറ്റുകൾ വിതരണം ചെയ്യുന്നതിന് റേഷൻ വ്യാപാരികളെ വീണ്ടും ചുമതലപ്പെടുത്തുമ്പോൾ അവർക്ക് നൽകാനുള്ള കമ്മീഷൻ തുക എത്രയും വേഗം വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാമോ?

## **റദ്ദ് ചെയ്ത റേഷൻകടകളുടെ ലൈസൻസ്**

296 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ജില്ലകളിൽ പല കരണങ്ങളാൽ താൽക്കാലികമായി റദ്ദ് ചെയ്ത റേഷൻകടകളുടെ ലൈസൻസ് പുനസ്ഥാപിക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## **കോന്നി മണ്ഡലത്തിലെ കെ-സ്റ്റോറുകൾ**

297 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിൽ അനുവദിച്ചിരിക്കുന്ന കെ-സ്റ്റോറുകളുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

## **റേഷൻ കടകളുടെ പ്രവർത്തനം**

298 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. യു.എ.ലത്തീഫ്**

**ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കടകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പതിവ് റേഷൻ ഉൽപ്പന്നങ്ങൾക്ക് പുറമെ റേഷൻ കടകൾ വഴി മറ്റ് പലവ്യഞ്ജനങ്ങളും വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) റേഷൻ കടകളിലൂടെ മറ്റെന്തെല്ലാം സേവനങ്ങൾ ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്; വിശദാംശം നൽകുമോ?

## റേഷൻകട അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

299 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയതായി റേഷൻകട അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ബി) പുതിയതായി റേഷൻകട അനുവദിക്കുന്നതിനായി മുന്നാരാജ്, മുതുവാന പി.ഒ., പയ്യോളി സമർപ്പിച്ച അപേക്ഷയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

## കുന്നത്തുനാട് മണ്ഡലത്തിലെ കെ-സ്റ്റോറുകൾ

300 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ നിന്നും കെ-സ്റ്റോറുകളാക്കി മാറ്റുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട റേഷൻ കടകളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ കൂടുതൽ റേഷൻകടകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ഇ-പോസ് മെഷീനുകൾ

301 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കടകളിൽ സ്ഥാപിച്ചിരിക്കുന്ന ഇ-പോസ് മെഷീനുകളുടെ ഗുണനിലവാരത്തകർച്ച കാരണം റേഷൻ വിതരണം മുടങ്ങുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇത്തരം മെഷീനുകൾ വാങ്ങിയ സമയത്ത് വേണ്ടത്ര പരിശോധനകൾ നടത്താത്തതാണോ കാരണമെന്ന് കരുതുന്നുണ്ടോ;

(സി) പ്രസ്തുത മെഷീന്റെ ഓർഡർ നൽകിയത് ഏത് കമ്പനിക്കാണ്; പ്രസ്തുത കമ്പനിയുമായി എ.എം.സി. നിലവിലുണ്ടോ; ഉണ്ടെങ്കിൽ എത്ര വർഷത്തേക്കാണ്;

(ഡി) ഇ-പോസ് മെഷീനുകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ നിലവിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു; വിശദമാക്കാമോ?

## റേഷൻ വ്യാപാരികളുടെ വിദേശ സഞ്ചാര അനുമതി

302 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കട ലൈസൻസുള്ള വ്യാപാരി ടിയാളുടെ കടയുടെ എത്ര ദൂരപരിധിയിൽ എപ്പോഴുമുണ്ടാകണമെന്നാണ് വ്യവസ്ഥചെയ്തിരിക്കുന്നത്;

(ബി) വിദേശത്തേക്കോ സംസ്ഥാനത്തിന് പുറത്തേക്കോ ലൈസെൻസിക്ക് യാത്ര ചെയ്യണമെങ്കിൽ അനുവാദം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ;

(സി) പ്രസ്തുത യാത്ര ചുരുങ്ങിയ കാലയളവിലേയ്ക്കാണെങ്കിലും ലൈസൻസി പോകുമ്പോഴും തിരികെ വരുമ്പോഴും സ്റ്റോക്ക് പരിശോധിക്കുന്നതിന് ബന്ധപ്പെട്ട സിവിൽ സപ്ലൈസ് വകുപ്പിന്റെ ഉദ്യോഗസ്ഥ സംവിധാനം മുഴുവൻ പ്രയത്നിക്കേണ്ട സാഹചര്യം നിലവിലുണ്ടോ;

(ഡി) ഇത്തരം അധ്വാനം കുറയ്ക്കുന്നതിന് നിലവിൽ റേഷൻ കടകളിൽ ജോലിചെയ്യുന്നതും സിവിൽ സപ്ലൈസ് വകുപ്പിന്റെ വെരിഫൈഡ് ലിസ്റ്റിൽ ഉൾപ്പെട്ടതുമായ സെയിൽസ്മാൻമാർക്ക് ഓതറൈസേഷൻ നൽകി റേഷൻകടകൾ അത്രയും കാലം പ്രവർത്തിക്കത്തക്ക വിധത്തിൽ നിയമഭേദഗതിക്ക് നടപടി സ്വീകരിക്കാമോ?

## കാസർഗോഡ് ജില്ലയിൽ പുതിയ റേഷൻകടകൾ

303 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഭക്ഷ്യ പൊതു വിതരണത്തിന്റെ ഭാഗമായി പുതുതായി റേഷൻകടകൾ അനുവദിക്കുന്നതിനും നിലവിലുള്ളവ മാറ്റി സ്ഥാപിക്കുന്നതിനുമായി എത്ര അപേക്ഷകൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) റേഷൻ കടകളിലൂടെ എ.പി.എൽ. വിഭാഗത്തിന് ഏതൊക്കെ മാസങ്ങളിലാണ് മണ്ണെണ്ണ അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## അനാഥമന്ദിരങ്ങൾക്കുള്ള റേഷൻ വിഹിതം

304 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അഗതിമന്ദിരങ്ങൾക്കും അനാഥാലയങ്ങൾക്കും സൗജന്യ നിരക്കിൽ അനുവദിച്ചുകൊണ്ടിരിക്കുന്ന റേഷൻ വിഹിതം കേന്ദ്ര സർക്കാർ വെട്ടിക്കുറച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വെട്ടിക്കുറച്ച വിഹിതം പുനഃസ്ഥാപിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## അനാഥാലയങ്ങളിലെ സൗജന്യ ഭക്ഷ്യ വിതരണം

305 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ**
**ശ്രീ. പി. ജെ. ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അനാഥാലയങ്ങൾ, അഗതിമന്ദിരങ്ങൾ, കന്യാസ്ത്രീ മഠങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് കേന്ദ്ര സർക്കാർ നൽകി വന്നിരുന്ന സൗജന്യ ഭക്ഷ്യ വിതരണം നിർത്തലാക്കിയതിനെത്തുടർന്ന് നിലനിൽക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഇവർക്ക് ഭക്ഷ്യധാന്യങ്ങൾ ജൂലൈ മാസം മുതൽ വിതരണം ചെയ്യുമെന്ന് സർക്കാർ നൽകിയിരുന്ന ഉറപ്പ് പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) സ്പെഷ്യൽ സ്കൂളുകളിലും സൗജന്യ ഭക്ഷ്യ വിതരണം പുന:സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഇക്കാര്യം സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോ; ഇതുസംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

## റേഷൻ വിതരണം

306 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ പൊതുവിതരണ കേന്ദ്രത്തിൽ നിന്നും സാധാരണയായി ഒരു കുടുംബത്തിൽ ഒരു മാസം വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങൾ എന്തൊക്കെയാണെന്ന വിവരം ഓരോ കാർഡിന്റെയും അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ ഒരു വർഷമായി ഏതെങ്കിലും സാധനങ്ങൾ കുറയ്ക്കുകയോ കൂട്ടുകയോ ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) സ്പെഷ്യൽ ആയി വിതരണം ചെയ്യുന്ന സാധനങ്ങൾ എന്തൊക്കെയാണെന്നും വിതരണം ചെയ്യുന്നതെപ്പോഴാണെന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ?

## പൊന്നാനി മണ്ഡലത്തിലെ സഞ്ചരിക്കുന്ന റേഷൻകടകൾ

307 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഞ്ചരിക്കുന്ന റേഷൻ കടകൾ ആരംഭിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) മത്സ്യതൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പൊന്നാനി മണ്ഡലത്തിൽ സഞ്ചരിക്കുന്ന റേഷൻ കടകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

## അഗതി-അനാഥ മന്ദിരങ്ങൾക്കുള്ള സൗജന്യ റേഷൻ വിതരണം

308 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അഗതി-അനാഥ മന്ദിരങ്ങൾ, വൃദ്ധ സദനങ്ങൾ, കോൺവെന്റുകൾ, ബാലഭവനങ്ങൾ അടക്കമുള്ള സ്ഥാപനങ്ങളിലേക്കുള്ള സൗജന്യ നിരക്കിലെ റേഷൻ വിതരണം നിർത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇത്തരം സ്ഥാപനങ്ങളിലേക്ക് വർഷങ്ങളായി നടത്തിവന്നിരുന്ന സൗജന്യ റേഷൻ വിതരണം നിർത്തലാക്കുവാനുണ്ടായ സാഹചര്യം വിശദമാക്കാമോ;

(സി) സൗജന്യ നിരക്കിലെ റേഷൻ വിതരണം പെട്ടെന്ന് നിർത്തിയതുമൂലം കോതമംഗലം മണ്ഡലത്തിലെയടക്കം ഇത്തരം സ്ഥാപനങ്ങളിലെ അന്തേവാസികൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇവർക്കുള്ള സൗജന്യനിരക്കിലുള്ള റേഷൻ വിതരണം പുനരാരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>പൊതുവിതരണ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം</u>

309 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻകടകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) റേഷൻകടകൾ വഴി കുത്തരി, പുഴുക്കലരി, പച്ചരി എന്നിവ വിതരണം ചെയ്യുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(സി) റേഷൻ കടകൾ വഴി കുത്തരി കൃത്യമായി ലഭിക്കുന്നില്ലെന്ന പരാതി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

## <u>വിപണി ഇടപെടൽ</u>

310 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടയുന്നതിനും വിപണിയിൽ ഇടപെടുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

## <u>പൊതു വിപണിയിലെയും സപ്ലൈകോ ഔട്ട്‌ലെറ്റുകളിലെയും വില</u>

311 **ശ്രീ . സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ജൂൺ 1 മുതൽ നാളിതുവരെ അരി, പലവ്യഞ്ജനങ്ങൾ, പയറുവർഗ്ഗങ്ങൾ, ധാന്യങ്ങൾ, വെളിച്ചെണ്ണ എന്നിവയുടെ പൊതു വിപണിയിലെ വിലയും സപ്ലൈകോ ഔട്ട്‌ലെറ്റുകളിലെ വിലയും ഓരോ മാസവും ഒന്നാം തീയതി അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

## <u>ഓണകിറ്റിലെ തുണിസഞ്ചി</u>

312 **ശ്രീമതി.ഉമ തോമസ്**
**ശ്രീമതി കെ.കെ.രമ**
**ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-ലെ ഓണത്തോടനുബന്ധിച്ച് സർക്കാർ നൽകുന്ന ഓണകിറ്റിലെ തുണിസഞ്ചി സപ്ലൈകോ ഏത് കമ്പനിയിൽ നിന്നും എത്ര രൂപ നിരക്കിലാണ് വാങ്ങുന്നത് എന്ന്

വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കമ്പനിക്ക് എത്ര രൂപ ഇതിനോടകം നൽകി; എത്ര രൂപ നൽകാനുണ്ട്; തുണിസഞ്ചി വാങ്ങുന്നതിന് ടെൻഡർ നടപടികൾ സ്വീകരിച്ചിരുന്നുവോ; വ്യക്തമാക്കാമോ;

(സി) തുണിസഞ്ചി വാങ്ങുന്നതിന് ടെൻഡറിൽ ഏതൊക്കെ കമ്പനികൾ പങ്കെടുത്തു; ഇവർ ഓരോരുത്തരും രേഖപ്പെടുത്തിയ തുക എത്രയാണ്; എന്നിവ വിശദമാക്കാമോ;

(ഡി) ടെൻഡർ ലഭിച്ച കമ്പനിയുമായി തുണിസഞ്ചി വാങ്ങുന്നതിന് ഉണ്ടാക്കിയ കരാറിന്റെ വിശദാംശം ലഭ്യമാക്കാമോ; ഒരു തുണിസഞ്ചിക്ക് സർക്കാരിൽ നിന്നും എത്ര രൂപയാണ് സപ്ലൈകോ ഈടാക്കുന്നത് എന്ന് വ്യക്തമാക്കാമോ?

## ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുന്നതിനുള്ള സിവിൽ സപ്ലൈസ് ഗോഡൗണുകൾ

313 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളിൽ വാതിൽപ്പടി വിതരണത്തിനായി ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുന്നതിന് സിവിൽസപ്ലൈസ് വകുപ്പിന് സ്വന്തമായി എത്ര ഗോഡൗണുകൾ ഉണ്ടെന്നും സപ്ലൈകോ വഴി എത്ര ഗോഡൗണുകൾ വാടകയ്ക്ക് എടുത്തിട്ടുണ്ടെന്നും അവയ്ക്ക് വാടകയിനത്തിൽ പ്രതിമാസം എത്ര തുക ചെലവാക്കുന്നുണ്ടെന്നും ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) വാടകയ്ക്ക് പ്രവർത്തിക്കുന്ന ഗോഡൗണുകൾ ഭക്ഷ്യഭദ്രതാ നിയമം അനുശാസിക്കുന്ന വിധത്തിൽ ശാസ്ത്രീയമായി നിർമിക്കപ്പെട്ടിട്ടുള്ളതാണോയെന്ന പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ഗോഡൗണുകളാണ് അത്തരത്തിൽ നിർമിക്കപ്പെട്ടതായി കണ്ടെത്തിയിട്ടുള്ളത്;

(സി) ഗോഡൗണുകൾ ശാസ്ത്രീയമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) സർക്കാർ പുറമ്പോക്ക് ഭൂമി ഏറ്റെടുത്ത് അവിടങ്ങളിൽ നിയമം അനുശാസിക്കുന്ന വിധം ഗോഡൗണുകൾ നിർമിച്ചാൽ വാടകയിനത്തിൽ ചെലവാകുന്ന വൻ തുക ലാഭിക്കാൻ കഴിയുമെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കാൻ ആലോചിക്കുന്നുണ്ടോ?

## സപ്ലൈകോ വിൽപ്പനശാലകൾ

314 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സപ്ലൈക്കോ ഔട്ട്ലെറ്റുകളുടെ ലൊക്കേഷൻ സംബന്ധിച്ച വിശദാംശം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും ഉപഭോക്താവിന് ലഭിക്കുന്ന സേവനങ്ങളുടെ നിലവാരം വിലയിരുത്തി അധികാരികളെ അറിയിക്കുന്നതിനും പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) സപ്ലൈകോ വില്പനശാലകളിലെ സ്റ്റോക്ക്, സെയിൽസ്, പർച്ചേയ്സ് എന്നിവ സംബന്ധിച്ച എല്ലാ വിവരങ്ങളും ലഭ്യമാക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകാമോ;

(സി) സംസ്ഥാന, ജില്ലാ, താലൂക്ക് തല വിജിലൻസ് കമ്മിറ്റികൾ, റേഷൻകട തലത്തിലുള്ള വിജിലൻസ് കമ്മിറ്റികൾ എന്നിവ പുന:സംഘടിപ്പിച്ചിട്ടുണ്ടോ; ഇവയുടെ പ്രവർത്തനം വിശദമാക്കാമോ?

**ചങ്ങനാശ്ശേരി സിവിൽ സപ്ലൈസ് ഗോഡൗൺ**

315 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നഗരസഭയിൽ റവന്യൂ ടവറിന് സമീപം ഹൗസിംഗ് ബോർഡിന്റെ അധീനതയിലുള്ള സ്ഥലത്ത് സിവിൽ സപ്ലൈസ് ഗോഡൗൺ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ഗോഡൗൺ സ്ഥാപിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

**പൊതുവിപണി വില നിയന്ത്രണം**

316 **ശ്രീ. എ.എൻ.ഷംസീർ**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 25 കിലോയ്ക്ക് മുകളിലുള്ളവയ്ക്ക് ഇളവു നൽകിക്കൊണ്ട്, ചെറുകിടയായി പാക്കറ്റുകളിലാക്കി വില്പന നടത്തുന്ന നിത്യോപയോഗ സാധനങ്ങൾക്കുമേൽ ജി.എസ്.റ്റി. ഏർപ്പെടുത്തിയ കേന്ദ്ര സർക്കാർ നടപടി സംസ്ഥാനത്തെ മാർക്കറ്റുകളിൽ വിലവർദ്ധനവിന് കാരണമായതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) സപ്ലൈകോ അരി ഉൾപ്പെടെയുള്ള അവശ്യസാധനങ്ങൾ പാക്കറ്റുകളിലാക്കിയാണ് വിപണനം നടത്തുന്നതെന്നതിനാൽ കേന്ദ്ര സർക്കാർ നടപടി പ്രതിസന്ധി സൃഷ്ടിക്കാനിടയുണ്ടോ;

(സി) പൊതുമാർക്കറ്റിലെ വില നിയന്ത്രിച്ച് നിർത്തുന്നതിന് സംസ്ഥാനത്ത് കഴിഞ്ഞ സർക്കാർ അധികാരത്തിലെത്തിയപ്പോൾ മുതൽ 14 ഇനം (ആദ്യഘട്ടത്തിൽ 13 ഇനം) അവശ്യസാധനങ്ങൾക്ക് വില വർദ്ധിപ്പിക്കുകയില്ലെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ അത് ഇപ്പോഴും തുടർന്ന് വരുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) പൊതുമാർക്കറ്റിലെ വില നിയന്ത്രണത്തിന് സപ്ലൈകോ നടത്തുന്ന വിപണി ഇടപെടൽ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടിയെടുത്തിട്ടുണ്ടോ?

**അളവ്-തൂക്ക ഉപകരണങ്ങളുടെ പരിശോധന**

317 **ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ 2015 മുതൽ 2022 വരെ അളവ്-തൂക്ക ഉപകരണങ്ങളുടെ പരിശോധനയുമായി ബന്ധപ്പെട്ട് ചാർജ്ജ് ചെയ്ത കേസുകളുടെ എണ്ണവും പിഴ തുകയും വിശദമാക്കാമോ;

(ബി) ഗുരുവായൂർ മണ്ഡലത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ ഇതുവരെ നടത്തിയ അളവ്-തൂക്ക ഉപകരണ പരിശോധനകളുടെ വിശദാംശം ലഭ്യമാക്കാമോ?

## വാഹനം പാർക്ക് ചെയ്യുന്നതിന് പാർക്കിംഗ് ഫീ ഈടാക്കുന്നത്

318 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ഷോപ്പിംഗ് മാളുകളിലും മറ്റും ഷോപ്പിംഗിന് എത്തുന്നവരുടെ വാഹനം പാർക്ക് ചെയ്യുന്നതിന് പാർക്കിംഗ് ഫീ ഈടാക്കുന്നതും ഇതുമായി ബന്ധപ്പെട്ട് തർക്കങ്ങൾ ഉണ്ടാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം മാളുകൾ കസ്റ്റമേഴ്സിന്റെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് ഫീസ് ഈടാക്കുന്നത് നിയമപരമാണോ; ആണെങ്കിൽ പാർക്കിംഗ് ഫീസ് ഈടാക്കുന്നതിന് അനുമതി നൽകിയതു സംബന്ധിച്ച വിശദാംശം നൽകാമോ;

(സി) പാർക്കിംഗ് ഫീസ് നൽകാതെ മാളുകളിൽ എത്തുന്നവരുടെ വാഹനം പാർക്ക് ചെയ്യുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുമോ;

(ഡി) പാർക്കിംഗ് ഫീസ് ഈടാക്കുന്നത് നിയമപരമല്ലെങ്കിൽ ഫീസ് ഈടാക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുമോ?

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തികൾ നിഷ്ക്രിയമാകുന്നത് തടയുന്നതിന് നടപടി

319 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ എൻ എ നെല്ലിക്കുന്ന്**
**ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കാലാകാലങ്ങളിൽ വികസന, ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി ആർജ്ജിക്കുന്ന പല ആസ്തികളും നിഷ്ക്രിയമായി മാറുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ആസ്തികൾ നിഷ്ക്രിയമായി മാറുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന ഫണ്ടുകൾ പൊതുജനങ്ങൾക്ക് ഉപകാരപ്രദമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## സ്പെഷ്യൽ മാരേജ് ആക്ട്

320 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ മാരേജ് ആക്ട് പ്രകാരം വിവാഹം രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പിന്നീട് വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് അവസരങ്ങളുണ്ടോ; എങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ബി) വിവാഹ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് കഴിഞ്ഞ രണ്ട് വർഷമായി എന്തെങ്കിലും പുതിയ ഉത്തരവുകൾ നിലവിൽ വന്നിട്ടുണ്ടോ ; വിശദാംശം അറിയിക്കാമോ?

## ഏകീകൃത തദ്ദേശ പൊതുസർവ്വീസ് രൂപീകരണം

321 **ശ്രീ. അബ്ദുൽ ഹമീദ് പി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകീകൃത തദ്ദേശ പൊതുസർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് ഏകീകൃത വകുപ്പിന്റെയും സ്റ്റേറ്റ് സർവ്വീസിന്റെ സബോർഡിനേറ്റ് സർവ്വീസിന്റെ അംഗീകരിച്ച വിശേഷാൽ ചട്ടങ്ങൾ എസ്.ആർ.ഒ ആയി ഗസറ്റിൽ വിജ്ഞാപനം ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) തദ്ദേശ പൊതുസർവീസിലെ സമാന തസ്തികകളിൽ നിന്നും പരസ്പരം ട്രാൻസ്ഫറുകൾ നടത്തുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമാണ്; ഇത്തരത്തിൽ സമാന തസ്തികകൾ പരസ്പരം ട്രാൻസ്ഫറുകൾ നടത്തുവാൻ സാധിച്ചില്ലെങ്കിൽ പൊതു സർവീസ് രൂപീകരണം പൂർണ്ണമായി നടപ്പിലാക്കാൻ കഴിയും എന്ന് കരുതുന്നുണ്ടോ;

(സി) പൊതുസർവ്വീസിന്റെ ഭാഗമായി വരുന്ന മുഴുവൻ ജീവനക്കാർക്കും ജി.സ്പാർക്ക് നടപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ഡി) നിലവിൽ അസിസ്റ്റന്റ് സെക്രട്ടറിമാർ ഇല്ലാത്ത പഞ്ചായത്തുകളുടെ വിശദാംശം നൽകാമോ; പ്രസ്തുത പഞ്ചായത്തുകളിലേയ്ക്ക് അസിസ്റ്റന്റ് സെക്രട്ടറി തസ്തിക സൃഷ്ടിക്കുന്നതിന് തടസ്സങ്ങൾ എന്തെല്ലാമാണ്; അത് മറികടക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

## പാതയോരങ്ങളിലെ പൊതു ശുചിമുറികളുടെ നിർമ്മാണം

322 **ശ്രീ. കെ. ജെ. മാക്സി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു ശുചിമുറിയുടെ അഭാവം മൂലം സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ള യാത്രക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് ദേശീയ സംസ്ഥാന പാതയോരങ്ങളിൽ തദ്ദേശ സ്ഥാപനങ്ങൾ മുഖേന പൊതു ശുചിമുറികൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ വിശദാംശം വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി മുഖേന എത്ര പൊതു ശുചിമുറികൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നും എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

## തൊഴിലുറപ്പ് പദ്ധതിയിൽ വനാതിർത്തി ക്ലിയറൻസ് പ്രവൃത്തി

323 **ശ്രീ. ലിന്റോ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗശല്യം രൂക്ഷമായ വനാതിർത്തി വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വനാതിർത്തികൾ ക്ലിയർ ചെയ്യുന്ന പ്രവൃത്തി നിലവിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനതല ആക്ഷൻപ്ലാനിൽ വനാതിർത്തി ക്ലിയർചെയ്യുന്ന പ്രവൃത്തി ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ

324 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാർ എന്തെങ്കിലും പുതിയ മാർഗ്ഗനിർദശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിലും സാമൂഹ്യ ആസ്തികൾ ഉണ്ടാക്കുന്നതിലും എന്തൊക്കെ പ്രയാസങ്ങൾ ആണ് തദ്ദേശ സ്ഥാപനങ്ങൾക്ക് ഇതുവഴി നേരിടേണ്ടി വന്നിട്ടുള്ളതെന്ന് അറിയിക്കാമോ?

## തദ്ദേശ സ്വയംഭരണ പൊതു സർവീസ് രൂപീകരണം

325 **ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ പൊതു സർവീസ് രൂപീകരണ നടപടികൾ ഏതു ഘട്ടം വരെയെത്തിയെന്ന് വിശദീകരിക്കുമോ;

(ബി) ഇതു സംബന്ധിച്ച സ്പെഷ്യൽ റൂൾസ് പുറപ്പെടുവിച്ചുവോ; എങ്കിൽ കോപ്പി നൽകുമോ;

(സി) പൊതു സർവീസ് രൂപീകരണത്തിനെതിരെ ഏതൊക്കെ കേസുകളാണ് വിവിധ കോടതികളിൽ നിലവിലുള്ളതെന്നും അവയിലെ വാദമുഖങ്ങൾ എന്തൊക്കയാണെന്നും വിശദീകരിക്കുമോ;

(ഡി) റൂറൽ-അർബൻ വകുപ്പുകളുടെ സംയോജനം ഭരണ ഘടനാ ലംഘനമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ;

(ഇ) സംയോജനം സംബന്ധിച്ച ഫയലിന്റെ നോട്ട് പേജുകൾ ലഭ്യമാക്കുമോ;

(എഫ്) ജീവനക്കാർ ഉന്നയിച്ച ആക്ഷേപങ്ങൾ പരിഗണിച്ച് സംയോജന നടപടികൾ നിർത്തി വക്കുമോ?

## തെരുവുനായ്ക്കളുടെ ആക്രമണം തടയുന്നതിന് നടപടി

326 **ശ്രീ. എ . പി . അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗര മേഖലയുൾപ്പെടെയുള്ള പ്രദേശങ്ങളിൽ തെരുവ് നായ്ക്കളുടെ ആക്രമണം കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) തെരുവ് നായ്ക്കളുടെ ശല്യം ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികളാണ്

സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) തെരുവുനായ്ക്കളുടെ ആക്രമണത്തിന് ഇരയാകുന്നവർക്ക് ചികിത്സാ ചെലവും മതിയായ നഷ്ടപരിഹാരവും അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

**<u>പഞ്ചായത്തുകളിലെ തനത് ഫണ്ടിന്റെ കുറവ് പരിഹരിക്കാൻ നടപടി</u>**

327 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ തനത് ഫണ്ട് കുറവായതിനാൽ ജീവനക്കാരുടെ ശമ്പളവും ജനപ്രതിനിധികളുടെ ഓണറേറിയവും നൽകാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം പഞ്ചായത്തുകളെ സഹായിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) വിടവ് നികത്തൽ ഫണ്ട് ഈ പഞ്ചായത്തുകളിൽ ലഭ്യമാകുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഫണ്ട് അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>ഗ്രാമപഞ്ചായത്തുകളിൽ ജനസംഖ്യാടിസ്ഥാനത്തിൽ സ്റ്റാഫ് പാറ്റേൺ</u>**

328 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ ജനസംഖ്യാടിസ്ഥാനത്തിൽ സ്റ്റാഫ് പാറ്റേൺ മാറ്റുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ജനസാന്ദ്രത കൂടുതലുള്ളതും നഗര സ്വഭാവമുള്ളതുമായ ഗ്രാമപഞ്ചായത്തുകളിൽ കൃത്യസമയത്ത് സേവനം ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നതായുള്ള പരാതി പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

**<u>മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി വിഹിതത്തിൽ കുറവ്</u>**

329 **ശ്രീ എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി വിഹിതത്തിൽ കേന്ദ്ര സർക്കാർ അനുവദിക്കാറുള്ള തുകയിൽ മുൻകാലങ്ങളെക്കാൾ എന്തെങ്കിലും കുറവ് വരുത്തിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

**<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ ഓണറേറിയം വർദ്ധിപ്പിക്കാൻ നടപടി</u>**

330 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ ഓണറേറിയം വർദ്ധിപ്പിക്കാൻ പദ്ധതിയുണ്ടോ എന്ന് വിശദമാക്കുമോ;

(ബി) തദ്ദേശ സ്വയംഭരണ ജനപ്രതിനിധികൾക്ക് മെഡിസെപ്പ് പോലുള്ള ആരോഗ്യസംരക്ഷണ പദ്ധതികൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ജനപ്രതിനിധികൾക്ക് എം.എൽ.എ., എം.പി. എന്നിവർക്ക് നൽകുന്നത് പോലുള്ള പെൻഷൻ പദ്ധതി നടപ്പിലാക്കുമോ;

(ഡി) തദ്ദേശ സ്വയംഭരണ ജനപ്രതിനിധികളുടെ യാത്രപ്പടി വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

**<u>കൊടുവള്ളി ഗവൺമെന്റ് റസിഡൻഷ്യൽ ഐ.ടി.ഐ. കെട്ടിട നിർമാണം</u>**

331 **ഡോ. എം.കെ . മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി ഗവൺമെന്റ് റസിഡൻഷ്യൽ ഐ.ടി.ഐ. കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി കൊടുവള്ളി നഗരസഭ വാങ്ങിയ ഭൂമി വിട്ടു നൽകുന്നതിനായി 2000-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ പ്രകാരം സർക്കാരിന്റെ അനുമതിക്കായി കൊടുവള്ളി നഗരസഭ സെക്രട്ടറിയുടെ 15/6/2022ലെ എൽ.എസ്.ജി.ഡി. (അർബൻ) ഡയറക്ടർക്കുള്ള അപേക്ഷയിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) എൽ.എസ്.ജി.ഡി. (അർബൻ) ഡയറക്ടറുടെ ഓഫീസിലെ പ്രസ്തുത ഫയലിന്റെ നമ്പർ ലഭ്യമാക്കാമോ;

(സി) എൽ.എസ്.ജി.ഡി. (അർബൻ) ഡയറക്ടർ പ്രസ്തുത അപേക്ഷങ്ങൾ മേൽ നടപടികൾക്കായി സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) ഉണ്ടെങ്കിൽ സർക്കാരിന് സമർപ്പിച്ചിട്ടുള്ള അപേക്ഷയുടെ പകർപ്പ് ലഭ്യമാക്കുമോ?

**<u>വിളപ്പിൽ പോളിടെക്നിക്കിനായുള്ള വഴി ലഭ്യമാക്കൽ</u>**

332 **ശ്രീ ഐ ബി സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിളപ്പിൽ പോളിടെക്നിക്കിന് ഭൂമി കൈമാറുന്നതിനായി നിർദ്ദിഷ്ട ഭൂമിയിലേയ്ക്കുള്ള വഴി ലഭ്യമാക്കുന്നതിന് വേണ്ടി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ടു സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന തുടർനടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഭൂമി അടിയന്തരമായി കൈമാറാൻ നടപടി സ്വീകരിക്കുമോ?

**<u>ശാസ്താംപുറം മാർക്കറ്റ് നവീകരണം</u>**

333 **ശ്രീ സജി ചെറിയാൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സംസ്ഥാന ബജറ്റിൽ നിർദ്ദേശിച്ച പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചെങ്ങന്നൂർ നഗരസഭാപരിധിയിലുള്ള ശാസ്താംപുറം മാർക്കറ്റ് നവീകരണ പ്രവൃത്തി നാളിതുവരെയായി ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ കാലതാമസം പരിഹരിച്ച് പ്രവൃത്തി എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ?

## എളവള്ളി ഗവൺമെന്റ് എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണം

334 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തെ എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കപ്പെട്ട എളവള്ളി ഗവൺമെന്റ് എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണം ഇതുവരെ പൂർത്തീകരിക്കാനായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തി ഇതുവരെ പൂർത്തീകരിക്കാനാകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) കെട്ടിട നിർമ്മാണം സംബന്ധിച്ച പാർട്ട് ബിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭിച്ചിട്ടുണ്ടോയെന്നും അതിൻപ്രകാരം തുക അനുവദിച്ചു നൽകിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ഡി) ബിൽ തുക അനുവദിക്കുന്നതിനും ശേഷിക്കുന്ന പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനും വേണ്ട നിർദ്ദേശം നൽകുമോ; വിശദാംശങ്ങൾ നൽകാമോ?

## സി.എച്ച്. മെമ്മോറിയൽ കോട്ടക്കൽ കോ-ഓപ്പറേറ്റീവ് ആശുപത്രി ഓഹരി പിരിക്കാൻ അനുമതി

335 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന സി.എച്ച്. മെമ്മോറിയൽ കോട്ടക്കൽ കോ-ഓപ്പറേറ്റീവ് ആശുപത്രി (ക്ലിപ്തം നമ്പർ എം 594 ) സംഘത്തിന്റെ പ്രവർത്തനപരിധിയിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഓഹരി പിരിക്കുന്നതിന് അനുമതി തേടിക്കൊണ്ടുള്ള സംഘം ചെയർമാന്റെ നിവേദനത്തിന്മേൽ (എൽ.എസ്.ജി.ഡി.-എഫ്.എം.2/38/2022) പഞ്ചായത്ത് ഡയറക്ടറേറ്റ്, നഗരകാര്യ ഡയറക്ടറേറ്റ്, ഗ്രാമവികസന കമ്മീഷണറേറ്റ് എന്നീ ഓഫീസുകളിൽ നിന്നും അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടുകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കുമോ?

## ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം

336 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. എൻ.കെ. അക്ബർ**
**ശ്രീ. കെ.എം.സച്ചിൻദേവ്**
**ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ വീടുകളും സ്ഥാപനങ്ങളും മാലിന്യമുക്തമാക്കുന്നതിന് സഹായകരമാകുന്ന നിലയിൽ വിഭാവനം ചെയ്തിട്ടുള്ള ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) ഹരിത മിത്രം ആപ്ലിക്കേഷൻ സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും മലിനജല സംസ്കരണത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) കെട്ടിടാവശിഷ്ട മാലിന്യം ശേഖരിക്കുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനും തദ്ദേശ സ്ഥാപനങ്ങളെ സജ്ജമാക്കുന്നതിനായി മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

## <u>റോഡ് നിർമ്മാണത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്ഥലം വിട്ടുനൽകുവാൻ നടപടി</u>

337 **ശ്രീ സജി ചെറിയാൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ സ്ഥലം വിട്ടുനൽകുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിമുഖത കാണിക്കുന്നതിനാൽ പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്ത സ്ഥിതി വിശേഷം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചെങ്ങന്നൂർ ടൗണിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനും മിനി സിവിൽ സ്റ്റേഷൻ, കോടതി, താലൂക്ക് ഓഫീസ്, രജിസ്ട്രേഷൻ ഓഫീസ്, എഞ്ചിനീയറിംഗ് കോളേജ്, ട്രഷറി, ഫയർ സ്റ്റേഷൻ-ട്രാഫിക് സ്റ്റേഷൻ, ജില്ലാ ആശുപത്രി എന്നീ സ്ഥാപനങ്ങളിലെത്തുന്നതിനുള്ള എളുപ്പ മാർഗ്ഗമായ നന്ദാവനം ജംഗ്ഷൻ -എഞ്ചിനീയറിംഗ് കോളേജ് റോഡ് നവീകരണത്തിന് തടസ്സമായി നിൽക്കുന്ന ചെങ്ങന്നൂർ നഗരസഭയുടെ ഉടമസ്ഥതയിലുള്ള 1.91 സെന്റ് സ്ഥലം പൊതുമരാമത്ത് വകുപ്പിന് വിട്ടുനൽകുന്ന നടപടിയ്ക്ക് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കാമോ;

(സി) ഇത് പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

## <u>പ്രശാന്തി ഗാർഡൻ മോഡൽ ക്രിമറ്റോറിയം പ്രവർത്തനം</u>

338 **ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ ഉളിയേരി ഗ്രാമപഞ്ചായത്തിലെ പ്രശാന്തി ഗാർഡൻ മോഡൽ ക്രിമറ്റോറിയം പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിയിൽ ഇനി പൂർത്തീകരിക്കാനുള്ളവ ഏതൊക്കെയാണ്; കരാർ എടുത്ത കമ്പനി എഗ്രിമെന്റ് സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്തത് കൊണ്ട് അവരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാനാവുമെന്ന് അറിയിക്കാമോ?

**കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് പദ്ധതികൾ**

339 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം 2016 ജൂൺ മുതൽ നടപ്പിലാക്കി വരുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**ടേക്ക് എ ബ്രേക്ക് പദ്ധതി**

340 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ ജില്ലയിൽ എത്ര വഴിയോര വിശ്രമ കേന്ദ്രങ്ങളാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്; ഇതിൽ എത്ര എണ്ണത്തിന്റെ പ്രവൃത്തി പൂർത്തീകരിച്ചു; വിശദമാക്കാമോ;

(ബി) വടക്കാഞ്ചേരി മണ്ഡലത്തിൽ എത്ര വഴിയോര വിശ്രമ കേന്ദ്രങ്ങളാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്; എത്ര എണ്ണം പൂർത്തീകരിച്ചു; വിശദമാക്കാമോ?

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മെയ്ന്റനൻസ് ഗ്രാന്റ്**

341 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വെട്ടിക്കുറച്ച 2022-23 വർഷത്തേക്കുള്ള മെയിന്റനൻസ് ഗ്രാന്റ് പുനരനുവദിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത തുക പുനസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**പൊന്നാനി മണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തി**

342 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തിൽ 'പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം' പദ്ധതി പ്രകാരം പൊന്നാനി മണ്ഡലത്തിൽ ആരംഭിച്ച 5 സ്കൂളുകളുടെ (ജി.എഫ്.എൽ.പി.എസ് പുതുപൊന്നാനി, ജി.എച്ച്.എസ്.എസ്. തൃക്കാവ്, ജി.എം.എൽ.പി.എസ് പൊന്നാനി ടൗൺ, ജി.എൽ.പി.എസ് കടവനാട്, ബഡ്സ് സ്കൂൾ കം റീഹാബിലിറ്റേഷൻ സെന്റർ, പൊന്നാനി) എന്നിവയുടെ നിർമ്മാണ പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) നാളിതുവരെ പ്രവൃത്തി പൂർത്തീകരിക്കാത്ത സർക്കാർ അക്രഡിറ്റഡ് ഏജൻസിയായ ഹിന്ദുസ്ഥാൻ പ്രിഫാബ് ലിമിറ്റഡ് പോലെയുള്ള ഏജൻസികളോട് അടിയന്തര നടപടി സ്വീകരിക്കാൻ ആവശ്യപ്പെടുമോ; വിശദമാക്കുമോ?

**കില മുഖേനയുള്ള സ്കൂൾ കെട്ടിട നിർമ്മാണങ്ങളുടെ പുരോഗതി**

343 **ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് കിഫ്ബിയിൽ ഉൾപ്പെടുത്തിയതും കില മുഖേന നിലവിൽ നിർവ്വഹണം നടത്തുവാൻ തീരുമാനിച്ചതുമായ വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ജി.എൽ.പി.എസ്. പറമ്പിൽ പീടിക പെരുവള്ളൂർ, ജി.എൽ.പി.എസ്. കാലിക്കറ്റ് യൂണിവേഴ്സിറ്റി ക്യാമ്പസ് തേഞ്ഞിപ്പാലം, ജി.യു.പി.എസ്. പരപ്പനങ്ങാടി തേഞ്ഞിപ്പാലം, ജി.യു.പി.എസ്. പാറക്കടവ് മുന്നിയൂർ എന്നീ സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിന്റെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്കൂൾ കെട്ടിടനിർമ്മാണത്തിന് നിലവിൽ നേരിടുന്ന തടസ്സങ്ങൾ എന്തെല്ലാമാണ് വിശദമാക്കാമോ ;

(സി) അടിയന്തരമായി പ്രസ്തുത സ്കൂളുകളുടെ കെട്ടിട നിർമ്മാണംഅടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ?

## എരുമേലി ഗ്രാമപഞ്ചായത്ത് വക സ്ഥലം ഫയർ സ്റ്റേഷനും എക്സൈസ് ഓഫീസിനും വിട്ടു നല്കാൻ നടപടി

344 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എരുമേലി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ എരുമേലി തെക്ക് വില്ലേജിൽപ്പെട്ട ഓരുങ്കൽ കടവിലുള്ള 51.05 സെന്റ് വസ്തുവിൽനിന്നും 6.72 ആർ സ്ഥലം ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനായും 7.25 ആർ സ്ഥലം എക്സൈസ് ഓഫീസ് സ്ഥാപിക്കുന്നതിനായും സൗജന്യമായി വിട്ടുനൽകുന്നതിനുള്ള പഞ്ചായത്ത് കമ്മിറ്റിയുടെ 23.04.2022 തിയതിയിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) എരുമേലിയിൽ ഫയർ സ്റ്റേഷനും എക്സൈസ് ഓഫീസിനും വേണ്ടി പ്രസ്തുത സ്ഥലം കൈമാറുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ലൈഫ് പദ്ധതി

345 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഇതേവരെ എത്ര ആളുകൾക്ക് വീട് നിർമ്മാണത്തിനും, നിർമ്മാണം പൂർത്തീകരിക്കുന്നതിനും പണം നൽകിയിട്ടുണ്ട് എന്ന് നിയോജകമണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിൽ എത്രയിടങ്ങളിലാണ് ഗുണഭോക്താക്കൾക്കായി ലൈഫ് ഫ്ലാറ്റുകൾ നിർമ്മിക്കുന്നത് എന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ;

(സി) പുന്നപ്രയിലെ ഫ്ലാറ്റ് നിർമ്മാണത്തിലെ തടസ്സം നീക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ;

(ഡി) സ്ഥലവും വീടുമില്ലാത്ത അർഹരായവർക്ക് ലൈഫ് മിഷൻ

പദ്ധതിയിലുൾപ്പെടുത്തി സ്ഥലവും വീടും നൽകുന്നതിനുള്ള അന്തിമ പട്ടിക തയ്യാറാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഇ) ആലപ്പുഴ ജില്ലയിൽ ഇത്തരത്തിൽ എത്ര പേരാണുള്ളത്; വ്യക്തമാക്കാമോ;

(എഫ്) ഇവർക്ക് എന്നത്തേക്ക് വസ്തു നൽകി നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

**<u>ലൈഫ് മിഷൻ മുഖേനയുള്ള ഫ്ലാറ്റ് നിർമ്മാണം</u>**

346 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നഗരസഭയിലെ കോറോം പ്രദേശത്ത് നടന്നുവരുന്ന ലൈഫ് മിഷന്റെ ഫ്ലാറ്റ് നിർമ്മാണം താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ് നിർത്തിവച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) നിർമ്മാണ പ്രവൃത്തി എപ്പോൾ പുനരാരംഭിക്കുമെന്നാണ് നിർമ്മാണം ഏറ്റെടുത്തിട്ടുള്ള കമ്പനി അറിയിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ഫ്ലാറ്റുകൾ പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് എപ്പോൾ കൈമാറാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ?

**<u>നോർത്ത് എഴിപ്രം-മാടവന റോഡിന്റെ നിർമ്മാണം</u>**

347 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിൽ തകർന്ന കുന്നത്തുനാട് മണ്ഡലത്തിലെ വാഴക്കുളം പഞ്ചായത്തിലെ നോർത്ത് എഴിപ്രം-മാടവന റോഡ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് ഫേസ് II-ൽ ഉൾപ്പെടുത്തി ഡി.പി.ആർ. തയ്യാറാക്കിയിട്ടും നാളിതുവരെ റോഡ് നിർമ്മാണം ആരംഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് പുനർനിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>തെരുവ് നായ്ക്കളുടെ ആക്രമണത്തിനിരയായവർക്ക് നഷ്ടപരിഹാരം</u>**

348 **ശ്രീ . പി . ഉബൈദുള്ള**
**ശ്രീ . ടി. വി. ഇബ്രാഹിം**
**ശ്രീ എ കെ എം അഷ്റഫ്**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവ് നായ്ക്കളുടെ ആക്രമണത്തിന് ഇരയായവർക്ക് നഷ്ടപരിഹാരം നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഈ തുക നൽകാൻ ബാധ്യതയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ സാമ്പത്തിക സഹായം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) തെരുവ് നായ്ക്കളുടെ ശല്യം അവസാനിപ്പിക്കുന്നതിന് പ്രായോഗികമായ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## പ്രധാൻ മന്ത്രി ഗ്രാം സഡക് യോജന പദ്ധതി

349 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തിൽ പാലക്കാട് ജില്ലയിൽ നിന്ന് ഏതെല്ലാം റോഡുകളെയാണ് പ്രധാൻ മന്ത്രി ഗ്രാം സഡക് യോജന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് അറിയിക്കാമോ; റോഡുകളുടെ പേര്, തുക എന്നീ വിശദാംശങ്ങൾ അറിയിക്കാമോ?

## തെരുവ്നായ ആക്രമണം

350 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവ്നായ ആക്രമണം കൂടി വരുന്ന കാര്യം പരിശോധിക്കുമോ;

(ബി) തെരുവ്നായ ആക്രമണം തടയുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

## തദ്ദേശസ്വയംഭരണ വകുപ്പിന് അനുവദിക്കുന്ന ഗ്രാന്റ്

351 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 15-ാം ധനകാര്യ കമ്മീഷൻ 2020-2025 മുതൽ പ്രാദേശിക സർക്കാരുകൾക്ക് ഗ്രാന്റ് അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന വികസന പദ്ധതികൾക്ക് പ്രത്യേക ഗ്രാന്റ് അനുവദിക്കുമോ; വ്യക്തമാക്കുമോ;

(സി) വകുപ്പുകളുടെയും വിവിധ വികസന ഏജൻസികളുടെയും ഏകോപനത്തിനായി രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ഡി) കേന്ദ്ര സംസ്ഥാന പ്രാദേശിക പദ്ധതികളുടെ പാക്കേജുകളുടെ ഏകോപനം സംബന്ധിച്ച് സർക്കാർ നോഡൽ ഏജൻസികൾ രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ രൂപികരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## പുനലൂർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയെ അംഗീകൃത വിതരണക്കാരായി അംഗീകരിക്കൽ

352 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് ആവശ്യമായ നടീൽ വസ്തുക്കൾ, വിത്തുകൾ, വളം, കീടനാശിനി എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിതരണം നടത്തുന്നതിനുള്ള അംഗീകൃത വിതരണക്കാരായി അംഗീകരിക്കുന്നതിന് പുനലൂർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് സമർപ്പിച്ചിട്ടുള്ള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കമ്പനിയെ അംഗീകൃത വിതരണക്കാരായി അംഗീകരിക്കാൻ വേണ്ട

ഉത്തരവ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട അപേക്ഷയിലെ നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

## പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയത്തിൽ പെന്റിങ്ങുള്ള ഫയലുകൾ

353 **ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ പഞ്ചായത്ത് വിങ്ങുമായി ബന്ധപ്പെട്ട് നാളിതുവരെ എത്ര ഫയലുകൾ പെൻഡിങ്ങുണ്ട്;

(ബി) പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച സീനിയോറിറ്റി ലിസ്റ്റുകളിന്മേൽ സമർപ്പിച്ച അപ്പീലുകൾ, ഏത് വർഷം മുതലുള്ളവ പെൻഡിങ്ങുണ്ട്;

(സി) ഇതിൽ പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട് ലഭിക്കാത്തത് കാരണം പെൻഡിംഗ് ആയ ഫയലുകളുടെ എണ്ണം എത്ര;

(ഡി) പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയത്തിൽ നാളിതു വരെ പെൻഡിങ്ങുള്ള ഫയലുകളുടെ എണ്ണം എത്ര;

(ഇ) വർഷങ്ങളായി പെൻഡിങ്ങുള്ള അപ്പീലുകളിൻമേലും മറ്റും തീരുമാനമെടുക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ടെക്നിക്കൽ വിഭാഗം ജീവനക്കാരുടെ ഒഴിവുകൾ

354 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ടെക്നിക്കൽ വിഭാഗം ജീവനക്കാരുടെ തസ്തിക ഒഴിഞ്ഞു കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓവർസിയർ, അസിസ്റ്റന്റ് എഞ്ചിനീയർ തുടങ്ങിയ ടെക്നിക്കൽ വിഭാഗം ജീവനക്കാരുടെ തസ്തിക ഒഴിഞ്ഞു കിടക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തെ സാരമായി ബാധിക്കുന്ന കാര്യം പരിശോധിക്കുമോ; ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കോട്ടക്കൽ മണ്ഡലത്തിലെ പൊന്മള ഗ്രാമപഞ്ചായത്തിൽ ഒഴിവുള്ള അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്ക് അടിയന്തരമായി സ്ഥിര നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## ബയോ മൈനിങ്

355 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ ബ്രഹ്മപുരത്ത് അടിഞ്ഞു കിടക്കുന്ന മാലിന്യം ബയോ മൈനിങ് നടത്തുന്നതിന് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ്

കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി) തയ്യാറാക്കിയ ടെൻഡർ വ്യവസ്ഥകൾ എന്തൊക്കെയാണ്;

(ബി) കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്‌മെന്റ് കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി) തയ്യാറാക്കിയ ടെൻഡർ വ്യവസ്ഥകൾക്കു വിധേയമായിട്ടാണോ ഇപ്പോൾ ബയോ മൈനിങ് നടത്തുന്ന കമ്പനിക്ക് കരാർ നൽകിയത്; എങ്കിൽ കമ്പനി ഹാജരാക്കിയ രേഖകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഇപ്പോൾ ബ്രഹ്മപുരത്തു ബയോ മൈനിങ് നടത്തുന്ന കമ്പനിയെ കണ്ണൂർ കോർപറേഷനിൽ നിന്നും കൊല്ലം കോർപറേഷനിൽ നിന്നും ടെർമിനേറ്റ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ?

## വീട്ടുകരത്തിൽ ഇളവ്

356 **ശ്രീ എം വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ആറ് വർഷക്കാലയളവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വീട്ടുകരം ഇനത്തിൽ എത്ര തുകയാണ് വർദ്ധിപ്പിച്ചത് എന്ന് വ്യക്തമാക്കാമോ; പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വീട്ടുകരം ഇരട്ടിയും നാലിരട്ടിയും വർദ്ധിപ്പിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്രയും വലിയ വർദ്ധനവ് താങ്ങാൻ കഴിയാത്ത ജനവിഭാഗമായ മത്സ്യത്തൊഴിലാളികൾക്ക് വീട്ടുകരം ഇനത്തിൽ ഇളവ് അനുവദിക്കുവാൻ തയ്യാറാകുമോ?

## പൊളിക്കുന്ന കെട്ടിട മാലിന്യങ്ങൾ

357 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊളിക്കുന്ന കെട്ടിട മാലിന്യങ്ങൾ ശേഖരിക്കുന്നത് സംബന്ധിച്ചുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## ഗ്രാമപഞ്ചായത്തുകളിലെ കെട്ടിട നികുതി പിരിവിന്റെ വിശദാംശങ്ങൾ

358 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള ഗ്രാമപഞ്ചായത്തുകളിൽ 2021-22 സാമ്പത്തിക വർഷത്തിലെ കെട്ടിട നികുതി പിരിവിന്റെ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പഞ്ചായത്തുകളിൽ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ് എന്നിവ അനുവദിച്ചതിന്റെയും വിനിയോഗത്തിന്റെയും വിവരങ്ങൾ (അനുവദിച്ച തുക, വിനിയോഗിച്ച തുക) വിശദമാക്കാമോ?

## ദേശീയപാത 66 ന് സമീപം കെട്ടിട നിർമ്മാണത്തിനുള്ള അനുമതി

359 **ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ,

ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ ദേശീയപാത 66-ന് സമീപം ദേശീയപാതയിൽ നിന്നും പ്രവേശനാനുമതി ലഭിയ്ക്കാത്തതിനാൽ കെട്ടിട നിർമ്മാണത്തിന് അനുമതി ലഭിക്കാത്ത വ്യക്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ദേശീയപാത 66 ന്റെ വശങ്ങളിൽ റോഡിനായി ഏറ്റെടുത്ത സ്ഥലത്തിന്റെ അതിർത്തിയിൽ നിന്നും 6 മീറ്റർ ദൂരപരിധി വേണമെന്ന ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ദേശീയപാത 66-ൽ ആക്സസ് പെർമിറ്റ് ബാധകമായ കെട്ടിടങ്ങൾ/ആയത് ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഏന്നിവ വിശദമാക്കാമോ?

## പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള പദ്ധതികൾ

360 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പതിനാലാം പഞ്ചവത്സര പദ്ധതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രാദേശിക സാമ്പത്തിക വികസനത്തിനായി വിപുലമായ പദ്ധതികൾ ആവിഷ്കരിക്കാൻ ലക്ഷ്യമിടുന്ന സാഹചര്യത്തിൽ എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

## സുരക്ഷാ പെൻഷനുകളുടെ തുക ലഭിക്കാനുള്ള കാലതാമസം

361 **ശ്രീ സജി ചെറിയാൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മസ്റ്ററിംഗ് പോലെയുള്ള സാങ്കേതിക വിഷയങ്ങൾ കാരണം കുടിശ്ശികയായിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ തുക ലഭിക്കാനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുടിശ്ശിക തുക നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ?

## കുടുംബശ്രീ തൊഴിൽദാന പദ്ധതി

362 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ സൂക്ഷ്മസംരംഭങ്ങളിലൂടെ യുവതീയുവാക്കൾക്ക് നൽകിവരുന്ന തൊഴിൽദാന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ആലപ്പുഴ നിയോജകമണ്ഡലത്തിൽ പ്രസ്തുത പദ്ധതിയിലൂടെ എത്രപേർക്കാണ് തൊഴിൽ ലഭിച്ചതെന്ന് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കുമോ;

(സി) വനിതകളുടെ സംരംഭം ആരംഭിക്കുന്നതിനും അവർക്ക് ആവശ്യമായ സങ്കേതിക പരിജ്ഞാനം നൽകുന്നതിനും സ്വീകരിക്കുന്ന നടപടികളെ സംബന്ധിച്ച് വിശദമാക്കാമോ?

## തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്തെ സംരംഭങ്ങൾ

363 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്ത് ലൈസൻസോടുകൂടി പ്രവർത്തിച്ചിരുന്നതോ പ്രവർത്തിച്ചുവരുന്നതോ ആയ സംരംഭങ്ങളുടെ പ്രവർത്തനം സാമ്പത്തിക പ്രതിസന്ധിമൂലമോ മറ്റ് ദുരന്തകാരണങ്ങളാലോ മന്ദീഭവിച്ചിട്ടുണ്ടെങ്കിൽ അത്തരം സംരംഭങ്ങളെ പുനരുജ്ജീവിപ്പിക്കാൻ എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

## വൈപ്പിൻ -വലിയ കടമക്കുടി-ചാത്തനാട് പാലം നിർമ്മാണം

364 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജക മണ്ഡലത്തിലെ കടമക്കുടി ഗ്രാമ പഞ്ചായത്തിൽ വലിയ കടമക്കുടി-ചാത്തനാട് പാലം നിർമ്മാണത്തിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡിനുള്ള സ്ഥലമെടുപ്പ് നടപടികളുടെ ഭാഗമായി കുടിയൊഴിപ്പിക്കുന്നവർക്കുള്ള പുനരധിവാസ ഭൂമി നൽകുന്നതിന് അനുമതിക്കായി സമർപ്പിച്ച ഫയലിൽ അനുമതി ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(സി) പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനായി ജനറൽ കൗൺസിൽ തീരുമാനപ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് എന്നേക്ക് സമർപ്പിക്കാൻ സാധിക്കും; വ്യക്തമാക്കാമോ;

(ഡി) പുതുക്കിയ ഭരണാനുമതി എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## വൈപ്പിൻ മണ്ഡലത്തിലെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി

365 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജക മണ്ഡലത്തിൽ വൈപ്പിൻ ഇടപ്പള്ളി ബ്ലോക്കുകൾക്ക് കീഴിലായി മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ പൂർത്തീകരിക്കേണ്ട പ്രവൃത്തികൾ എന്തെല്ലാമെന്നും പ്രസ്തുത പ്രവൃത്തികളുടെ നിജസ്ഥിതി എന്താണെന്നും വിശദമാക്കാമോ?

## നഗരസഭകളാക്കിയ ഗ്രാമപഞ്ചായത്തുകൾ

366 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ 2011-16 കാലയളവിൽ പുതുതായി എത്ര ഗ്രാമപഞ്ചായത്തുകളാണ് നഗരസഭകളാക്കി മാറ്റിയതെന്ന് വിശദമാക്കാമോ;

(ബി) നഗരസഭകളാക്കിയ ഗ്രാമപഞ്ചായത്തുകളിലെ താമസക്കാർ നികുതി ഘടനയിലും ഇതര നിയന്ത്രണങ്ങളിലും വന്ന മാറ്റം കാരണം ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായും

ലഭിച്ചുകൊണ്ടിരുന്ന പല ആനുകൂല്യങ്ങളും നഷ്ടപ്പെടുന്നതായും ഉന്നയിച്ചു കൊണ്ടുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഗ്രാമപഞ്ചായത്തുകളെ നഗരസഭകളാക്കി മാറ്റുന്നത് കൊണ്ട് എന്തെങ്കിലും നേട്ടം പ്രത്യേകമായി ലഭിക്കുന്നുണ്ടോ; വിശദമാക്കാമോ?

## തൊഴിലുറപ്പ് പദ്ധതി

367 **ശ്രീ കെ ആൻസലൻ**
**ശ്രീ എം രാജഗോപാലൻ**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് ഗ്രാമീണ വികസന പഞ്ചായത്ത് രാജ് സ്റ്റാന്റിംഗ് കമ്മിറ്റി പാർലമെന്റിൽ വച്ച റിപ്പോർട്ടിൽ രാജ്യത്തുടനീളം ക്രമക്കേടുകൾ നടത്തിയിട്ടുണ്ടെങ്കിലും ഒരു രൂപ പോലും ദുർവിനിയോഗം നടത്താതെ പരമാവധി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിൽ സംസ്ഥാനം മുന്നിലെന്ന് പരാമർശം വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ബജറ്റ് തുക വെട്ടിക്കുറച്ചും ലേബർ ബജറ്റ് വെട്ടിക്കുറച്ചും ഈ പദ്ധതിയെ തകർക്കാൻ കേന്ദ്ര സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ തൊഴിൽ രഹിതരുടെ ഉപജീവന മാർഗ്ഗം നില നിർത്തുന്നതിനായി ഈ സർക്കാർ സ്വീകരിച്ചു വരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ഡി) നഗരങ്ങളിലെ അനഭ്യസ്തരായ തൊഴിൽ രഹിതർക്ക് ഉപജീവന മാർഗ്ഗം എന്ന നിലയിൽ 2010-ൽ ആരംഭിച്ച അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ഈ സർക്കാരിന്റെ കാലയളവിലെ പ്രവർത്തനങ്ങൾ അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

## പഞ്ചായത്തുകളിലും നഗരസഭകളിലും സോഫ്റ്റ് വെയർ

368 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ പ്രാബല്യത്തിൽ വന്നിട്ടുള്ള ഇന്റഗ്രേറ്റഡ് ലോക്കൽ സെൽഫ് ഗവേർണൻസ് മാനേജ്മെന്റ് സിസ്റ്റം (ഐ.എൽ.ജി.എം.എസ്.) സോഫ്റ്റ് വെയർ നഗരസഭകളിലും കൂടി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) നിലവിലുള്ള ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം.) സംവിധാനം നിലനിർത്തികൊണ്ടാണോ സോഫ്റ്റ് വെയറുകൾ നവീകരിക്കുന്നത്; സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

## തവനൂർ മണ്ഡലത്തിലെ റോഡുകൾ

369 **ഡോ.കെ.ടി.ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ,

ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹു. മുഖ്യമന്ത്രിയുടെ പ്രളയ ദുരിതാശ്വാസ ഫണ്ടിൽ നിന്നും തവനൂർ മണ്ഡലത്തിലെ ഏതെല്ലാം റോഡുകൾക്കാണ് തുക അനുവദിച്ച് ഉത്തരവായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര റോഡുകളുടെ പ്രവൃത്തി പൂർത്തിയാക്കാനുണ്ടെന്നും ഏതെല്ലാം റോഡുകളാണെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത റോഡുകളുടെ പ്രവൃത്തി പൂർത്തിയാക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

## <u>പ്രളയ സഹായം</u>

370 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പിന്റെ 8/11/2021 ലെ 2225/2021 ലെ ഉത്തരവിൽ 2018, 2019 പ്രളയത്തിൽ അറുപത് ശതമാനത്തിൽ താഴെ നാശനഷ്ടം സംഭവിച്ചവർക്ക് തദ്ദേശസ്ഥാപനത്തിൽ നിന്ന് പ്രത്യേക ധനസഹായം നൽകേണ്ടതില്ല എന്ന് നിർദ്ദേശിച്ചിട്ടുള്ളതിനാൽ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താവിന് ബാക്കി തുക നൽകുവാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രളയ സഹായം ലഭിച്ചതിന്റെ പേരിൽ ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള ബാക്കി തുക ലഭിക്കാതിരുന്ന ലൈഫ് ഫേസ് 2 അഡീഷണൽ എസ്.പി/ഫിഷറീസ് ഗുണഭോക്താക്കൾക്ക് പ്രസ്തുത തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## <u>തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി നിർവഹണ കാലാവധി</u>

371 **ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പിനാവശ്യമായ അംഗീകാരങ്ങൾ നൽകുന്ന നടപടി ക്രമങ്ങൾ പൂർത്തിയായോ എന്ന് വിശദമാക്കാമോ;

(ബി) സാമ്പത്തിക വർഷം തുടങ്ങി നാലുമാസം പിന്നിട്ടതിനു ശേഷം പദ്ധതി തുടങ്ങുന്നത് വഴി പദ്ധതി പൂർത്തീകരണത്തിന് ആവശ്യമായ സമയം ലഭിക്കാതെ വന്നാൽ അടുത്ത വർഷത്തേക്ക് ഇതേ പദ്ധതിക്ക് ആവശ്യമായ സമയം നൽകുമോ എന്ന് വ്യക്തമാക്കുമോ;

(സി) തദ്ദേശസ്ഥാപനങ്ങളുടേതല്ലാത്ത കാരണത്താൽ പദ്ധതി നിർവഹണം വൈകുകയാണെങ്കിൽ സ്പിൽ ഓവറായി അടുത്ത സാമ്പത്തിക വർഷത്തിലേക്ക് പദ്ധതികൾ നീളുമ്പോൾ സാമ്പത്തിക വർഷത്തെ തുക വെട്ടികുറക്കാതെ മുൻ വർഷത്തെ പദ്ധതി കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഓരോ തദ്ദേശ സ്ഥാപനങ്ങളുടെയും പ്രാദേശിക വികസനത്തിന് ഉതകുന്ന വിധം ഫണ്ടുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## തൃപ്രങ്ങോട് പഞ്ചായത്തിലെ ഇറിഗേഷൻ വകുപ്പിനു കീഴിലുള്ള ഭൂമി

372 **ഡോ.കെ.ടി.ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ തൃപ്രങ്ങോട് പഞ്ചായത്തിലെ ഇറിഗേഷൻ വകുപ്പിനു കീഴിലുള്ള നാല്പത്തിനാല് സെന്റ് ഭൂമി ലൈഫ് പാർപ്പിട സമുച്ചയം നിർമ്മിക്കുന്നതിന് വിട്ടുകിട്ടുന്നതിനായി ഏതെങ്കിലും അപേക്ഷ ബന്ധപ്പെട്ട പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടുണ്ടോ; എങ്കിൽ അതിന്റെ നടപടി ഏതുവരെയായി എന്നു വ്യക്തമാക്കാമോ?

## പെരുനാട് പോലീസ് സ്റ്റേഷന് സ്ഥലം വിട്ടു നൽകുന്നത്

373 **ശ്രീ പ്രമോദ് നാരായൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുനാട് പോലീസ് സ്റ്റേഷൻ നിർമ്മാണത്തിന് സ്ഥലം വിട്ടുനൽകുന്നതിന് സ്വീകരിച്ച നടപടി വിശദീകരിക്കാമോ;

(ബി) സ്ഥലം വിട്ടു നൽകുന്നതിന് തടസങ്ങളുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## റീ ബിൽഡ് കേരള

374 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിലെ റീ ബിൽഡ് കേരള ഫേസ് ടുവിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

## ലൈഫ് ഭവന പദ്ധതി

375 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതി പ്രകാരം, ഭൂരഹിതരായ ആളുകൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് എത്ര രൂപയാണ് ധനസഹായം അനുവദിക്കുന്നത്; വിശദമാക്കാമോ;

(ബി) പദ്ധതി പ്രകാരം നേരത്തെ നിശ്ചയിച്ച ധനസഹായ തുകയിൽ നിന്നും മാറ്റം വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

## ലൈഫ് മിഷൻ പദ്ധതി

376 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതിയിലൂടെ മുൻ സർക്കാരിന്റെ കാലത്തും നിലവിൽ നാളിതുവരെയും വടക്കാഞ്ചേരി മണ്ഡലത്തിലെ എത്ര കുടുംബങ്ങൾക്ക് പാർപ്പിട സൗകര്യം ലഭ്യമാക്കിയെന്ന് വ്യക്തമാക്കുമോ;

(ബി) പാർപ്പിട സൗകര്യം ഉറപ്പാക്കുവാൻ ശേഷിക്കുന്ന കുടുംബങ്ങളുടെ എണ്ണം എത്രയാണെന്നും, പ്രസ്തുത കുടുംബങ്ങൾക്ക് പാർപ്പിട സൗകര്യം സമയബന്ധിതമായി

ഉറപ്പാക്കുവാൻ സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ അക്ഷയ വഴി ഓൺലൈനായി സമർപ്പിച്ച അപേക്ഷയിൽ വന്ന തെറ്റ്കാരണം അർഹത ഉണ്ടായിട്ടും പലരും ലിസ്റ്റിൽ ഉൾപ്പെടാതെവന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

## തദ്ദേശ സ്ഥാപനങ്ങളിൽ സോഫ്റ്റ്‌വെയർ സംവിധാനം

377 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്ഥാപനങ്ങളിൽ മരാമത്ത് പ്രവൃത്തി നിർവഹണത്തിന്റെ ഭാഗമായി മാനുവൽ ആയി വരയ്ക്കുന്ന രീതി മാറ്റി പകരം സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നത് പരിഗണനയിലുണ്ടോ എന്നറിയിക്കാമോ;

(ബി) ഇത്തരം സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിന് ജീവനക്കാർക്ക് പരിശീലനം നൽകി, കൂടുതൽ മെച്ചപ്പെട്ട രീതിയിൽ പദ്ധതി നിർവ്വഹണം നടത്തുന്നതിനു സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി കെട്ടിടങ്ങളുടെ രൂപകൽപ്പന ചെയ്യുന്നതിനുള്ള സോഫ്റ്റ്‌വെയർ ഏർപ്പെടുത്തുന്നതിനു പദ്ധതിയുണ്ടോ എന്നറിയിക്കാമോ?

## പഞ്ചായത്ത് ആസ്തി രജിസ്റ്ററുകൾ ശുദ്ധീകരിക്കാൻ നടപടി

378 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകൾ, കെട്ടിടങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന ആസ്തി രജിസ്റ്റർ പൂർണമായും ഡിജിറ്റൈസ് ചെയ്യുന്നതിനും ആവർത്തനം ഇല്ലാതാക്കുന്നതിനും കർമ്മ പദ്ധതി രൂപീകരിക്കുമോ;

(ബി) പഞ്ചായത്ത് പദ്ധതികളിൽപ്പെടുത്തി നവീകരിക്കുന്നതോ പുതിയതായി നിർമ്മിക്കുന്നതോ ആയ റോഡുകൾ, കെട്ടിടങ്ങൾ എന്നിവയുടെ പരിപാലന കാലാവധി, കരാറുകാരുടെ വിവരങ്ങൾ എന്നിവ പൊതുമരാമത്ത് വകുപ്പിന്റെ മാതൃകയിൽ പരസ്യപ്പെടുത്തുന്ന ബോർഡുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാമോ;

(സി) നിലവിൽ പൂർത്തിയാക്കിയിട്ടുള്ള റോഡുകൾക്ക് പഞ്ചായത്ത് ആസ്തിപ്രകാരമുള്ള സൂചനാ ബോർഡുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

## വേസ്റ്റ് ടു എനർജി പ്ലാന്റ്

379 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ ബ്രഹ്മപുരത്തു സ്ഥാപിക്കുന്ന വേസ്റ്റ് ടു എനർജി പ്ലാന്റ്

പൂർത്തീകരിക്കുമ്പോൾ ഒരു ടൺ മാലിന്യം സംസ്കരിക്കുന്നതിന് എത്ര രൂപ ചെലവ് വരും; വിശദമാക്കാമോ;

(ബി) സംസ്കരണത്തിനു ശേഷം ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിക്ക് യൂണിറ്റിന് എത്ര രൂപ ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മിഷൻ അനുവദിക്കും; വ്യക്തമാക്കാമോ;

(സി) അപ്രകാരം ലഭിക്കുകയാണെങ്കിൽ നഗരസഭ, കമ്പനിക്ക് കൊടുക്കേണ്ട ടിപ്പിങ് ഫീസ് ഇനത്തിൽ കുറവ് വരുത്തുമോ; വിശദമാക്കാമോ?

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഇലക്ട്രിക്കൽ മെക്കാനിക്കൽ വിഭാഗങ്ങൾ

380 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഇലക്ട്രിക്കൽ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന്റെ ഭാഗമായി ജില്ലാ തലത്തിൽ ഒരു സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രവൃത്തികളുടെ ബാഹുല്യം കാരണം ടി സംവിധാനം അപര്യാപ്തമാകുന്ന സ്ഥിതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയതു പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ ആണ് സ്വീകരിക്കുന്നത് എന്നറിയിക്കാമോ;

(സി) ചില തദ്ദേശസ്ഥാപനങ്ങളിൽ വാഹനങ്ങളുമായി ബന്ധപ്പെട്ട ഫയലുകൾ, സിവിൽ എഞ്ചിനീയറിംഗ് യോഗ്യതയുള്ള ഉദ്യോഗസ്ഥർ ആണ് പ്രധാനമായും കൈകാര്യം ചെയ്യുന്നത് എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) തദ്ദേശസ്ഥാപനങ്ങളിൽ വാഹന സംബന്ധമായ ഫയലുകൾ തീർപ്പാക്കുന്നതിനായി മെക്കാനിക്കൽ യോഗ്യതയുള്ള ഉദ്യോഗസ്ഥർ ഉൾപ്പെട്ട സംവിധാനം ഏർപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ എന്നറിയിക്കാമോ?

## മണികണ്ഠൻചാൽ-വെള്ളാരമറ്റം റോഡ് നിർമ്മാണം

381 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ വരുന്ന റോഡുകളിൽ കോതമംഗലം മണ്ഡലത്തിൽ നിന്നുള്ള മണികണ്ഠൻചാൽ- വെള്ളാരമറ്റം റോഡ് ഉൾപ്പെട്ടിട്ടുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണ ചുമതല ആർക്കാണ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത റോഡ് നിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത റോഡ് നിർമ്മാണപ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തി വേഗത്തിൽ ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രവൃത്തികൾ

382 **ശ്രീ. ഇ കെ വിജയൻ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാൻ മന്ത്രി ഗ്രാം സഡക് യോജന, റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ്, ചീഫ് മിനിസ്റ്റേഴ്സ് ലോക്കൽ റോഡ് റീ ബിൽഡ് പ്രോജക്റ്റ്, കിഫ്ബി എന്നിവ മുഖേന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കി വരുന്ന പ്രവൃത്തികളിൽ വിവിധ തലങ്ങളിലായി ഗുണനിലവാര പരിശോധനാ സംവിധാനം ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ആർ.കെ.ഐ., പി.എം.ജി.എസ്.വൈ. സ്കീമുകളിൽപ്പെട്ട നിർമ്മിതികൾക്ക് ഡിഫക്റ്റ് ലയബിലിറ്റി പിരീഡ് അനുസരിച്ച് അറ്റകുറ്റപണികളും പോരായ്മകളും പരിഹരിച്ച് നൽകുന്നതിന് കരാറുകാരനെ ബാധ്യതപ്പെടുത്തുന്നുണ്ടോ; വിശദമാക്കാമോ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ റോഡുകളുടെ സുരക്ഷയും ഗുണമേൻമയും ഉറപ്പുവരുത്തുന്നതിനായി റോഡ് ആസ്തികളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിന്റെ ഭാഗമായി റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ ;

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള മരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി കൂടുതൽ റീജിയണൽ ലബോറട്ടറികൾ സജ്ജീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## ഒറ്റപ്പാലം സ്റ്റേഡിയം നിർമ്മാണം

383 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 ബജറ്റ് എസ്റ്റിമേറ്റ് - അനുബന്ധം II മരാമത്ത് പണികളിൽ 20% തുക വകയിരുത്തിയിട്ടുള്ള ഒറ്റപ്പാലം സ്റ്റേഡിയം നിർമ്മാണം എന്ന പ്രവൃത്തിയുടെ നിർവ്വഹണ ചുമതല തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും മാറ്റി കായിക വകുപ്പിന് നൽകുന്നതുമായി ബന്ധപ്പെട്ട ഫയൽ (അനൗദ്യോഗിക കുറിപ്പ്) എന്നാണ് ധനകാര്യ വകുപ്പിൽ നിന്നും തദ്ദേശസ്വയംഭരണ വകുപ്പിന് ലഭിച്ചത്;

(ബി) ഇതുമായി ബന്ധപ്പെട്ട ഫയൽ നമ്പർ ഏതാണ്; ഇപ്പോൾ അത് ഏത് ഘട്ടത്തിലാണ് ഉള്ളത്;

(സി) എന്തുകൊണ്ടാണ് ഇത്തരത്തിലുള്ള ഫയലുകളിൽ തീരുമാനം ഇത്രയും വൈകുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കെട്ടിട നിർമ്മാണ അനുമതിക്കായുള്ള സോഫ്റ്റ്‌വെയർ

384 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്ഥാപനങ്ങളിലെ കെട്ടിട നിർമ്മാണ അപേക്ഷകൾ തീർപ്പാക്കുന്നതിനായി ഏത് സോഫ്റ്റ്‌വെയർ ആണ് ഉപയോഗിക്കുന്നത്;

(ബി) ഇതിനായി സങ്കേതം എന്ന സോഫ്റ്റ്‌വെയർ നിലവിൽ ഉപയോഗിക്കുന്നുണ്ടോ;

(സി) സോഫ്റ്റ്‌വെയർ വഴി അനുമതി നൽകുന്ന അപേക്ഷകളുടെ അച്ചടിച്ച പകർപ്പും സമാന്തരമായി തയ്യാറാക്കേണ്ടതുണ്ടോ എന്നറിയിക്കാമോ; ഇത്തരത്തിൽ രണ്ട് വിധത്തിൽ ഒരു അപേക്ഷ കൈകാര്യം ചെയ്യുന്നതിന് ധാരാളം സമയം എടുക്കുന്നതിനാൽ ഓൺലൈൻ വഴി മാത്രം അപേക്ഷ തീർപ്പ് കൽപ്പിക്കുന്നത് ഉചിതമാകുമോ എന്നറിയിക്കാമോ;

(ഡി) കെട്ടിട നിർമ്മാണ അപേക്ഷകൾ തീർപ്പാക്കുന്നതിനു എല്ലാ തദ്ദേശസ്ഥാപനങ്ങൾക്കും ഒരു സോഫ്റ്റ്‌വെയർ മാത്രം ഉപയോഗിക്കുന്നതിന് നിർദ്ദേശങ്ങൾ നൽകുന്നുണ്ടോ എന്നറിയിക്കാമോ?

## <u>ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി</u>

385 **ശ്രീ ഐ ബി സതീഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന്റെ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയ്ക്ക് ഭൂമിയുടെ ഉടമസ്ഥത തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേരിൽ ആകണമെന്ന് നിർബന്ധമുണ്ടോ; മിക്കവാറും ടൂറിസം സ്പോട്ടുകൾ റവന്യൂ, ഇറിഗേഷൻ പുറമ്പോക്കുകൾ ആയതിനാൽ അവയുടെ എൻ.ഒ.സി. ലഭ്യമാക്കിയാൽ മതിയാകുമോ; വിശദാംശം ലഭ്യമാക്കാമോ?

## <u>പഞ്ചായത്ത് വകുപ്പിലെ വിജിലൻസ് ഓഫീസറുടെ ചുമതലകൾ</u>

386 **ശ്രീ. യു.എ.ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിൽ വിജിലൻസ് ഓഫീസറുടെ ചുമതല വഹിക്കുന്ന അഡീഷണൽ ഡയറക്ടർക്ക് എന്തൊക്കെ ചുമതലകളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഉദ്യോഗസ്ഥൻ കഴിഞ്ഞ ആറുമാസം ജില്ല വിട്ട് ഏതൊക്കെ ജില്ലകളിലാണ് ഔദ്യോഗിക ആവശ്യാർഥം പോയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) 2021 ജനുവരി മുതൽ നാളിത് വരെ എത്ര രൂപ ഓരോ മാസവും യാത്രപ്പടി ഇനത്തിൽ ഈ ഉദ്യോഗസ്ഥൻ കൈപ്പറ്റിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഡി) ജനപ്രതിനിധികളും മറ്റും വിവിധ ആവശ്യങ്ങൾക്കായി ഓഫീസിൽ എത്തുമ്പോൾ, ഈ ഉദ്യോഗസ്ഥൻ ദിവസങ്ങൾ നീളുന്ന ടൂറിലാണെന്ന് പറയുന്നതായ പരാതി അന്വേഷിക്കുമോ;

(ഇ) ഈ ഉദ്യോഗസ്ഥന്റെ ചുമതലയിലുള്ള ഓരോ സെക്ഷനിലും എത്ര ഫയലുകൾ പെൻഡിങ്ങുണ്ടെന്ന് വർഷം, സെക്ഷൻ തിരിച്ച് വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത സെക്ഷനിൽ ദീർഘനാൾ ഫയൽ പെൻഡിങ്ങാകുന്ന കാരണത്താൽ പെൻഷനും ആനുകൂല്യങ്ങളും യഥാസമയം ലഭ്യമാകാതെ വരുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രശ്നം പരിഹരിക്കുമോ;

(ജി) പഞ്ചായത്ത് പ്രസിഡന്റ്മാരും മറ്റും വിളിച്ചാൽ അഡിഷണൽ ഡയറക്ടർ ഫോൺ എടുക്കാറില്ലെന്ന ദീർഘനാളായുള്ള പരാതി പരിഹരിക്കുന്നതിന് എന്ത്

നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഓൺലൈൻ നികുതി പിരിവ്</u>**

387 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നികുതി പിരിവ് ഓൺലൈൻ ആക്കിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് 100% നികുതി പിരിക്കുന്ന എത്ര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ?

**<u>കൊച്ചി സുസ്ഥിര നഗര പുനർ നിർമാണ പദ്ധതി</u>**

388 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി സുസ്ഥിര നഗര പുനർനിർമാണ പദ്ധതി എന്താണ് എന്ന് വിശദീകരിക്കുമോ;

(ബി) എത്ര ഏക്കർ സ്ഥലത്താണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; ഈ പദ്ധതിക്ക് വേണ്ടി കായൽ നികത്തി കരയാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(സി) പുനർക്രമീകരിക്കുന്ന ഭൂമി എന്ത് ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) എത്ര കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഈ കുടിയൊഴിപ്പിക്കുന്നവരെ എങ്ങനെ എവിടെ പുനരധിവസിപ്പിക്കുമെന്ന തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) ഈ പദ്ധതി സർക്കാർ നേരിട്ടാണോ അതോ ഏതെങ്കിലും ഏജൻസി മുഖേനയാണോ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(എഫ്) കൊച്ചി സുസ്ഥിര നഗര പുനർനിർമാണ പദ്ധതിയുമായി ബന്ധപ്പെട്ട് മുളവുകാട് പ്രദേശത്തെ എം.എൽ.എ.യുമായോ മറൈൻ ഡ്രൈവ്, വടുതല-പച്ചാളം പ്രദേശത്തെ എം.എൽ.എ.യുമായോ പ്രസ്തുത പ്രദേശത്തെ എം.പി.യുമായോ എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**<u>നഗരസഭകളിലെയും കോർപ്പറേഷനുകളിലെയും ആശ്രിത നിയമനം</u>**

389 **ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകളിലും കോർപ്പറേഷനുകളിലും മിനിസ്റ്റീരിയൽ വിഭാഗത്തിൽ ആശ്രിത നിയമനം വഴി ജോലി ലഭിച്ച എത്ര ശതമാനം പേർ ഉണ്ടെന്ന് വിശദമാക്കാമോ;

(ബി) നഗരസഭകളിലും കോർപ്പറേഷനുകളിലും അഞ്ച് ശതമാനത്തിലധികം ആശ്രിത നിയമനം നടന്നത് പുനഃക്രമീകരിക്കുന്നതിന് ഏതെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ;

(സി) നഗരസഭകളിലും കോർപ്പറേഷനുകളിലും അഞ്ച് ശതമാനത്തിലധികം ആശ്രിത നിയമനം നടന്നത് പുനഃക്രമീകരിക്കുന്നതിന് ട്രിബ്യൂണലിൽ നിന്നോ കോടതികളിൽ നിന്നോ ഉത്തരവ് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>നഗരസഭകളിൽ അക്കൗണ്ടന്റ് തസ്തികകൾ</u>**

390 **ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകളിൽ പഞ്ചായത്തുകളിലേതിന് സമാനമായി അസിസ്റ്റന്റ് സെക്രട്ടറി, അക്കൗണ്ടന്റ് തസ്തികകൾ സൃഷ്ടിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ;

(ബി) നഗരസഭകളിൽ അക്കൗണ്ടന്റ് തസ്തികകൾ സൃഷ്ടിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിൽ നഗരകാര്യവകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) നഗരസഭകളിൽ അക്കൗണ്ടന്റ് തസ്തികകൾ സൃഷ്ടിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് റദ്ദ് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>നഗരസഭകളിൽ ജീവനക്കാർക്ക് പ്രമോഷൻ ലഭിക്കുന്നതിനുള്ള കാലതാമസം</u>**

391 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗരസഭകളിൽ ഉണ്ടായിരിക്കുന്ന സീനിയോറിറ്റി പ്രശ്നം പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ;

(ബി) സീനിയോറിറ്റി പ്രശ്നം പരിഹരിക്കാത്തതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉണ്ടായിരിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ സർക്കാർ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) നഗരസഭാ ജീവനക്കാരെ സ്പാർക്കുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ആയതിൽ ഉണ്ടായിരിക്കുന്ന തടസ്സങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ;

(ഡി) നഗരസഭകളിലെ സീനിയർ ക്ലർക്ക് തസ്തികയിലേക്കുള്ള നിയമനത്തിനുള്ള ലിസ്റ്റ് എന്നു പ്രസിദ്ധീകരിക്കും എന്ന് വ്യക്തമാക്കാമോ; ഇതുമൂലം ജീവനക്കാർക്കുണ്ടാകുന്ന സാമ്പത്തികവും അതുപോലെതന്നെ സർവീസ് സംബന്ധവുമായ നഷ്ടം എങ്ങനെ പരിഹരിക്കും എന്ന് വ്യക്തമാക്കാമോ;

(ഇ) നഗരസഭകളിലെ റവന്യൂ ഇൻസ്പെക്ടർ തസ്തികയിലേക്കുള്ള പ്രമോഷൻ വൈകുന്നതിനുള്ള കാരണം വിശദീകരിക്കാമോ; ജൂലൈ 31 വരെ ഈ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; പ്രമോഷൻ ഉത്തരവ് എന്നേക്ക് പുറത്തിറങ്ങും എന്ന് വ്യക്തമാക്കാമോ;

(എഫ്) ഓഗസ്റ്റ് മാസത്തിൽ റവന്യൂ ഇൻസ്പെക്ടർ മുതൽ മുകളിലുള്ള തസ്തികകളിൽ ഉണ്ടായിരിക്കുന്ന റിട്ടയർമെൻറ് എത്രയെന്ന് വ്യക്തമാക്കാമോ; നഗരസഭകളിൽ പ്രമോഷൻ ഉണ്ടായാലും റിട്ടയർമെൻറ് ഉണ്ടായാലും വേക്കൻസി റിപ്പോർട്ട് ചെയ്യാതെ ഇത്തരം തസ്തികകൾ മാസങ്ങളായി ഒഴിഞ്ഞുകിടക്കുന്നത്, നഗരസഭകളെയും അതുപോലെതന്നെ ജീവനക്കാരെയും ഒരുപോലെ

ബാധിക്കുന്നതിനാൽ എന്ത് പരിഹാര നിർദ്ദേശമാണ് നൽകുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ജി) നഗരസഭകളിൽ അതാതു മാസങ്ങളിൽ ഉണ്ടാകുന്ന ഒഴിവുകൾ അതാതു മാസം തന്നെ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിൽ എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ട് ഉണ്ടോ എന്ന് വ്യക്തമാക്കാമോ; ഇതുമൂലം ജീവനക്കാർക്കും അതുപോലെതന്നെ നഗരസഭയ്ക്കുമുണ്ടാകുന്ന സേവന, സാമ്പത്തിക നഷ്ടം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

**കോതമംഗലത്ത് വികസന പരിശീലന കേന്ദ്രം**

392 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിന്റെ ഒരു വികസന പരിശീലന കേന്ദ്രം കോതമംഗലത്ത് ആരംഭിക്കണം എന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വികസന പരിശീലന കേന്ദ്രം കോതമംഗലത്ത് ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പരിശീലന കേന്ദ്രത്തിന് ആവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഗ്രാമവികസന വകുപ്പിന്റെ പരിശീലന കേന്ദ്രം കോതമംഗലം മണ്ഡലത്തിൽ ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**അരുവിക്കര നിയോജകമണ്ഡലത്തിലെ നബാർഡ് പദ്ധതികൾ**

393 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിൽ നബാർഡ് പദ്ധതി പ്രകാരം 2016 മുതൽ നാളിതുവരെ നടപ്പിലാക്കിയതും, ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതുമായ വിവിധ പദ്ധതികളുടെ ഫണ്ട് വിവരങ്ങൾ, പദ്ധതിയുടെ പേര്, നിലവിലെ പ്രവർത്തനപുരോഗതി തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ തരംതിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളോടൊപ്പം മറ്റേതെങ്കിലും ഫണ്ടുകൾ കൂടി സംയോജിപ്പിച്ചിട്ടുണ്ടെങ്കിൽ ആ വിവരങ്ങളും വിശദമാക്കാമോ?

**ഒറ്റപ്പാലം നഗരസഭയിൽ ഒരു സാംസ്കാരിക നിലയം**

394 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നഗരസഭയിൽ ഒരു സാംസ്കാരിക നിലയം നിർമ്മിക്കുന്നതിനായി സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തി അഞ്ച് കോടി മുപ്പത്തെട്ട് ലക്ഷത്തി എഴുപതിനായിരത്തി നൂറ്റി പതിനെട്ട് രൂപ (₹ 5,38,70,118/-) അനുവദിച്ച പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ടോ;

(ബി) സാങ്കേതികാനുമതി ലഭിച്ചിട്ടില്ലെങ്കിൽ ഇപ്പോൾ അത് ഏത് ഘട്ടത്തിലാണുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ഉമ്പായി സ്മാരക മ്യൂസിക് അക്കാഡമി കെട്ടിട നിർമ്മാണം

395 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഗ്രാന്റ് അനുവദിച്ച, കുന്ദമംഗലം മണ്ഡലത്തിലെ ഉമ്പായി സ്മാരക മ്യൂസിക് അക്കാഡമി കെട്ടിടത്തിന്റെ നിർമ്മാണത്തിന് ഇതുവരെയും പ്ലാൻ അംഗീകരിച്ചുകിട്ടിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടൗൺ പ്ലാനിംഗ് അനുമതി താമസിക്കുന്നതിന് ഇടയാക്കിയ കാരണമെന്താണെന്ന് വിശദമാക്കാമോ;

(സി) പ്ലാൻ അംഗീകരിച്ച് നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്താൻ നിർദ്ദേശം നൽകാമോ?

## മഞ്ഞോടി ഷോപ്പിംഗ് കോംപ്ലക്സ്

396 **ശ്രീ. എ.എൻ.ഷംസീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജക മണ്ഡലത്തിലെ മഞ്ഞോടി ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നത് സംബന്ധിച്ച പ്രവൃത്തിയുടെ സാങ്കേതികാനുമതി ലഭ്യമായോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതിക അനുമതി അടിയന്തരമായി ലഭ്യമാക്കി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## വർക്കല മണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണം

397 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ നിന്നും ഫണ്ട് അനുവദിച്ചിട്ടുള്ളതും കിലയെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുള്ളതുമായ വർക്കല മണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണത്തിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള കാലതാമസം പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കാമോ?

## മയക്കുമരുന്ന് ഭീഷണി നേരിടാൻ നടപടി

398 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കെ ബി ഗണേഷ് കുമാർ**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന മയക്കുമരുന്ന് ഭീഷണി

നേരിടാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) സ്കൂൾ, കോളേജ് തലങ്ങളിൽ വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് ഉപയോഗത്തിനെതിരെ വ്യാപകമായ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് അറിയിക്കാമോ;

(സി) മയക്കുമരുന്നിന്റെ ഉപയോഗവും വിതരണവും തടയുന്നതിന് വിപുലമായ സംവിധാനം ഏർപ്പെടുത്താൻ ഒരു കർമ്മ പദ്ധതി നടപ്പാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## ഓണക്കാലത്തെ ലഹരി കടത്ത് തടയൽ

399 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണക്കാലം മുൻനിർത്തി വ്യാജവാറ്റും അതിർത്തി വഴിയുള്ള ലഹരി കടത്തും തടയുന്നതിന് എക്സൈസ് വകുപ്പ് വയനാട് ജില്ലയിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

## എക്സൈസ് വകുപ്പിലെ ഗ്രേഡ് പ്രമോഷൻ

400 **ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിലെ പ്രിവന്റീവ് ഓഫീസർ, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ, എക്സൈസ് ഇൻസ്പെക്ടർ എന്നീ കേഡറുകളിലെ ഗ്രേഡ് പ്രമോഷൻ കാലയളവ് എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവ് മാറ്റാൻ ആലോചനയുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) പ്രൊമോഷൻ അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) എത്രവർഷം സേവനം ഉള്ള ഉദ്യോഗസ്ഥർക്കാണ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേക്ക് പ്രൊമോഷൻ ലഭിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഇ) 20 വർഷത്തിന് താഴെ സേവനം ഉള്ള ഉദ്യോഗസ്ഥർ എൻട്രി തസ്തികയിൽ തന്നെ വിരമിക്കുന്ന സ്ഥിതി വിശേഷം നിലവിലുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(എഫ്) നിലവിലുള്ള ഗ്രേഡ് പ്രൊമോഷൻ കാലയളവ് കുറയ്ക്കുന്ന പക്ഷം കൂടുതൽ ഉദ്യോഗസ്ഥർക്ക് ഗ്രേഡ് പ്രൊമോഷൻ ലഭിക്കുമെന്നതിനാൽ എക്സൈസ് വകുപ്പിലെ പ്രിവന്റീവ് ഓഫീസർ, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ എന്നീ കേഡറുകളിലെ ഗ്രേഡ് പ്രൊമോഷൻ കാലയളവിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ജി) ഇത്തരത്തിൽ ഗ്രേഡ് പ്രൊമോഷൻ അനുവദിക്കുന്നതിലൂടെ സാമ്പത്തിക ബാധ്യത ഉണ്ടാകുമോ എന്ന് വ്യക്തമാക്കാമോ?

## കള്ള് വ്യവസായം

401 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കള്ള് വ്യവസായത്തിൽ സുതാര്യത ഉറപ്പ് വരുത്തുന്നതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ട്രാക്ക് & ട്രേയ്സ് സംവിധാനത്തിന്റെ പ്രത്യേകതകൾ വിശദമാക്കാമോ;

(ബി) ഉത്പാദനത്തിനും വ്യവസായത്തിനും ഇത് മൂലം ഉണ്ടാകുന്ന നേട്ടങ്ങൾ എന്താണെന്ന് അറിയിക്കാമോ?

**<u>വ്യാജമദ്യം, മയക്കുമരുന്ന്എന്നിവയുടെ വിപണനം തടയുവാൻ നടപടി</u>**

402 **ശ്രീ വി ജോയി**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജമദ്യം, മയക്കുമരുന്ന് എന്നിവയുടെ വിപണനം തടയുന്നതിനായി സർക്കാർ സ്വീകരിച്ചുവരുന്ന ഊർജ്ജിത പ്രവർത്തനങ്ങൾക്ക പുറമെ ഓണക്കാലം പ്രമാണിച്ച് നടത്തുവാൻ തീരുമാനിച്ചിട്ടുള്ള സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവ് പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഇക്കാലയളവിൽ അന്തർ സംസ്ഥാന മദ്യ, മയക്കുമരുന്ന് കടത്ത് തടയുന്നതിനായി നടത്തുന്ന പ്രത്യേക പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് മറ്റു ജില്ലകളിലേക്ക് കൊണ്ടു പോകുന്ന കള്ളിന്റെ അളവും ഗുണനിലവാരവും പരിശോധിക്കുന്നതിനും ഇതിൽ മായം ചേർക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനുമായി നടത്തുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ?

**<u>ലഹരി മരുന്നു വിൽപ്പന</u>**

403 **ശ്രീ . സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ 1 മുതൽ നാളിതുവരെ സംസ്ഥാനത്ത് ലഹരി മരുന്നു വിൽപ്പനയുമായി ബന്ധപ്പെട്ട എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതിൽ എത്ര കേസുകളിൽ നാളിതുവരെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്; എത്ര കേസുകളിൽ പ്രതികളെ ശിക്ഷിച്ചിട്ടുണ്ട്; അറിയിക്കാമോ;

(ബി) എത്ര കേസുകളിൽ തെളിവില്ല എന്ന് കണ്ടെത്തി പ്രതികളെ വിട്ടയച്ചിട്ടുണ്ട്; പ്രായപൂർത്തിയാകാത്തവർ ലഹരി മരുന്നു വിൽപ്പനയ്ക്ക് പിടിക്കപ്പെട്ട എത്ര കേസുകൾ ഉണ്ട്; ഇത്തരക്കാർക്ക് എന്ത് ശിക്ഷാനടപടിയാണ് നൽകാറുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) 2016 ജൂൺ 1 മുതൽ നാളിതുവരെ സംസ്ഥാനത്ത് ഏതെങ്കിലും സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ലഹരി പിടിച്ചെടുത്ത സംഭവം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

ഉണ്ടെങ്കിൽ ഇപ്രകാരമുള്ള എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; മേൽപ്പറഞ്ഞ കേസുകളിൽ ഉൾപ്പെട്ട കുട്ടികളുടെ കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

**വിദ്യാലയങ്ങളിലെ ലഹരി വിരുദ്ധ ക്യാമ്പ്**

404 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികൾക്കിടയിൽ വർദ്ധിച്ചുവരുന്ന ലഹരി വസ്തുക്കളുടെ ഉപയോഗം ഇല്ലാതാക്കുന്നതിനായി വിദ്യാലയങ്ങളിൽ ലഹരി വിരുദ്ധ ക്യാമ്പുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**ഇതര സംസ്ഥാന തൊഴിലാളികളുടെ വരവും ലഹരി ഉപയോഗത്തിലെ വർദ്ധനവും**

405 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികളുടെ വരവ് വർദ്ധിച്ചതിന് ശേഷം സംസ്ഥാനത്ത് മയക്കുമരുന്നിന്റെയും മറ്റ് ലഹരി വസ്തുക്കളുടെയും ഉപയോഗം വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മയക്കുമരുന്നിന്റെയും മറ്റ് ലഹരി വസ്തുക്കളുടെയും ഉപയോഗവുമായി ബന്ധപ്പെട്ട് ഇതര സംസ്ഥാന തൊഴിലാളികളുടെ പേരിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ?

**ലഹരിവസ്തുക്കൾ കൈവശംവച്ചവർക്കെതിരെ നടപടി**

406 **ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ 1 മുതൽ നാളിതുവരെ സംസ്ഥാനത്തെ ഏതെങ്കിലും സർക്കാർ/ എയ്ഡഡ് സ്കൂളുകളിലെ അധ്യാപകരെ മദ്യം വാറ്റിയതിനോ ലഹരിവസ്തുക്കൾ കൈവശം വച്ചതിനോ എക്സൈസ് കസ്റ്റഡിയിലെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരത്തിലുള്ള എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും പ്രസ്തുത വ്യക്തികൾക്കെതിരെ എന്തൊക്കെ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) ഇത്തരം അധ്യാപകരെ സർവീസിൽ നിന്നും ഒഴിവാക്കി സർവീസ് ചട്ടപ്രകാരമുള്ള ശിക്ഷാ നടപടികൾക്ക് വിധേയരാക്കുന്നതിന് പ്രസ്തുത കേസുകൾ സംബന്ധിച്ച റിപ്പോർട്ട് വിദ്യാഭ്യാസ വകുപ്പിന് നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

**ലഹരി ഉപയോഗം കുറയ്ക്കുവാൻ നടപടി**

407 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കുമിടയിൽ കഞ്ചാവിന്റെയും മയക്കുമരുന്നുകളുടെയും ഉപയോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇതിനെ

പ്രതിരോധിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) വകുപ്പ് തലത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ കൂടാതെ പ്രാദേശികമായി ജനകീയ പങ്കാളിത്തത്തോടെ വിദ്യാർത്ഥി സംഘടനകളുടെയും യുവജനസംഘങ്ങളുടെയും സന്നദ്ധ രാഷ്ട്രീയ പാർട്ടികളുടെയും സഹകരണത്തോടെ ബോധവൽക്കരണവും പ്രതിരോധ പ്രവർത്തനങ്ങളും നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## കുട്ടികളിലെ ലഹരി ഉപയോഗം

408 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികളിൽ ലഹരി വസ്തുക്കളുടെ ഉപയോഗം വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുട്ടികൾ ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് 2022 ജനുവരി മുതൽ ജൂലൈ വരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കുട്ടികളിൽ ലഹരി വസ്തുക്കളുടെ ഉപയോഗം കുറയ്ക്കുന്നതിനായി നിലവിൽ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

## എക്സൈസ് കോംപ്ലക്സിന്റെ നിർമ്മാണം

409 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര തഴക്കരയിൽ നിർമ്മിക്കുന്ന എക്സൈസ് കോംപ്ലക്സിന്റെ രണ്ടാംഘട്ടം നിർമ്മാണത്തിനാവശ്യമായ തുക അനുവദിക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## മക്ഡവൽ മദ്യനിർമ്മാണ ഫാക്ടറി

410 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ചേർത്തലയിൽ മക്ഡവൽ മദ്യനിർമ്മാണ ഫാക്ടറിക്കായി എത്ര ഭൂമിയാണ് സർക്കാർ നൽകിയിട്ടുള്ളത്; വെളിപ്പെടുത്തുമോ;

(ബി) എത്ര വർഷത്തേക്ക്, എന്തൊക്കെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ആണ് ഭൂമി നൽകിയിട്ടുള്ളത്; അറിയിക്കുമോ;

(സി) ഈ ഭൂമിയുടെ പാട്ടത്തുക എത്രയാണ്; പാട്ടത്തുക കുടിശ്ശിക ആയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഫാക്ടറി പ്രവർത്തിക്കാത്ത സ്ഥിതിയിൽ എത്തിയിട്ട് എത്ര കാലമായി; അറിയിക്കാമോ;

(ഇ) പ്രവർത്തനം നിലച്ച സാഹചര്യത്തിൽ ഫാക്ടറി സർക്കാർ ഏറ്റെടുത്ത് പ്രവർത്തിപ്പിക്കാൻ കഴിയില്ലേ; ഇതിനായി എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## <u>ലഹരി ഉത്പന്നങ്ങളുടെ വിപണന ശൃംഖല കണ്ടെത്താനും തടയുന്നതിനുമുള്ള നടപടി</u>

411 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി ഉത്പന്നങ്ങളുടെ വിപണന ശൃംഖല കണ്ടെത്തുന്നതിനും തടയുന്നതിനും സ്വീകരിച്ച നടപടികളുടെ ഫലമായി ലഹരി ഉത്പന്നങ്ങളുടെ വിപണന ശൃംഖലകളുടെ ഉറവിടങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

അംഗീകരിച്ച തീയതി: 15-08-2022
എ എം ബഷീർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].